# ജീവമൊഴികൾ

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

വാല്യം 7 – ലക്കം 7 | ജൂലൈ 2009 | Rs. 7.00



**വിശ്വാസിയും പണവും**
വാച്ച്മാൻ നീ

**കുരിശും കഠാരയും**
ഡേവിഡ് വിൽക്കേഴ്സൺ

**ശുശ്രൂഷയുടെ പിന്നിലെ മനോഭാവം**
സാക് പുന്നൻ

**മാതാപിതാക്കളും മക്കളും**
ജോസ് മാത്യു

## ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6: 68)

വാല്യം 7 ജൂലൈ 2009 ലക്കം 7


### എഡിറ്റോറിയൽ ബോർഡ്

**ജോജി ടി. സാമുവൽ** (കോട്ടയം)
**ജോസ് മാത്യു** (തിരുവനന്തപുരം)
**മാത്യു ജോർജ്** (തിരുവല്ല)
**ബോബി ചെറിയാൻ** (റാന്നി)
**സാജു ജോസഫ്** (ആലപ്പുഴ)

**മാനേജർ**
**ജേക്കബ് മാത്യു** (കായംകുളം)
ഫോൺ: 0479-2472643 (Res.)


'മാസിക കിട്ടിയില്ല' തുടങ്ങിയ സർക്കുലേഷൻ സംബന്ധമായ പരാതികൾക്കു താഴെ ചേർക്കുന്ന നമ്പറുകളിൽ ഏതുസമയത്തും ബന്ധപ്പെടാവുന്നതാണ്:
9495234087/9249516234

### വാർഷികവരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :


**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരള - 686 016, ഫോൺ: 0481-2392753,
e-mail : jeevamozhikal@gmail.com
www.jeevamozhikal.org


മൂന്നുവർഷം വരെയുള്ള വരിസംഖ്യ ഒന്നിച്ചടയ്ക്കാവുന്നതാണ്.

### വിദേശപ്രതിനിധികൾ


**യു. എസ്. എ**
ബിനോയി ജയിംസ്
ഫോൺ : 512990-2808 (R)
512826-5028 (O)
E-mail: benoyjames@hotmail.com

**ദുബായ്**
(ഫ്രാൻസിസ് ജോൺ (റജി)
E-mail: francis.reji@gmail.com


## മൊഴി മുത്ത്



### യഥാർത്ഥസന്തോഷം

ഒരു അമ്മ ഒരിക്കൽ പൂന്തോട്ടത്തിലെ ചെടികൾക്കു പിന്നിൽ മറഞ്ഞിരുന്നു. അമ്മയുടെ കുഞ്ഞുമകനാകട്ടെ അമ്മയെ തെരഞ്ഞ് പൂന്തോട്ടത്തിലൂടെ ഇലങ്ങും വിലങ്ങും നടക്കുവാൻ തുടങ്ങി. പൂന്തോട്ടത്തിൽ മുഴുവൻ ചുറ്റി നടന്നിട്ടും അമ്മയെ കാണാഞ്ഞ് അവൻ കരയുവാൻ ആരംഭിച്ചു. വേലക്കാരൻ പറഞ്ഞു "ഈ മാവിലെ പഴുത്ത മാങ്ങകൾ കണ്ടോ? ഈ മനോഹരമായ പൂക്കൾ നോക്ക്. ഞാനിതെല്ലാം പറിച്ചുതരാം." പക്ഷെ കുഞ്ഞ് ഉറക്കെ നിലവിളിച്ചു "വേണ്ടാ, വേണ്ടാ എനിക്കെന്റെ അമ്മയെ മതി. അമ്മ തരുന്ന ഭക്ഷണമാ മാങ്ങായെക്കാൾ നല്ലത്. അമ്മയുടെ സ്നേഹമാ ഈ പൂക്കളെക്കാളെല്ലാം മനോഹരം." ചെടികൾക്കിടയിൽ മറഞ്ഞിരുന്ന അമ്മ അതു കേട്ട് ഓടിവന്ന് മകനെ വാരിപ്പുണർന്ന് ആശ്വസിപ്പിച്ചു. നിമിഷംകൊണ്ട് ആ പൂന്തോട്ടം അവനൊരു പറുദീസയായി. ഇതുപോലെയാണ് നമ്മുടെ സ്വർഗ്ഗീയപിതാവും പറയുന്നത്: "ഈ ലോകമാകുന്ന തോട്ടത്തിൽ മനോഹരവും ആകർഷകവുമായ പലതും ഉണ്ട്. എന്നാൽ എന്റെ കുഞ്ഞുങ്ങൾക്ക് എന്നിൽ മാത്രമേ യഥാർത്ഥസന്തോഷം ലഭ്യമാകയുള്ളൂ. ഞാൻ അവരുടെ ഇമ്മാനുവേൽ(ദൈവം നമ്മോടു കൂടെ) ആണ്. ഞാൻ എല്ലാ നാളും അവരോടുകൂടെയുണ്ട്. ഞാൻ എന്നെത്തന്നെ അവർക്കു വെളിപ്പെടുത്തും (യോഹ.14:21).

**സാധു സുന്ദർസിങ്**

എഡിറ്റോറിയൽ

# ശുശ്രൂഷയുടെ പിന്നിലെ പ്രേരണ



യഥാർത്ഥ ദൈവികശുശ്രൂഷയുടെ പിന്നിലെ പ്രേരണ എന്താണ്? അല്ലെങ്കിൽ എന്തായിരിക്കണം?

യോഹന്നാന്റെ സുവിശേഷം ഇരുപത്തിയൊന്നാം അദ്ധ്യായത്തിൽ യേശു പത്രോസിനെ മൂന്നുവട്ടം ഒരേ ശുശ്രൂഷയ്ക്കായി ആഹ്വാനം ചെയ്യുന്നുണ്ട്-എന്റെ കുഞ്ഞാടുകളെ മേയിക്ക(21:15), എന്റെ ആടുകളെ പാലിക്ക(21:16), എന്റെ ആടുകളെ മേയിക്ക(21:17). പക്ഷേ ശ്രദ്ധിച്ചോ? ഓരോ പ്രാവശ്യവും യേശു അവനെ ഈ ശുശ്രൂഷയ്ക്കായി വിളിക്കുന്നതിനു മുമ്പ് ഒരു കാര്യം ഉറപ്പു വരുത്തുന്നു-നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?(2:15), നീ എന്നെ സ്നേഹിക്കുന്നുവോ?(21:16), നിനക്ക് എന്നോടു പ്രിയം ഉണ്ടോ?(വാക്യം.17)

ഉവ്വ്, ശുശ്രൂഷയുടെ പിന്നിലെ മനോഭാവം അതായിരിക്കണം-സ്നേഹം.

നാം പറയും: 'ഞങ്ങൾക്ക് കർത്താവിനോടു സ്നേഹം ഉണ്ട്. സ്നേഹമുള്ളതുകൊണ്ടല്ലേ ഈ ശുശ്രൂഷകൾ എല്ലാം ചെയ്യുന്നത്?'

അതേ നാം ധാരാളം പ്രവൃത്തികൾ ചെയ്യുന്നുണ്ട് എന്നതു വാസ്തവം. പക്ഷേ അതെല്ലാം കറകളഞ്ഞ സ്നേഹത്തിൽ നിന്ന് ഉത്ഭവിക്കുന്നവയാണോ? ഈ കഥ കേൾക്കൂ.

ഒരു ഞായറാഴ്ച. ഒരു സഭാശുശ്രൂഷകനെ സംബന്ധിച്ചിടത്തോളം ഒട്ടേറെ തിരക്കുകളുള്ള ദിവസം. രാവിലെ സഭായോഗങ്ങൾ. ഉച്ചയ്ക്കുശേഷം സുവിശേഷീകരണപ്രവർത്തനങ്ങൾ, ഭവനസന്ദർശനങ്ങൾ, പരസ്യയോഗങ്ങൾ........സംതൃപ്തിയും സഭാജനങ്ങളുടെ അഭിനന്ദനങ്ങളും ലഭിച്ച ധാരാളം തിരക്കിട്ട പ്രവർത്തനങ്ങൾക്കുശേഷം ശുശ്രൂഷകൻ തന്റെ ചാരുകസേരയിൽ വന്നിരുന്നതേയുള്ളു. ക്ഷീണം മൂലം വേഗം കണ്ണുകൾ അടഞ്ഞുപോയി. ഉറക്കത്തിൽ അദ്ദേഹം ഒരു സ്വപ്നം കണ്ടു: ഒരു ദൈവദൂതൻ അടുത്തുവന്നുനില്ക്കുന്നു. സ്വപ്നത്തിൽ ദൈവദൂതൻ ചോദിക്കുന്നു: "നിനക്ക് യേശുവിനോട് എത്ര സ്നേഹമുണ്ട്?" ശുശ്രൂഷകൻ:"എന്താ സംശയം? നൂറു ശതമാനം"

ദൂതൻ:"ഞാനൊന്ന് പരിശോധിച്ചുനോക്കട്ടെ?"

ശുശ്രൂഷകൻ:"സമ്മതം."അദ്ദേഹം തന്റെ ഹൃദയം എടുത്തുദൂതനെ ഏൽപിച്ചു. ദൂതൻ ആ ഹൃദയത്തിന്റെ ഒരു കഷണം അടർത്തിയെടുത്ത് തന്റെ ക്രൂസിബിളിൽ ഇട്ടു ചൂടാക്കി ചില പരീക്ഷണങ്ങൾ നടത്തിയ ശേഷം പരിശോധനാറിപ്പോർട്ടു തയ്യാറാക്കി ശുശ്രൂഷകനെ ഏൽപിച്ചു. പിന്നെ അപ്രത്യക്ഷനായി. ശുശ്രൂഷകൻ ആ റിപ്പോർട്ട് ഇങ്ങനെ വായിച്ചു:

പ്രവർത്തനത്തിനു പിന്നിലെ പ്രേരണ

യാത്ര ചെയ്യുന്നതിലും സ്ഥലങ്ങൾ കാണുന്നതിലും ആളുകളെ പരിചയപ്പെടുന്നതിലുമുള്ള സന്തോഷം-30%

പ്രസംഗിക്കാൻ അവസരം ലഭിക്കുന്നതിലുള്ള താത്പര്യം-30%

ആളുകളുടെ ബഹുമാനം ലഭിക്കുന്നതിലുള്ള സംതൃപ്തി-15%

ആളുകൾ വന്ന് ഉപദേശം ചോദിക്കുന്നതിലുള്ള സന്തോഷം-10%

ആളുകളെ ഭരിക്കുന്നതിനും അവരുടെ മേൽ ആധിപത്യം സ്ഥാപിക്കുന്നതിനുമുള്ള ആഗ്രഹം-10%

യേശുവിനോടുള്ള സ്നേഹം -5%

കഥ ഇവിടെ അവസാനിക്കുന്നു; പക്ഷേ കാര്യം അവശേഷിക്കുന്നു.

ഈ പരിശോധനാറിപ്പോർട്ടിലൂടെ കടന്നുപോയശേഷം, ക്രിസ്തീയപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്ന എത്ര പേർക്കു നെഞ്ചത്തുകൈവച്ചുകൊണ്ട് പറയാൻ കഴിയും ഇതു തങ്ങളെ സംബന്ധിച്ചിടത്തോളം സത്യമല്ലെന്ന്?

യേശുവിനോടുള്ള സ്നേഹത്താൽമാത്രം പ്രേരിതരായി നടത്തുന്നുവെന്ന് നാം കരുതുന്ന പ്രവർത്തനങ്ങൾ വാസ്തവത്തിൽ എത്ര കലർപ്പുള്ളതാണ്! കറകളഞ്ഞ, സ്വയസ്നേഹത്തിന്റെ കലർപ്പില്ലാത്ത, ഒരു സ്നേഹത്തിലേക്ക് വരുവാൻ എന്താണ് നാം ചെയ്യേണ്ടത്? അതിനുള്ള മറുപടി യേശു പത്രോസിനോട് നടത്തിയ സംഭാഷണത്തിൽ അന്തർലീനമായുണ്ട്. യോഹന്നാന്റെ സുവിശേഷം ഇരുപത്തിയൊന്നാം അദ്ധ്യായത്തിലെ ആ രംഗം ഇങ്ങനെയാണ്. തിബര്യാസ് കടൽത്തീരം. യാക്കോബ്,യോഹന്നാൻ, തോമസ്, നഥനയേൽ, മറ്റു രണ്ടു ശിഷ്യന്മർ എന്നിവരോടൊപ്പം പത്രോസ്, അവരെ അഭിമുഖീകരിക്കുന്ന യേശു, നൂറ്റമ്പത്തിമൂന്നു വലിയ മീൻ നിറഞ്ഞ സമൃദ്ധമായ വല, പടക്. ആ രംഗത്ത് നിന്നുകൊണ്ട് യേശു പത്രോസിനോട് ചോദിക്കുന്നു:'യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?' മൂലഭാഷയിൽ ആ ചോദ്യത്തിനു മൂന്നു അർത്ഥതലങ്ങൾ ഉണ്ടെന്നു പറയാറുണ്ട്.. ഒന്ന്: പത്രോസേ, നിനക്ക് ഇവരോടുള്ളതിനേക്കാൾ(മറ്റുള്ളവരോടുള്ളതിനേക്കാൾ) എന്നോടു സ്നേഹമുണ്ടോ?

രണ്ട്. പത്രോസേ,ഇവയേക്കാൾ(നിറഞ്ഞ വല, പടക് തുടങ്ങിയ സമ്പാദ്യങ്ങളേക്കാൾ) എന്നോടു നിനക്ക് സ്നേഹമുണ്ടോ?

മൂന്ന്: ഇവർക്ക്(മറ്റു ശിഷ്യന്മാർക്ക് ) എന്നോടുള്ളതിനേക്കാൾ സ്നേഹം നിനക്കെന്നോടുണ്ടോ?

ഈ മൂന്നു ചോദ്യങ്ങളും ശിഷ്യത്വത്തിന്റെ മൂന്നു പടികളെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നു കാണാം(ലൂക്കോ.14:25-31 ശ്രദ്ധിക്കുക). 'മറ്റുള്ളവരോടുള്ളതിനേക്കാൾ എന്നോട് സ്നേഹമുണ്ടോ'എന്ന ആദ്യത്തെ ചോദ്യം യേശുവിനേക്കാൾ അപ്പൻ,അമ്മ, ഭാര്യ, മക്കൾ, സഹോദരങ്ങൾ എന്നിങ്ങനെ മറ്റുള്ളവരെ പ്രിയപ്പെടരുത് എന്ന ശിഷ്യത്വത്തിന്റെ ആദ്യനിബന്ധന തന്നെയാണ്. 'കൈവശമുള്ള സമ്പാദ്യങ്ങളെ(posessions) ക്കാൾ എന്നെ സ്നേഹിക്കുന്നുവോ' എന്ന രണ്ടാമത്തെ ചോദ്യം നിങ്ങളിൽ ആരെങ്കിലും തനിക്കുള്ളതൊക്കെയും(all posessions) വിട്ടുപിരിയുന്നില്ലെങ്കിൽ എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല എന്ന ശിഷ്യത്വത്തിന്റെ വ്യവസ്ഥയിലേക്കാണ് വിരൽ ചൂണ്ടുന്നത്. 'മറ്റുള്ള ആർക്കുമുള്ളതിനേക്കാളേറെ സ്നേഹം നിനക്കെന്നോടുണ്ടോ?' എന്ന മൂന്നാമത്തെ ചോദ്യമാകട്ടെ, ഏതു മനുഷ്യനും അവനവനോടുള്ള സ്നേഹമാണ് പരമപ്രധാനം; അതിനെ കവിയുന്ന സ്വയജീവനെയും പകയ്ക്കുന്ന, സ്നേഹം യേശുവിനോടുണ്ടായിരിക്കണമെന്ന ശിഷ്യത്വത്തിന്റെ മൂന്നാമത്തെ നിബന്ധനയിലേക്കാണ് മുഴങ്ങിച്ചെല്ലുന്നത്.

'എന്റെ ആടുകളെ പാലിക്ക' എന്ന



(ശേഷം പേജ് 35ൽ)

ചിന്തയ്ക്ക്

# ശുശ്രൂഷയുടെ പിന്നിലെ മനോഭാവം.

**സാക് പുന്നൻ**

ദൈവത്തിനു വേണ്ടി നാം ചെയ്യുന്ന ശുശ്രൂഷയുടെ പ്രേരണ എന്താണ്? ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നമ്മോടു ചോദിക്കുന്ന പ്രധാന ചോദ്യം,"നീ എന്തു ചെയ്തു?" എന്നല്ല,പിന്നെയോ, "നീ എന്തുകൊണ്ട് ചെയ്തു?" എന്നായിരിക്കും. വേദപുസ്തകം വായിക്കുന്നതിലോ പ്രാർത്ഥിക്കുന്നതിലോ നാം എത്ര മണിക്കൂർ ചെലവഴിച്ചു എന്നതല്ല, നാം എത്ര സുവിശേഷ ലഘുലേഖകൾ വിതരണം ചെയ്തു എന്നതല്ല, എത്ര ആത്മാക്കളെ നേടി എന്നതുമല്ല, അവയെക്കാൾ ഉപരിയായുള്ളത് നാം ഇതൊക്കെയും എന്തുദ്ദേശ്യത്തോടു കൂടി ചെയ്തു എന്നതാണ്.

ഈ ആത്മീയകാര്യങ്ങളിലെല്ലാം വളരെ തീക്ഷ്ണതയുള്ളവരായി പങ്കെടുക്കുകയും അതേസമയം എല്ലാം സ്വന്തതാത്പര്യങ്ങൾക്കുവേണ്ടി മാത്രം പ്രവർത്തിക്കുകയും ചെയ്യാൻ ഇടയുണ്ട്. അതുപോലെ നിയമാനുസൃതം ചെയ്യേണ്ട ചുമതലകളെന്നപോലെ അവ ചെയ്യുന്നവരായും നാം തീർന്നേ



**നാം വേദപുസ്തകം വായിക്കുന്നത് എന്തിനുവേണ്ടിയാണ്? നമുക്ക് അനുഗ്രഹം പ്രാപിക്കേണ്ടതിനാണ് മിക്കവാറും നാം വായിക്കാറുള്ളത്; ചിലപ്പോൾ വേദപണ്ഡിതനാകാനായിരിക്കാം. ദൈവത്തിന്റെ ഹിതം മനസ്സിലാക്കി അതു ചെയ്യുന്നതിനും അതിൽക്കൂടി ദൈവനാമം മഹത്വപ്പെടുന്നതിനും വേണ്ടി എത്ര ചുരുക്കമായേ നാം വേദപുസ്തകം വായിക്കാറുള്ളു!**

ക്കാം. കർത്താവിനെ ശുശ്രൂഷിക്കുന്ന ഈ രണ്ടു മനോഭാവക്കാരേയും ധൂർത്തപുത്രന്റെ ഉപമയിൽ കാണാം. ഇളയ മകനെ ഭരിച്ചത് സ്വാർത്ഥതാത്പര്യമാണ്; മൂത്തമകൻ നിയമാനുസൃതം ചെയ്യേണ്ടത് ചെയ്യുന്നു എന്ന മനോഭാവക്കാരനാണ്. നമുക്കവരെപ്പറ്റി ചുരുക്കമായി ചിന്തിക്കാം.

ഒരു ദിവസം ഇളയ മകൻ അപ്പന്റെ അടുക്കൽ വന്ന് തന്റെ ഓഹരി ആവശ്യപ്പെടുന്നു. ചോദിക്കുന്നതിലധികമായി നൽകുക ദൈവത്തിന്റെ സ്വഭാവമാണല്ലോ. അതുപോലെ ഈ പിതാവും മകന് അവന്റെ ഓഹരി നൽകി. മകൻ തനിക്കു വേണ്ടതെല്ലാം കിട്ടിയ ഉടൻ പിതാവിനെ ഉപേക്ഷിച്ചു മറ്റൊരു രാജ്യത്തേക്ക് പോകുന്നു. പിതാവിനെ അവൻ സ്നേഹിച്ചിരുന്നില്ല എന്നും തനിക്ക് കിട്ടുന്നതിൽ മാത്രമാണ് തന്റെ മനസ്സ് ഊന്നിയിരുന്നതെന്നും വ്യക്തമാണ്. പല ക്രിസ്തീയവിശ്വാസികളും ഇതുപോലെയാണ്. ദൈവസന്നിധിയിൽ അവർ വരുന്നത് എന്തെങ്കിലും ലഭിക്കേണ്ടതിനാണ്. വ്യക്തിപരമായ ലാഭങ്ങളും അനുഗ്രഹങ്ങളുമാണ് അവരുടെ ഭക്തിക്കു പിന്നിലുള്ള പ്രേരണ. ഇതരമതസ്ഥർ സ്വന്തതാത്പര്യങ്ങൾക്കുവേണ്ടി ധർമ്മം കൊടുക്കുകയോ തീർത്ഥയാത്രകൾ നടത്തുകയോ ചെയ്യുന്നതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ ഈ മനോഭാവം വിശ്വാസികളിലും കാണുന്നു എന്നത് പരിതാപകരമാണ്.

രക്ഷയുടെ അനുഭവത്തിലേക്ക് വരുന്നത് ഭൗതികലാഭങ്ങൾക്കു വേണ്ടിയല്ലെങ്കിൽത്തന്നെയും(അങ്ങനെയാണ് ഒരുകാലത്ത് ഇവിടെ ഇൻഡ്യയിൽ നടന്നത്.) 90ശതമാനം വിശ്വാസികളും രക്ഷയിലേക്കു വരുന്നതു നരകത്തിലെ ഭീകരതകൾക്കു പകരം സ്വർഗ്ഗത്തിന്റെ സുഖങ്ങൾ നേടുന്നതിനുള്ള താത്പര്യം കൊണ്ടാണ്. ഇതു

**ദൈവത്തിന്റെ ന്യായാസനത്തിനു മുമ്പാകെ നമ്മോടു ചോദിക്കുന്ന പ്രധാന ചോദ്യം,“നീ എന്തു ചെയ്തു?” എന്നല്ല,പിന്നെയോ, “നീ എന്തുകൊണ്ട് ചെയ്തു?” എന്നായിരിക്കും. വേദപുസ്തകം വായിക്കുന്നതിലോ പ്രാർത്ഥിക്കുന്നതിലോ നാം എത്ര മണിക്കൂർ ചെലവഴിച്ചു എന്നതല്ല, നാം എത്ര സുവിശേഷ ലഘുലേഖകൾ വിതരണം ചെയ്തു എന്നതല്ല, എത്ര ആത്മാക്കളെ നേടി എന്നതുമല്ല, അവയെക്കാൾ ഉപരിയായുള്ളത് നാം ഇതൊക്കെയും എന്തുദ്ദേശ്യത്തോടു കൂടി ചെയ്തു എന്നതാണ്.**

പൂർണ്ണമായി തെറ്റല്ലെങ്കിൽത്തന്നെയും ക്രിസ്തീയജീവിതത്തിന്റെ പ്രാരംഭം മുതൽ നാം ദൈവത്തിങ്കലേക്കടുക്കുന്നത് സ്വാർത്ഥതാത്പര്യങ്ങൾക്കാണെന്ന സൂചന ഉദിക്കുന്നു. പ്രിയ സഹോദരാ, സഹോദരീ, ഇതു നിങ്ങളെ സംബന്ധിച്ചു വാസ്തവമാണോ അല്ലയോ എന്നു നിങ്ങളുടെ ഹൃദയത്തെ പരിശോധിച്ചു നോക്കുക.

ആത്മീയമായി വളരുമ്പോൾ കർത്താവിന്റെ അടുക്കലേക്ക് വരുന്നതിനു നമ്മെ പ്രേരിപ്പിച്ചത് സ്വാർത്ഥതാത്പര്യമാണെന്നു കണ്ടുപിടിച്ച് അതനുസരിച്ച് നമ്മുടെ മനോഭാവം വ്യത്യാസപ്പെടുത്തി ജീവിച്ചാൽ, ക്രിസ്തീയജീവിതം സ്വാർത്ഥപ്രേരണയിൽ ആരംഭിച്ചതിൽ വലിയ തെറ്റില്ല. പക്ഷേ നിർഭാഗ്യം എന്നു പറയട്ടെ, അനേകവിശ്വാസികളും സ്വാർത്ഥലാഭത്തിനുവേണ്ടി മാത്രമാണ് ജീവിക്കുന്നത്. ദൈവത്തിനു കൊടുക്കേണ്ടതിനു പകരം എപ്പോഴും ദൈവത്തിൽനിന്നു കിട്ടാനാണ് അവർ ആഗ്രഹിക്കുന്നത്. അതുകൊണ്ട് അവരുടെ ജീവിതം പ്രശ്നങ്ങൾകൊണ്ടു നിറഞ്ഞും അവർ





ശുശ്രൂഷയിൽ സന്തോഷരഹിതരായും കാണപ്പെടുന്നു.നാം വേദപുസ്തകം വായിക്കുന്നത് എന്തിനുവേണ്ടിയാണ്? നമുക്ക് അനുഗ്രഹം പ്രാപിക്കേണ്ടതിനാണ് മിക്കവാറും നാം വായിക്കാറുള്ളത്; ചിലപ്പോൾ വേദപണ്ഡിതനാകാനായിരിക്കാം. ദൈവത്തിന്റെ ഹിതം മനസ്സിലാക്കി അതു ചെയ്യുന്നതിനും അതിൽക്കൂടി ദൈവനാമം മഹത്വപ്പെടുന്നതിനും വേണ്ടി എത്ര ചുരുക്കമായേ നാം വേദപുസ്തകം വായിക്കാറുള്ളു! നാം പ്രാർത്ഥിക്കുന്നത് എന്തുകൊണ്ടാണ്? മിക്കപ്പോഴും നമുക്ക് ചില പ്രത്യേക അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുവേണ്ടിയാണ് എന്നതിനു സംശയമില്ല.

ദൈവത്തിന്റെ വേല ഭൂമിയിൽ പുരോഗമിക്കുന്നതിനുവേണ്ടി വിശ്വാസികൾ പ്രാർത്ഥിക്കുന്നത് എത്ര അപൂർവ്വമാണ്! നാം ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തെന്നു വരാം. അതിന്റെ പിന്നിലുള്ള ഉദ്ദേശ്യം എന്താണെന്നു ചിന്തിച്ചിട്ടുണ്ടോ? പലപ്പോഴും നാം വളരെ ആഗ്രഹിക്കുന്ന ചില സംഗതികൾ ലഭിക്കുന്നതിനു വേണ്ടി എന്ന് ഉത്തരം പറഞ്ഞാൽ അതൊട്ടും അതിശയോക്തിയല്ല. ചിലപ്പോൾ ആത്മീയകാര്യങ്ങൾക്കുവേണ്ടിയായിരിക്കാം നാം ആഗ്രഹിക്കുന്നത്. ചിലപ്പോൾ പരിശുദ്ധാത്മാവിനാൽ നിറയപ്പെടേണ്ടതിനുവേണ്ടിയായിരിക്കാം. പക്ഷേ അതിന്റെ പിന്നിലുള്ളതും മിക്കപ്പോഴും സ്വയംതന്നെ. വളരെയധികം ദൈവത്തിനു പ്രയോജനപ്പെടുന്നതിനാണ് നാം ശ്രമിക്കുന്നത്.ഏതു മാർഗ്ഗം ഉപയോഗിച്ചാലും അവന്റെ വേല പുരോഗമിക്കണമെന്നുള്ളതല്ല നമ്മുടെ ലക്ഷ്യം. നന്മയായ സംഗതികളാണ് നാം കാംക്ഷിക്കുന്നതെങ്കിലും അവയ്ക്ക് പിന്നിലെ പ്രേരണ എപ്പോഴും സ്വാർത്ഥത തന്നെ.

**ആതമീയ യാചകർ**

നിങ്ങൾക്ക് സംഗീതവാസനയുണ്ടോ? ഭംഗിയായി പാടാൻ കഴിവുള്ള അനേകം വിശ്വാസികളുണ്ട്. പക്ഷേ സ്വന്തമഹിമയ്ക്കല്ല ദൈവനാമമഹത്വത്തിനാണ് തങ്ങളുടെ കഴിവ് ഉപയോഗിക്കുന്നത് എന്ന് എത്ര പേർക്കു പറയുവാൻ സാധിക്കും?

ദൈവവചനം പ്രസംഗിക്കപ്പെടുന്ന യോഗങ്ങളെപ്പറ്റി ചിന്തിക്കുക.“ഞങ്ങൾ അവിടെവച്ച് അനുഗ്രഹം പ്രാപിച്ചു” എന്നു വിശ്വാസികൾ പലപ്പോഴും പറഞ്ഞുകേട്ടിട്ടില്ലേ?‘ഞങ്ങൾ-ആ യോഗത്തിൽ വച്ച്’. അവർക്ക് ദൈവത്തിൽ നിന്നു കിട്ടിയതിനാണ് ഇവിടെ പ്രാധാന്യം കൊടുക്കുന്നത്.ദൈവനാമം അവിടെ മഹത്വപ്പെട്ടോ എന്നതു നിസ്സാരമായി തള്ളുന്നു. അങ്ങനെ അവർക്ക് എന്തെങ്കിലും കിട്ടുന്നിടത്ത് മാത്രമേ മിക്ക വിശ്വാസികളും പോകയുള്ളു എന്നായിട്ടുണ്ട്. തൽഫലമായി ആത്മീയശിശുക്കളായിട്ടല്ല, ആത്മീയയാചകരായിട്ട് അവർ ജീവിതം കഴിക്കുന്നു. അതിന്റെ കാരണം അവരുടെ ആത്മികപ്രവർത്തനങ്ങൾ സ്വാർത്ഥത എന്ന പുളിച്ച മാവിനാൽ ചീഞ്ഞവയാണ് എന്നതുതന്നെ.

നമ്മുടെ വേല വെന്തുപോകുന്നവയായി 1കൊരി.3:12-15ൽ കാണുന്ന പരിതാപകരമായ അന്ത്യം ആത്മികപ്രവർത്തനങ്ങൾ വ്യാജമായ പ്രേരണകൾ മൂലം ചെയ്യുന്നതിന്റെ ഫലമായുണ്ടാകുന്നതായിരിക്കും. സ്വയത്തെ കേന്ദ്രീകരിച്ച ജീവിതത്തിൽ നിന്നു ദൈവത്തെ കേന്ദ്രീകരിച്ച ജീവിതത്തിലേക്ക് തിരിയുന്ന അനുഭവമാണ് യഥാർത്ഥമാനസാന്തരം.

ധൂർത്തപുത്രന്റെ സഹോദരനാണ് അവരിരുവരിലും നല്ലവനെന്നു സാധാരണ കരുതാറുണ്ട്. അവന്റെ മനോഭാവം പരിശോധിച്ചാൽ രണ്ടു പേരും തമ്മിൽ ഒരു വ്യത്യാസവുമില്ല എന്നു മനസ്സിലാക്കാം. ഇളയമകൻ മടങ്ങിവന്നപ്പോൾ പിതാവും വീട്ടിലുള്ള

വരും ചേർന്നു സന്തോഷിച്ചു എന്നു നാം വായിക്കുന്നു. പക്ഷേ മൂത്ത മകൻ ആ സന്തോഷത്തിലെങ്ങും പങ്കു കൊള്ളുന്നതായി നാം കാണുന്നില്ല. അതിന്റെ കാരണം അസൂയയാണ്. കോപാധിക്യം മൂലം വീടിനുള്ളിലേക്ക് കയറാൻ പോലും അവൻ തയ്യാറല്ല.

പിതാവിനോട് അവൻ പറഞ്ഞ മറുപടിയിൽനിന്നും അവൻ പിതാവിനെ സ്നേഹിച്ചുപോന്നത് എന്തു മനോഭാവത്തോടെയാണെന്നു സ്പഷ്ടമാകുന്നു. “ഇക്കാലമൊക്കെയും ഞാൻ നിന്നെ സേവിച്ചു. ഒരിക്കൽപോലും ഞാൻ നിന്നോട് അനുസരണക്കേട് കാണിച്ചിട്ടില്ല.. എന്നിട്ടും നീ എനിക്ക് ഇതുപോലൊരു സ്വീകരണം തന്നിട്ടില്ല.” ഇതത്രേ അവന്റെ വാക്കുകൾ. പിതാവിനെ സന്തോഷത്തോടും സ്നേഹത്തോടും ശുശ്രൂഷിക്കുന്നതിനു പകരം വേലക്കാരൻ കൂലിക്കു വേണ്ടി യജമാനനെ സേവിക്കുന്നതുപോലെ കണക്കുകൂട്ടിയും മുറനോക്കിയുമാണവൻ ശുശ്രൂഷ ചെയ്തത്. അങ്ങനെ നമ്മിൽ പലരും ചെയ്യാറുള്ളതുപോലെ, തന്റെ അവസ്ഥ മറ്റുള്ളവരുവരുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ പരാതി പറയാൻ പല ന്യായങ്ങൾ അവൻ കണ്ടു. അവർ അർഹിക്കുന്നതിലധികം അനുഗ്രഹിക്കപ്പെട്ടു; അനുഗ്രഹങ്ങൾ അർഹിക്കുന്ന തനിക്കാകട്ടെ, ഒന്നും ലഭിച്ചില്ല താനും.

ഇങ്ങനെയോ നിങ്ങൾ ദൈവത്തെ സേവിക്കുന്നത്? വേദപുസ്തകം വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത് ലംഘിക്കാൻ ഭയപ്പെടുന്ന എന്തോ ചുമതല നിർവ്വഹിക്കുന്നതിന്റെ പേരിൽ മാത്രമാണോ? മനസ്സാക്ഷി കുറ്റപ്പെടുത്താതിരിക്കാൻ വേണ്ടി മാത്രമാണ് നിങ്ങൾ ദൈവവചനം ധ്യാനിക്കുന്നതെങ്കിൽ തീരെ പ്രയോജനമില്ലാത്ത ഒരു ചടങ്ങിനേക്കാൾ അതിനെന്തെങ്കിലും പ്രാധാന്യം ഉണ്ടെന്നു തോന്നുന്നില്ല.

**പല ക്രിസ്തീയവിശ്വാസികളും ദൈവസന്നിധിയിൽ വരുന്നത് എന്തെങ്കിലും ലഭിക്കേണ്ടതിനാണ്. വ്യക്തിപരമായ ലാഭങ്ങളും അനുഗ്രഹങ്ങളുമാണ് അവരുടെ ഭക്തിക്കു പിന്നിലുള്ള പ്രേരണ. ഇതരമതസ്ഥർ സ്വാന്തതാത്പര്യങ്ങൾക്കുവേണ്ടി ധർമ്മം കൊടുക്കുകയോ തീർത്ഥയാത്രകൾ നടത്തുകയോ ചെയ്യുന്നതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ ഈ മനോഭാവം വിശ്വാസികളിലും കാണുന്നു എന്നത് പരിതാപകരമാണ്.**

ഇന്നു പല വിശ്വാസികളും വേദപുസ്തകം വായിക്കുന്നതിലും പ്രാർത്ഥിക്കുന്നതിലും ദൈവത്തെ സാക്ഷിക്കുന്നതിലും യാതൊരു സന്തോഷവും കണ്ടെത്താത്തതിൽ അതിശയിക്കാനില്ല. ദൈവത്തിനു വേണ്ടി ചെയ്യുന്ന ശുശ്രൂഷയിൽ ഭാരവും ക്ലേശവും വിമ്മിട്ടവും ഉണ്ടാകുന്നതിൽ അതിശയിക്കാനില്ല. ദൈവകൃപയാൽ രക്ഷിക്കപ്പെട്ട അവർ തങ്ങളെത്തന്നെ വീണ്ടും ന്യാപ്രമാണത്തിനു വിധേയരാക്കുന്നതിന്റെ ഫലമാണിത്. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവുമായി ഐക്യപ്പെടേണ്ടതിന് അവന്റെ ക്രൂശുമരണത്തിലൂടെ നാം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു. റോമർ 7:1–6 ലെ ഉപദേശം ഇതാണ്. ദാസൻ യജമാനനെ സേവിക്കുന്നതുപോലെയല്ല, പിന്നെയോ ‘ആത്മാവിന്റെ പുതുക്കത്തിൽ ഭാര്യ ഭർത്താവിനോടുള്ള സ്നേഹം മൂലം അവനെ സേവിക്കുന്നതുപോലെ,നാം ദൈവത്തെ സേവിക്കേണ്ടതാകുന്നു എന്നത്രേ പൗലൊസ് ഈ വാക്യങ്ങളിൽ ഉദ്ബോധിപ്പിക്കുന്നത്.

(തുടരും)





സന്ദേശം

# ദൈവസ്വരം കേൾക്കുന്നത് എങ്ങനെ?

നമ്മുടെ പ്രാർത്ഥനാവേളയിൽ നാം ദൈവസ്വരം കേൾക്കാൻ പരിശീലിക്കേണ്ടതുണ്ട്. എന്നാൽ പലപ്പോഴും പ്രാർത്ഥനയിൽ ഈ കാര്യം അവഗണിക്കപ്പെടുന്നു. മിക്ക വിശ്വാസികളും അവരുടെ പ്രാർത്ഥനാവേളയിൽ ദൈവത്തോട് നിരന്തരം സംസാരിക്കുന്നു. ദൈവം പറയാനാഗ്രഹിക്കുന്നതു കേൾക്കാൻ അവർ ചെവിയോർക്കുന്നില്ല. ഇതു ദുഃഖകരമാണ്.

പ്രപഞ്ചത്തെ ഭരിച്ചു നിയന്ത്രിക്കുന്ന വലിയവനായ ദൈവം തങ്ങളോട് സംസാരിക്കുവാനും അവിടുത്തെ ചിന്തകൾ നമ്മുടെ മനസ്സിലേക്ക് പകരുവാനും തയ്യാറാണ് എന്നു വിശ്വസിക്കുവാൻ പല വിശ്വാസികൾക്കും പ്രയാസമാണ്. എന്നാൽ വലിയൊരു പ്രപഞ്ചത്തെ ഭരിക്കുന്നവനാണ് ദൈവമെങ്കിലും തന്റെ കുഞ്ഞുങ്ങളെക്കുറിച്ച് ഒരു പിതാവിനുള്ളതുപോലെ അവിടുത്തേക്ക് കരുതലുണ്ടെന്ന് ദൈവവചനം ആവർത്തിച്ചു പറയുന്നു. നമ്മുടെ തലയിലെ മുടിനാരുകൾ പോലും എണ്ണപ്പെട്ടിരിക്കുന്നുവെന്നാണ് ദൈവവചനം(മത്താ.10:30). നമ്മുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളെക്കുറിച്ചും ദൈവത്തിനു ശ്രദ്ധയുണ്ടെന്ന് ഇതിൽനിന്നു വ്യക്തമാണല്ലോ. എല്ലാ കാലത്തെയും വേദപണ്ഡിതന്മാർ ഇങ്ങനെ തന്നെയാണ് പറയുന്നത്. ജോൺ സ്റ്റേറ്റാട്ട് പറയുന്നു“സംസാരിക്കാത്ത ചത്ത വിഗ്രഹങ്ങളെപ്പോലെയല്ല ജീവനുള്ള ദൈവം. അവിടുന്ന് സംസാരിക്കുന്നു; തുടർച്ചയായി സംസാരിച്ചുകൊണ്ടേയിരിക്കുന്നു.... ദൈവം ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുന്നതിനാൽത്തന്നെ നാം കേൾക്കേണ്ടിയിരിക്കുന്നു.”

പക്ഷേ എങ്ങനെയാണ് ദൈവം നമ്മോട് സംസാരിക്കുന്നത്? ശമുവേൽ, അബ്രഹാം, തർസോസുകാരനായ ശൗൽ എന്നിവരോട് സംസാരിച്ചതുപോലെ ശബ്ദത്തിലല്ല ദൈവം ഇന്നു സംസാരിക്കുന്നത്. (അങ്ങനെ ദൈവം തങ്ങളോട് സംസാരിച്ചു എന്ന് ചിലർ അവകാശപ്പെടാറുണ്ടെന്നത് വാസ്തവമാണ്.) തീർച്ചയായും ദൈവത്തിന് എല്ലാം സാധ്യമാണ്. എന്നാൽ ശബ്ദായമാനമായസ്വരത്തിൽ ദൈവം സംസാരിക്കുന്നു എന്നത് ഒരു പൊതുരീതിയല്ല.അത് ഒരു അപവാദമാണെന്നു ഞാൻ കരുതുന്നു. ദൈവവചനത്തിലൂടെ നമ്മോടു സംസാരിക്കുന്നതാണ് ദൈവത്തിന്റെ സാധാരണ രീതി. അതുകൊണ്ട് ബൈബിൾ വായിക്കുന്നത് നമ്മുടെ ധ്യാനത്തിന്റെ മുഖ്യഭാഗമായിരിക്കണം. ബൈബിൾ തുറക്കുന്നതിനു മുമ്പുതന്നെ ദൈവത്തോട് ചോദിക്കുക:“പിതാവേ, എന്നോട് വല്ലതും പറയാനുണ്ടോ?” ഒരു ഭാഗം തുടർന്നു വായിക്കുക. കഴിയുമെങ്കിൽ അല്പം ഉറക്കെ. അത് നിങ്ങളിൽ ആഴ്ന്നിറങ്ങാൻ അനുവദിക്കുക. ഒരു വചനം നിങ്ങളെ സ്പർശിച്ചാൽ അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, ധ്യാനിക്കുക, കേൾക്കാൻ തുടങ്ങുക.

***അവിടുന്ന് എപ്പോഴും സംസാരിക്കുന്നു***

ഇപ്പോൾ നമ്മൾ പ്രാർത്ഥനയുടെ, ദൈവത്തിൽനിന്നു കേൾക്കുന്ന വശത്തെയാണ്, ശ്രദ്ധിക്കുന്നത്. ദൈവം പ്രധാനമായും അവിടുത്തെ വചനത്തിലൂടെയാണ് സംസാരിക്കുന്നത് എന്ന കാര്യവും നാം സൂചിപ്പിച്ചു. ബൈബി

ളിലെ എഴുത്തുകാരിലൂടെ ദൈവം സംസാരിക്കുന്ന വചനങ്ങൾ ചത്ത വചനങ്ങൾ അല്ല. എബ്രായർ 4:12ൽ പറയുന്നതുപോലെ ദൈവവചനം നമ്മെ സംബന്ധിച്ചിടത്തോളം ജീവനും ചൈതന്യവുമുള്ളതാക്കുന്നതും ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയുള്ളതാക്കിത്തീർക്കുന്നതും പരിശുദ്ധാത്മാവിന്റെ ഒരു പ്രത്യേകപ്രവൃത്തിയാണ്.

ഒരു വചനമോ ഒരു വേദഭാഗമോ അത്ഭുതകരമായ വിധത്തിൽ നമുക്ക് സജീവമാക്കിത്തീർക്കുവാൻ ദൈവത്തിനു കഴിയും. അതുകൊണ്ട് ദൈവവചനം ഒരു എഴുതപ്പെട്ട വചനം ആണെങ്കിലും അത് ജീവനുള്ള സന്ദേശമായി മാറുന്നു. ദൈവം ഒരിക്കൽ തന്റെ വചനത്തിലൂടെ(ബൈബിളിലൂടെ) സംസാരിക്കുക മാത്രമല്ല ചെയ്തത്; ഇപ്പോഴും അതിലൂടെ സംസാരിക്കുന്നുണ്ട്. എന്നാൽ ഇന്നു ദൈവവചനം വായിക്കുന്ന നാം അതിലൂടെ ദൈവസ്വരം കേൾക്കുന്നില്ലെങ്കിൽ അതിന്റെ അർത്ഥം എന്താണ്? ദൈവം മരിച്ചുപോയോ? അതോ അവിടുന്ന് നിശ്ശബ്ദനായോ? രണ്ടുമല്ല, മറിച്ച് നാം കേൾക്കാൻ പഠിച്ചിട്ടില്ലെന്നാണർത്ഥം. ജോൺ സ്റ്റോട്ടിനെ വീണ്ടും ഉദ്ധരിക്കട്ടെ:"ഒരു ടെലിഫോൺ സംഭാഷണത്തിനിടയിൽ പെട്ടെന്ന് ശബ്ദം നിന്നുപോയാൽ മറുവശത്തു സംസാരിച്ചുകൊണ്ടിരുന്നയാൾ പെട്ടെന്നു ചത്തുപോയി എന്ന നിഗമനത്തിൽ നാം എത്തുമോ? ഇല്ല സത്യത്തിൽ ചത്തുപോയത് ലൈനാണ്." നാം വാസ്തവത്തിൽ ശമുവേൽബാലന്റെ മനോഭാവമാണ് കൈക്കൊള്ളേണ്ടത്.:"അരുളിച്ചെയ്താലും അവിടുത്തെ ദാസൻ കേൾക്കുന്നു"(1ശമു.3:10). അല്ലാതെ "കർത്താവേ, കേട്ടാലും അവിടുത്തെ ദാസൻ അരുളിച്ചെയ്യുന്നു"എന്നല്ല.

ബ്രിസ്റ്റോളിൽ അനാഥക്കുട്ടികളുടെ ഇടയിൽ ഒരു വലിയ ശുശ്രൂഷ നിർവ്വഹിച്ച ജോർജ് മുള്ളർ പ്രാർത്ഥനയ്ക്കു മുമ്പ് ദൈവവചനം വായിക്കുന്ന രീതി തന്റെ ധ്യാനത്തെ എത്രമാത്രം നവീകരിച്ചുവെന്ന് വിവരിച്ചിട്ടുണ്ട്. ചിലർ പ്രാർത്ഥനയ്ക്കു മുമ്പു മാത്രമല്ല, പ്രാർത്ഥനയ്ക്കു ശേഷവും ദൈവവചനം വായിച്ചുകൊണ്ടാണ് ധ്യാനസമയം അവസാനിപ്പിക്കുന്നത്. അങ്ങനെയാകുമ്പോൾ പ്രാർത്ഥനയെത്തുടർന്ന് മനസ്സു വളരെ ജാഗരൂകമായിരിക്കും. അപ്പോൾ പ്രാർത്ഥനയ്ക്കുമുമ്പ് ദൈവം പറയുവാനാഗ്രഹിച്ചതെന്തെങ്കിലും കേൾക്കാതെ നഷ്ടമായിട്ടുണ്ടെങ്കിൽ പ്രാർത്ഥനയ്ക്കു ശേഷം തെളിമയുള്ള മനസ്സോടെ വീണ്ടും വായിക്കുമ്പോൾ അതു ലഭ്യമാകുമല്ലോ.

### 'കണ്ണുകളെ കാതുകളാക്കുക'

നമ്മൾ ദൈവവചനം വായിക്കുമ്പോൾ അതുവായിക്കുക മാത്രമല്ല, അതിൽനിന്നു കേൾക്കുകയും വേണം. യൂജിൻ പീറ്റേഴ്സൺ എന്ന ദൈവഭൃത്യൻ ഇതേക്കുറിച്ചു പറയുന്നത്'കണ്ണുകളെ കാതുകളാക്കി മാറ്റണം' എന്നാണ്.

കേൾക്കുന്നതും വായിക്കുന്നതും രണ്ടു കാര്യങ്ങളാണ്. വായിക്കുമ്പോൾ നാം കണ്ണുകളെയാണ് ഉപയോഗിക്കുന്നത്, കേൾക്കുമ്പോൾ ചെവിയെയും. രേഖപ്പെടുത്തപ്പെട്ടിരിക്കുന്നവയാണ് കടലാസിൽനിന്നു നാം വായിക്കുന്നത്, കേൾക്കുന്നതാകട്ടെ, ഒരു സ്വരത്തെയും. അതുകൊണ്ടാണ് ബൈബിൾ ഉറക്കെ വായിക്കുവാൻ നിർദ്ദേശിക്കുന്നത്. ഉറച്ചു വായിക്കുമ്പോൾ ദൈവത്തിന്റെ ശബ്ദം എന്റെ സ്വരത്തിൽത്തന്നെ ഞാൻ പലവട്ടം കേട്ടിട്ടുണ്ട്. ബൈബിൾ ഓഡിയോറ്റേപ്പിൽ റെക്കാർഡ് ചെയ്ത് കേൾക്കുന്നതും ഇന്നു സാധാരണയാണല്ലോ. ബൈബിൾഭാഗം റെക്കോർഡ് ചെയ്തതു കേട്ടപ്പോൾ ഒരു വചനം തന്നോട് നേരിട്ട് സംസാ





രിച്ചതായി അനുഭവപ്പെട്ടതായി അടുത്തയിടെ ഒരു വിശ്വാസി പറഞ്ഞുകേൾക്കുകയുണ്ടായി. ആ ഭാഗം അദ്ദേഹം മുൻപു പലവട്ടം വായിച്ചിട്ടുള്ളതാണ്. പക്ഷേ വീണ്ടും വായിച്ചുകേട്ടപ്പോൾ അതു പുതിയൊരുമട്ടിൽ ഉൾക്കൊള്ളാൻ കഴിഞ്ഞു. അതിന് ഒരു പുതിയ മാനം(dimention) നൽകാൻ സ്വരത്തിനു സാധിച്ചു എന്നു ചുരുക്കം.

വെളിപ്പാടുപുസ്തകത്തിൽ പത്മോസിൽനിന്ന് യോഹന്നാൻ ഏഴു സഭകൾക്ക് എഴുതി അയച്ച ദൂതുകൾ ഏഷ്യമൈനറിലെ വിശ്വാസികൾ കണ്ണുകൾകൊണ്ട് വായിക്കയല്ല ചെയ്തത്, മറിച്ച് അതു ചെവികൊണ്ട് കേൾക്കുകയാണ്. സ്വകാര്യപ്രാർത്ഥനയിൽ ദൈവസ്വരം കേൾക്കുന്നതിനെക്കുറിച്ചാണ് നമ്മൾ പറയുന്നതെങ്കിലും ഇവിടെ സഭ കൂടിവരുമ്പോൾ ദൈവവചനം വായിക്കുകയും പങ്കിടുകയും ചെയ്യുന്നതിനും വലിയ പ്രാധാന്യം ഉണ്ടെന്നു ആനുഷംഗികമായി പറയട്ടെ. പകരം സഭായോഗങ്ങളിൽ സ്തുതിക്കും സ്തോത്രത്തിനും മാത്രം പ്രാധാന്യം നൽകി ദൈവവചനത്തെ അവഗണിക്കുന്നതിനെ നമ്മൾ ഗൗരവമായി കാണണം.

### ആന്തരിക സ്വരം

പ്രാർത്ഥനയുടെ കേൾക്കുന്ന വശത്തെക്കുറിച്ചാണ് നമ്മൾ പറഞ്ഞുവന്നത്. നാം കണ്ണുകളെ മാത്രമല്ല കാതുകളെയും ഉപയോഗിക്കണമെന്നു ചുരുക്കം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവവചനം വായിച്ചാൽ മാത്രം പോരാ; ദൈവവചനത്തിലൂടെ നമ്മോടു സംസാരിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വരം കേൾക്കുകയും വേണം:

നിശ്ശബ്ദസ്നേഹം എഴുതിയതെന്തെന്നു വായിക്കാൻ പഠിക്കൂ

സ്നേഹവചസ്സുകൾ കണ്ണുകൾകൊണ്ടു കേൾക്കാൻ പഠിക്കൂ

എന്ന് ഷേക്സ്പിയർ എഴുതിയത് നാം ചിന്തിച്ചുവന്ന കാര്യങ്ങളോടുള്ള ബന്ധത്തിൽ വളരെ പ്രസക്തമാണ്!

വചനത്തിലൂടെയാണ് ദൈവം നമ്മോട് മുഖ്യമായും സംസാരിക്കുന്നത് എന്നു ഞാൻ പറഞ്ഞതിനോട് മിക്ക ക്രിസ്ത്യാനികളും യോജിക്കും. എന്നാൽ വചനത്തിൽനിന്നു ബാഹ്യമായും ദൈവം നമ്മുടെ ഹൃദയങ്ങളിൽ സംസാരിക്കുമെന്നു ഞാൻ പറഞ്ഞാൽ അതു ചില വേദശാസ്ത്രപരമായ ചോദ്യങ്ങൾ ഉയർത്തിയേക്കാം. ക്രിസ്ത്യാനികൾതന്നെ ഇതു സംബന്ധിച്ചു രണ്ടുതട്ടിലാണ്. ചിലർ ഇതൊരു അപകടകരമായ ഉപദേശമാണെന്നു കരുതുന്നവരാണ്. ഞാൻ എന്റെ നിലപാട് വ്യക്തമാക്കട്ടെ.

ദൈവം നമ്മോടു സംസാരിക്കുന്ന പ്രധാനരീതി ദൈവവചനത്തിലൂടെയാണെങ്കിലും അവിടുത്തേക്ക് നമ്മുടെ ഹൃദയത്തോട് ദൈവവചനത്തിലൂടെയല്ലാതെ നേരിട്ട് സംസാരിക്കുവാൻ കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നു. എന്നാൽ അവിടുന്നു നേരിട്ടു സംസാരിക്കുന്നത് എപ്പോഴും ദൈവവചനത്തിന്റെ പ്രമാണങ്ങളോടു ചേർന്നുപോകുന്ന വിധത്തിലായിരിക്കും. നൂറ്റാണ്ടുകളായി ആത്മീയരായ സ്ത്രീപുരുഷന്മാർ ആന്തരികസ്വരത്തെ(മനുഷ്യഹൃദയത്തിലേക്ക് ആത്മാവിന്റെ നേരിയ മന്ത്രണങ്ങളുമായി സ്വർഗ്ഗത്തിന്റെ സന്ദേശം പകരുന്നതിനെ)ശ്രദ്ധിക്കുന്നതിനെക്കുറിച്ച് അനുഭവത്തിന്റെ വെളിച്ചത്തിൽ സംസാരിച്ചിട്ടുണ്ടല്ലോ.

### ശ്രദ്ധിക്കുക, കേൾക്കുക

ദൈവത്തെ കേൾക്കുന്നതിന് ധാരാളം സമയം ചെലവഴിച്ചിട്ടുള്ള ആത്മീയരായ മനുഷ്യർ തങ്ങൾക്ക് സ്വന്തം തോന്നലുകളെ പരിശുദ്ധാത്മാവിന്റെ സ്വരത്തിൽനിന്ന് വേറിട്ട് അറിയാൻ കഴിയുമെന്ന് അവകാശപ്പെട്ടിട്ടുണ്ട്. ഉപബോധമനസ്സിന്റെ തോന്നലുകൾ, മന്ത്രണങ്ങൾ എന്നിവയിൽ

നിന്നെല്ലാം മാറി ആത്മാവിന്റെ സ്വരത്തിന് കാതോർക്കുന്ന ശീലം നാം വളർത്തിയെടുക്കണം. 'ദൈവത്തെ കേൾക്കുന്നതിനുള്ള അഞ്ചു പടികൾ എന്ന നിലയിൽ വിവരിച്ചുതരാൻ കഴിയുന്നതല്ല ഈ കാര്യം. പക്ഷേ ഒരു കാര്യം പറയാൻ കഴിയും: നിശ്ശബ്ദതയിൽ കേൾക്കാനായി കാത്തിരിക്കേണ്ടതുണ്ട്.

ഫിലിപ്പോസിനോട് സംസാരിച്ചതുപോലെ ദൈവം നേരിട്ട് ഇന്ന് ആളുകളോട് സംസാരിക്കുമോ? സംസാരിക്കുമെന്ന് അനേകർ സാക്ഷിക്കും. ഒരു പക്ഷേ അന്നത്തേതുപോലെ നാടകീയമായ ഒരു രംഗം ആയിരിക്കുകയില്ല. എന്നാൽ കേട്ടതു ദൈവശബ്ദമാണെന്ന കാര്യത്തിൽ അവർക്ക് സംശയമേ ഉണ്ടായിരിക്കുകയില്ല.

എന്നാൽ പല ക്രിസ്ത്യാനികളും എന്നോടു പറഞ്ഞിട്ടുണ്ട്:"വർഷങ്ങളായി ഞാൻ പ്രാർത്ഥിക്കുന്നു എന്നാൽ എന്റെ ആത്മാവിൽ ദൈവസ്വരം ഈ നിലയിൽ ഞാൻ കേട്ടിട്ടില്ല." ഈ കുറ്റസമ്മതത്തിന് എനിക്കുള്ള മറുചോദ്യം ഇതാണ്: പക്ഷേ ദൈവശബ്ദം കേൾക്കാനായി നിങ്ങൾ, ദൈവം നിങ്ങളോട് സംസാരിക്കുമെന്ന വിശ്വാസത്തോടെ കാത്തുനിന്നിട്ടുണ്ടോ?! ഒരു പ്രതീക്ഷയുമില്ലാതെ ദൈവത്തെ കാത്തിരിക്കുന്നവരുണ്ട്. എന്നാൽ പ്രതീക്ഷയ്ക്ക് നമ്മുടെ ആത്മീയപുരോഗതിയിലുള്ള സ്ഥാനം വലുതാണ്. അത് നമുക്കൊരു ആത്മീയജാഗ്രത നല്കും. ദൈവം നമ്മോടു സംസാരിച്ചില്ലെങ്കിൽ നിരാശ തോന്നാതിരിക്കും എന്ന നിഷേധാത്മകമായ സംഭാവന മാത്രമേ പ്രതീക്ഷയില്ലായ്മ നമുക്ക് സമ്മാനിക്കുന്നുള്ളു.

"ദൈവത്തിന്റെ സ്വരം എങ്ങനെയിരിക്കും?" പലരും ഇങ്ങനെ ചോദിക്കാറുണ്ട്. അത് മനസ്സാക്ഷിയുടെ സ്വരം പോലെയിരിക്കും. എന്നാൽ അതിനേക്കാൾ സമ്പന്നവും ധനാത്മകവും(positive) ആയിരിക്കും. 'അതു തെറ്റിപ്പോയി,' 'നീ അതു ചെയ്യരുതായിരുന്നു' എന്നിങ്ങനെ മനസ്സാക്ഷി നമ്മോട് സംസാരിക്കുന്ന സന്ദർഭങ്ങൾ നമുക്കെല്ലാം ഉണ്ടായിട്ടുണ്ട്. എന്നാൽ ദൈവസ്വരം നമ്മെ കേവലം അംഗീകരിക്കുകയോ അംഗീകരിക്കാതിരിക്കയോ അല്ല ചെയ്യുന്നത്. അതിനുമപ്പുറം അത് ഉത്സാഹിപ്പിക്കുന്നു, ഉറപ്പിക്കുന്നു, നിർദ്ദേശിക്കുന്നു, അറിയിക്കുന്നു. ആദിവ്യആട്ടിടയനോട് ചേർന്നുള്ള നടപ്പ്(അപ്പോ.8:26-40ൽ ഫിലിപ്പോസ് അത് അനുഭവിച്ചു) അവിടുത്തെ സ്വരം വേഗത്തിൽ തിരിച്ചറിയുവാൻ നമ്മെ സഹായിക്കും. ദൈവം സംസാരിക്കുന്നത് ആധികാരികമായായിരിക്കും. പരിശീലനം സിദ്ധിച്ച കാതുകൾ ഉള്ളവർ അത് ഇടയന്റെ സ്വരമാണെന്ന് തിരിച്ചറിയുകയും പഴയനിയമപ്രവാചകന്മാരെപ്പോലെ ദൈവം ഇങ്ങനെ അരുളിച്ചെയ്യുന്നു എന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

**ഒരു മുന്നറിയിപ്പ്**

ദൈവത്തെ കേൾക്കുന്നതിനെക്കുറിച്ച് ഒടുവിലായി ഒരു മുന്നറിയിപ്പു നൽകാൻ ആഗ്രഹിക്കുന്നു. ഇതേക്കുറിച്ചു നേരത്തെ സൂചിപ്പിച്ചു; എന്നാൽ ഒന്നുകൂടി ഊന്നിപ്പറയട്ടെ. ദൈവം തന്റെ എഴുതപ്പെട്ട വചനത്തിനു വിരുദ്ധമായി ഒരിക്കലും പോകുകയില്ല. ദൈവവചനത്തിൽ എഴുതിയിരിക്കുന്നതിനു വിരുദ്ധമായി എന്തെങ്കിലും ചെയ്യാൻ ആന്തരികസ്വരം നമ്മോട് ആവശ്യപ്പെട്ടാൽ അതൊരിക്കലും ദൈവസ്വരം ആയിരിക്കയില്ലെന്നതിന് സംശയമില്ല.

ദൈവസ്വരം ഹൃദയത്തിൽ വ്യക്തമായി കേട്ടു എന്ന് അവകാശപ്പെട്ട് ചിലർ ചെയ്ത പ്രവർത്തനങ്ങൾ ദൈവം അംഗീകരിക്കുന്നവയായില്ല എന്നു നമുക്കറിയാം. അത്തരം അനുഭവങ്ങൾ തീർച്ചയായും ദൈവസ്വരത്തിന് ആത്മാർത്ഥമായി കാതോർക്കു

(ശേഷം പേജ് 42ൽ)





മൂകസന്ദേശം-19

# പാമ്പുകളും കുഞ്ഞാടുകളും

സന്ദീപ് പുന്നൻ

പാമ്പുകളും കുഞ്ഞാടുകളും തികച്ചും വ്യത്യസ്തരായ ജീവികൾ ആണെങ്കിലും ഒരു കാര്യത്തിൽ സാമ്യമുള്ളവയാണ്. ഈ മാസം നമ്മുടെ ചിന്ത ഈ ജീവികളെപ്പറ്റിയാവട്ടെ. അമേരിക്കയിൽ ഇന്നു ജീവിക്കുന്ന ജോൺ പൈപ്പർ എന്ന ദൈവദാസന്റെ സമീപകാലത്തെ ഒരു സന്ദേശത്തിൽനിന്നാണ് ഈചിന്തകൾക്ക് തുടക്കം ലഭിച്ചത് എന്ന കാര്യം പ്രാരംഭത്തിലേ പ്രസ്താവിക്കട്ടെ.

ബൈബിളിൽ പാമ്പുകളും കുഞ്ഞാടുകളും ബദ്ധശത്രുക്കളായി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. പാമ്പുകൾ എപ്പോഴും തിന്മയെ പ്രതിനിധാനം ചെയ്യുമ്പോൾ കുഞ്ഞാടുകൾ എപ്പോഴും നന്മയുടെ പ്രതീകമാണ്. ഏദെൻതോട്ടത്തിൽ പാമ്പിന്റെ വഞ്ചിക്കുന്ന നാവാണ് ഹവ്വയെ വഞ്ചിച്ചത്. ദൈവക്രോധത്തിൽനിന്ന് യിസ്രായേൽ മക്കളെ രക്ഷിച്ചത് നിഷ്കളങ്കമായ ഒരു കുഞ്ഞാടിന്റെ രക്തമായിരുന്നു താനും.

എന്നാൽ ഒരിക്കൽമാത്രം പാമ്പിന്റെയും കുഞ്ഞാടിന്റേയും ചിത്രം ഒരു വ്യക്തിയിൽ ഒത്തുചേരുന്നതായി നാം കാണുന്നു. ആ സന്ദർഭത്തിൽ ആ കാര്യം അത്രയ്ക്ക് വ്യക്തമായിരുന്നില്ല എങ്കിലും ആ വ്യക്തി യേശു ആയിരുന്നു! യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായം 14,15 വാക്യങ്ങളിൽ യേശു നിക്കോദേമോസിനോട് പറയുന്ന വാക്കുകൾ ശ്രദ്ധിക്കുക."മോശെ മരുഭൂമിയിൽ പിച്ചളസർപ്പത്തെ ഉയർത്തിയതുപോലെ മനുഷ്യപുത്രനെയും ഉയർത്തേണ്ടതാകുന്നു. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിനു തന്നേ."

സംഖ്യാപുസ്തകം ഇരുപത്തൊന്നാം അദ്ധ്യായത്തിൽ സൂചിപ്പിച്ചിരിക്കുന്ന ഒരു സംഭവത്തെക്കുറിച്ചാണ് യേശു പരാമർശിച്ചിരിക്കുന്നത്. മരുഭൂമിയിലെ ക്ലേശകരമായ ജീവിതത്തെക്കറിച്ചും മടുപ്പുളവാക്കുന്ന ഭക്ഷണത്തെക്കുറിച്ചും ജനം പിറുപിറുക്കുന്ന സന്ദർഭം (മടുപ്പുളവാക്കുന്ന ഭക്ഷണം ദൈവം സ്വർഗ്ഗത്തിൽ നിന്നയച്ച മന്ന ആയിരുന്നുവെന്നോർക്കണം!) ദൈവം യിസ്രായേൽ പാളയത്തിലേക്ക് അഗ്നിസർപ്പങ്ങളെ അയയ്ക്കുകയും തൽഫലമായി അനേകർ മരിക്കുവാൻ ഇടയാകുകയും ചെയ്തു.

യിസ്രായേൽ മക്കൾക്ക് വേഗത്തിൽ അവരുടെ ഭോഷത്തം മനസ്സിലായി(നിങ്ങൾക്ക് അത്ഭുതം തോന്നുന്നുണ്ടോ?!) മോശെയോട് അവർക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ അപേക്ഷിക്കുകയും മനസ്സലിവുള്ള മോശെ അവർക്കുവേണ്ടി അപേക്ഷിക്കുകയും ചെയ്തു. പിച്ചളകൊണ്ട് ഒരു പാമ്പിനെ ഉണ്ടാക്കി കൊടിമരത്തിൽ ഉയർത്തുവാൻ ദൈവം കല്പിച്ചു. അഗ്നിസർപ്പത്തിന്റെ കടിയേറ്റ ഏതൊരു വ്യക്തിയും രക്ഷപെടാൻ ഈ പിച്ചളസർപ്പത്തെ നോക്കിയാൽ മാത്രം മതിയായിരുന്നു!

ഈ പിച്ചളസർപ്പത്തെപ്പറ്റിയാണ് യോഹന്നാൻ മൂന്നാം അദ്ധ്യായത്തിൽ യേശു പരാമർശിക്കുന്നത്. ക്രൂശിൽ യേശു ഈ പിച്ചളസർപ്പത്തെയാണ് പ്രതിനിധാനം ചെയ്തതും. യിസ്രായേൽമക്കളെപ്പോലെ ക്രൂശിൽ ഉയർത്തപ്പെട്ട യേശുവിനെ നാം നോക്കുമ്പോൾ നിത്യജീവന് അവകാ

ശികളായിത്തീരുന്നു.

പാമ്പിനെക്കുറിച്ചോർക്കുമ്പോൾ ഉപായിയായ വിഷമുള്ള ഒരു ജന്തുവാണ് മനസ്സിൽ തെളിയുന്നത്. നമ്മുടെ ഈ ചിന്തയ്ക്ക് കാരണം നമ്മുടെ ക്രിസ്തീയപശ്ചാത്തലമോ ഭാരതത്തിലെ പശ്ചാത്തലമോ ആകാം. സിംഹം, കടുവ, പുള്ളിപ്പുലി തുടങ്ങി ഒട്ടനവധി അപകടകാരികളായ വന്യമൃഗങ്ങൾ ഇവിടെയുണ്ട്. ഈ മൃഗങ്ങൾ ഒന്നുംതന്നെ നമ്മെ ശല്യപ്പെടുത്താൻ നമ്മുടെ ജീവിതത്തിൽ കടന്നുവന്നിട്ടുമില്ല. മൃഗശാലയക്കു പുറത്ത് ഞാൻ ഇത്തരം മൃഗങ്ങളെ കണ്ടിട്ടുതന്നെയില്ല. എന്നാൽ പാമ്പുകളെപ്പറ്റി നാം എപ്പോഴും ജാഗ്രത പാലിക്കേണ്ടിയിരിക്കുന്നു. അടുത്തുള്ള ഒരു കുറ്റിക്കാട്ടിലോ, ഉറുമ്പിൻകൂന പോലൊരു മൺകൂനയിലോ നമ്മുടെ മുറ്റത്തോ ഒക്കെ അവ ഇഴഞ്ഞുനടക്കുന്നുണ്ടാവാം. സ്കൂളിലേക്കുള്ള വഴിമദ്ധ്യേ ഒരു സിംഹത്തെയോ കടുവയെയോ നേരിടേണ്ടിവരുമെന്ന ഭയം നമ്മുടെ കുഞ്ഞുങ്ങൾക്കില്ല. എന്നാൽ ഒരു പാമ്പിനെ കണ്ടുമുട്ടാനുള്ള സാധ്യത വളരെയേറെ ആണ്.

യേശുവിന്റെ കാലത്തും ഇത്തരം സാഹചര്യം ആയിരുന്നു. ആദ്യപാപത്തിനു കാരണമായ പഴയ പാമ്പിനെ അവർ ശപിക്കപ്പെട്ട ജന്തുവായി കരുതിയതിൽ അത്ഭുതമില്ലല്ലോ? വിഷപ്പല്ലുകളുമായി പതിയിരിക്കുന്ന പാമ്പുകളെ ചെറുപ്പക്കാരും പ്രായമുള്ളവരും ഒരുപോലെ വെറുത്തിരുന്നു. ഈ പശ്ചാത്തലത്തിൽ യേശുവിനെ കൊടിമരത്തിൽ തൂങ്ങിയ പാമ്പിനോട് ഉപമിച്ചു പറയുന്നത് ഒട്ടും സ്വീകാര്യമായ കാര്യം ആയിരുന്നില്ല. യേശുവിന് താൻ ഉയർത്തപ്പെടുന്നതിനെപ്പറ്റി ബൈബിളിലെ മറ്റ് ഏതെങ്കിലും സംഭവത്തിലേക്ക് വിരൽ ചൂണ്ടാമായിരുന്നു. ഉദാഹരണത്തിന് ചെങ്കടൽ വിഭാഗിക്കാനായി ഉയർത്തപ്പെട്ട മോശെയുടെ വടിയായി തന്നെപ്പറ്റി ചിത്രീകരിക്കാമായിരുന്നു. അല്ലെങ്കിൽ നിക്കോദേമോസിനോട് സംസാരിക്കുമ്പോൾ പെസഹാകുഞ്ഞാടായി തന്നെക്കുറിച്ച് പറയാമായിരുന്നു. ബൈബിൾ യേശുവിനെ ദൈവത്തിന്റെ കുഞ്ഞാടായി ചിത്രീകരിക്കുന്നുണ്ടല്ലോ. അതേ, പാപമില്ലാത്തവൻ യാതൊരു ഊനവുമില്ലാത്തവനായിരുന്നു യേശു.

**ദൈവം സമ്പൂർണ്ണനീതിമാനാകയാൽ പുത്രനെ തകർത്തുകളയുവാൻ അവന് ഇഷ്ടം തോന്നി(യെശ.53:10). എനിക്കും നിങ്ങൾക്കും വേണ്ടി പാപമറിയാത്ത ദൈവകുമാരൻ തകർക്കപ്പെട്ടു. നമ്മെ ദൈവകുടുംബത്തിന്റെ ഭാഗമാക്കാൻ അവിടുന്ന് ആഗ്രഹിച്ചു. കേവലം പാപങ്ങൾ ക്ഷമിക്കപ്പെട്ടവരായി മാത്രമല്ല, മുഴുവനായും തന്റെ കുടുംബത്തിന്റെ ഭാഗമായി, യേശുവിനോടൊപ്പം കൂട്ടവകാശികളായി തീർക്കുകയായിരുന്നു പിതാവിന്റെ ഇഷ്ടം**

എന്നാൽ ദൈവത്തിന്റെ കുഞ്ഞാട് ഒരു പിച്ചളസർപ്പമായിത്തീരുന്നത് വളരെ നിർണ്ണായകമായ ഒരു സാദൃശ്യമാണ്. ഈ കുഞ്ഞാട് നമുക്കുവേണ്ടി ഒരു സർപ്പത്തെപ്പോലെയായി എന്ന കാര്യം ക്രൂശിൽ നടന്ന പ്രവൃത്തിയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. വിലയേറിയ ദൈവപുത്രനെ ഞാൻ ഇടിച്ചുതാഴ്ത്തി സംസാരിക്കുന്നു എന്നാരും തെറ്റിദ്ധരിക്കരുതേ. നമ്മിലുള്ള പരിശുദ്ധാത്മാവ് യേശുവിനെ കൂടുതൽ മഹത്വപ്പെടുത്താനാണ് ആഗ്രഹിക്കുന്നത്. യേശുവിനെപ്പറ്റി ഈ സുപ്രധാനസത്യം എഴുതുന്നത് ക്രൂശിൽ എനിക്കുവേണ്ടി 'പാപമായ'





യേശു എനിക്ക് അധികം വിലയുള്ളവനായിത്തീർന്നതിനാലും അവനോടുള്ള എന്റെ ആരാധന വർധിക്കുന്നതിനാലും മാത്രമാണ്.

ക്രൂശിനേയും യേശുവിന് നൽകിയ ശിക്ഷയേയും ഞാൻ കാണുന്നത് ഇപ്രകാരമാണ്. ശാരീരികമായി യേശു അനുഭവിച്ച കഷ്ടതകൾ ദൈവത്തിന്റെ ന്യായവിധി ആയിരുന്നു എന്നു കരുതാൻ ബുദ്ധിമുട്ടുണ്ട്. ക്രൂശിൽ മരിച്ചപ്പോൾയേശു നിശ്ചയമായും അത്യധികമായ ശാരീരികവേദന അനുഭവിച്ചിരുന്നു. യേശുവിന്റെ ക്രൂശീകരണത്തെപ്പറ്റി വിശദമായി പഠിച്ചിട്ടുള്ളവർക്ക് ഇത്തരം മരണത്തിന്റെ ക്രൂരത ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ശരീരത്തിൽ താൻ സഹിച്ച പീഡനം ഇരുപത്തിനാല് മണിക്കൂറിലധികം നീണ്ടുനിന്നില്ല എന്ന് നാം ഓർക്കണം. എന്നാൽ കഴിഞ്ഞ പല നൂറ്റാണ്ടുകളിൽ ഇതിലധികം ശാരീരികപീഡനം ഇതിനേക്കാൾ കൂടുതൽ സമയം സഹിച്ച നിരവധി ക്രിസ്തുശിഷ്യരുണ്ട്. നമ്മുടെ പാപങ്ങളുടെമേലുള്ള ദൈവികന്യായവിധിയുടെ ഒരു കണികപോലുമായിരുന്നില്ല യേശു ശരീരത്തിൽ അനുഭവിച്ച പീഡനങ്ങൾ എന്നു നാം തിരിച്ചറിയണം.

പാപത്തിന്മേലുള്ള ദൈവികന്യായവിധി വാസ്തവത്തിൽ ഇതായിരുന്നു. യേശു തന്റെ മേൽ ലോകത്തിന്റെ മുഴുവൻ പാപവും വഹിച്ച് നമുക്കുവേണ്ടി ശാപമായിത്തീർന്നു(ഗലാ.3:13). യേശു ക്രൂശിൽ നമുക്കുവേണ്ടി ചുമന്നൊഴിച്ച പാപത്തിന്റെ ഭയങ്കരത്വവും ദുർഗന്ധവും നിമിത്തം പിതാവ് മുഖംതിരിച്ച് കളയുന്നതാണ് നാം കാണുന്നത്. ക്രൂശിൽ കിടക്കുന്ന യേശുവിനെ നോക്കുമ്പോൾ പിതാവ് ഒരു നിഷ്ക്കളങ്കനായ കുഞ്ഞാടിനെയല്ല കണ്ടത്. നമ്മുടെ പാപം പാമ്പിനെപ്പോലെ വെറുക്കപ്പെടുന്ന ഒന്നാണ്-നമ്മുടെ ഘോരപാപത്തെയാണ് ദൈവം അപ്പോൾ കണ്ടത്. ഹബക്കൂക്ക് 1:13ൽനാം വായിക്കുന്നതുപോലെ ദൈവത്തിന് ആ കാഴ്ച കാണാൻ കഴിയുമായിരുന്നില്ല. അറപ്പുളവാക്കുന്ന ഒന്നാണ് ക്രൂശിൽ ദൈവം കണ്ടത്. അവിടുത്തെ വിശുദ്ധിയും നീതിയും മുഖം തിരിക്കാൻ തന്നെ നിർബന്ധിക്കുകയായിരുന്നു. നീതിമാനും വിശുദ്ധനുമായ ദൈവം നമ്മുടെ പാപം ചുമന്ന പുത്രനെ കൈവിടുവാൻ നിർബന്ധിതനാകുകയായിരുന്നു. മഹാപരിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ പാപത്തിനു നിലനിൽപില്ലാത്തതിനാൽ തന്റെ ഏകജാതനായ പുത്രനെ തകർത്തു തളയുകയായിരുന്നു.

ദൈവം സമ്പൂർണ്ണനീതിമാനാകയാൽ പുത്രനെ തകർത്തുകളയുവാൻ അവന് ഇഷ്ടം തോന്നി(യെശ.53:10). എനിക്കും നിങ്ങൾക്കും വേണ്ടി പാപമറിയാത്ത ദൈവകുമാരൻ തകർക്കപ്പെട്ടു. നമ്മെ ദൈവകുടുംബത്തിന്റെ ഭാഗമാക്കാൻ അവിടുന്ന് ആഗ്രഹിച്ചു. കേവലം പാപങ്ങൾ ക്ഷമിക്കപ്പെട്ടവരായി മാത്രമല്ല, മുഴുവനായും തന്റെ കുടുംബത്തിന്റെ ഭാഗമായി, യേശുവിനോടൊപ്പം കൂട്ടവകാശികളായിത്തീർക്കുകയായിരുന്നു പിതാവിന്റെ ഇഷ്ടം

മേലാൽ ക്രൂശിനെ നോക്കുമ്പോൾ മനോഹരമായ ഒരു വസ്തുവിനെപ്പറ്റി ചിന്തിക്കാതിരിക്കുക. ഏറ്റവുമധികം വെറുക്കപ്പെടേണ്ട, മനം മടുപ്പിക്കുന്ന, ദുർഗന്ധംവമിക്കുന്ന ഒരു വസ്തുവിനെപ്പറ്റി ആയിരിക്കട്ടെ നിങ്ങളുടെ ചിന്ത. ഇതായിരുന്നു യേശുവിന്റെ ക്രൂശ് എന്നു നാം മറന്നുപോകരുത്. "പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപമാക്കി"(2കൊരി.5:21).

വിശുദ്ധരുടെ കാലൊച്ച

# ബ്രദർ ലോറൻസ്: ദൈവത്തോടൊപ്പം

യേശു ഒരിക്കൽ പറഞ്ഞു: "കുറുനരികൾക്ക് കുഴികളും ആകാശത്തിലെ പറവകൾക്ക് കൂടുകളും ഉണ്ട്, മനുഷ്യപുത്രനോ തല ചായിക്കാൻ ഇടമില്ല"(മത്തായി.8:20). തന്റെ എളിയ ജീവിതശൈലിയിലേക്ക് വിരൽ ചൂണ്ടുന്നവയായിരുന്നു യേശുവിന്റെ ഈ വചനങ്ങൾ. ഒരു ശിഷ്യനും തന്റെ യജമാനനേക്കാൾ വലിയവനല്ല. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ആധുനികചരിത്രത്തിന്റെ പ്രൊഫസറായ ഹെർബർട്ട് ബട്ടർഫീൽഡ് പറഞ്ഞത് ഇപ്രകാരമാണ്:"താരതമ്യേന നിരക്ഷരരായ വ്യക്തികൾ ആഴമായ ആത്മീയ അനുഭവം കൈവരിക്കുന്നു എന്നതു ചരിത്രത്തിലും ജീവിതത്തിലും അസാധാരണമായ ഒരു പ്രതിഭാസമല്ല." ബട്ടർഫീൽഡിന്റെ ഈ പ്രസ്താവനയ്ക്ക് ഏറ്റവും അനുയോജ്യമായ ദൃഷ്ടാന്തം നിക്കോളാസ് ഹെർമൻ എന്ന ദൈവഭക്തൻ തന്നെയാണ്.



ബ്രദർ ലോറൻസ് എന്ന പേരിൽ പ്രസിദ്ധനായ നിക്കോളാസ് ഹെർമൻ ഒരു ആശ്രമത്തിന്റെ അടുക്കളയിൽ ദൈവത്തോടു സംസാരിച്ചുകൊണ്ടേയിരുന്നു എന്നതൊഴിച്ചാൽ കാര്യമായി മറ്റൊന്നും ചെയ്തില്ല. എന്നാൽ കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകളായി ഈ ഭക്തന്റെ ജീവിതം ക്രിസ്ത്യാനികൾക്ക് വലിയ ഉത്സാഹത്തിനു കാരണമായിത്തീർന്നു.

ഫ്രാൻസിലെ 'ലോറൻ' എന്ന സ്ഥലത്ത് ഒരു പാവപ്പെട്ട കുടുംബത്തിലാണ് നിക്കോളാസ് പിറന്നത്. കാര്യമായ വിദ്യാഭ്യാസമൊന്നും ലഭിക്കാതെ ആ ചെറുപ്പക്കാരൻ പട്ടാളത്തിൽ ചേരുകയും ഒരു അപകടത്തിൽ പെട്ട് മുടന്തനായിത്തീരുകയും ചെയ്തു. 40 വയസ്സുള്ളപ്പോൾ പാരീസിലെ ഒരു കർമ്മലീത്താ ആശ്രമത്തിന്റെ അടുക്കളയിൽ സഹായിയായി. അടുത്ത നാലു പതിറ്റാണ്ടുകൾ ആശ്രമത്തിലെ കരിപിടിച്ച പാത്രങ്ങളുടെ ഇടയിൽ ജീവിക്കുകയായിരുന്നു നിക്കോളാസ് ഹെർമൻ.

ബ്രദർ ലോറൻസ് എന്ന ഭക്തന്റെ ഉദയമായിരുന്നു അവിടെ ലോകം കണ്ടത്.അദ്ദേഹത്തോടുള്ള മറ്റുള്ളവരുടെ സംഭാഷണങ്ങളും കത്തിടപാടുകളും ഒരു ആത്മീയഗുരു എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രശസ്തി വളർത്തുന്നവയായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷമാണ് ഇത്തരം കത്തുകളും സംഭാഷണത്തിന്റെ ഓർമ്മക്കുറിപ്പുകളും കുറെയെങ്കിലും സമാഹരിച്ച് പ്രസിദ്ധീകരിച്ചത്. 'ദൈവസാന്നിദ്ധ്യപരിശീലനം' എന്ന പേരിലുള്ള ഒരു ലഘുഗ്രന്ഥത്തിലൂടെ നാം അദ്ദേഹത്തിന്റെ ആത്മീയദർശനത്തെ അറിയുന്നു. ദൈവവുമായി വ്യക്തിപരമായ ഒരു ബന്ധം കൊതിക്കുന്ന





ഏതൊരു ക്രിസ്ത്യാനിക്കും സഹായകമാണ് ഈ ലഘുഗ്രന്ഥം. നാലു ദീർഘമായ സംഭാഷണങ്ങൾ ആണ് ഈ ഗ്രന്ഥത്തിന്റെ പ്രധാന ഉള്ളടക്കം. നാലാമത്തെ സംഭാഷണത്തിൽ നിന്നുള്ള ഒരു ഭാഗമാണ് ഇതോടൊപ്പം ചേർത്തിരിക്കുന്നത്:

# അടുക്കളയിലെ ദൈവം

ദൈവസന്നിധിയിൽ പ്രവേശിക്കുന്ന മാർഗ്ഗത്തെപ്പറ്റി ബ്രദർ ലോറൻസ് വലിയ എരിവോടും തുറന്ന മനസ്സോടും കൂടെ എന്നോടു സംസാരിക്കുമായിരുന്നു. യാതൊരുവിധ നിഗൂഢതയും കൃത്രിമത്വവുമില്ലാതെ ദൈവികസംസർഗ്ഗത്തിൽ ഏർപ്പെടുവാനുള്ള മാർഗ്ഗംദൈവത്തിലേക്ക് നമ്മെ അടുപ്പിക്കാത്ത എല്ലാ കാര്യങ്ങളെയും ഒറ്റയടിക്ക് ഹൃദയപൂർവ്വം പരിത്യജിക്കയത്രേ.ദൈവം ഗാഢമായി നമ്മുടെയുള്ളിൽ വസിക്കുന്നവനാകയാൽ ഓരോ നിമിഷവും അവിടുത്തെ സഹായം നമുക്ക് ചോദിക്കാം.സംശയകരമായ എല്ലാറ്റിലും തിരുഹിതത്തിനായി കാതോർക്കുക. നമ്മിൽനിന്നു ദൈവം ആവശ്യപ്പെടുന്നത് എല്ലാം നിറവേറ്റുക; അങ്ങനെ ദൈവത്തിനായി എന്തെങ്കിലും ചെയ്യുന്നതിനു മുമ്പേ ആ പ്രവൃത്തിയെ ദൈവത്തിനായി അർപ്പിക്കുക. പ്രവർത്തിച്ച ശേഷം അതിനായി ദൈവത്തിനു നന്ദി പറയുക. ഇടമുറിയാത്ത ഈ ദൈവികസംസർഗ്ഗത്തിൽ ഒരുവൻ തുടർമാനമായി സ്തുതിയിലും ആരാധനയിലും ദൈവത്തെ സ്നേഹിക്കുന്നതിലും മുഴുകിയിരിക്കും. സ്നേഹവും കരുണയും പൂർണ്ണതയുമുള്ള ദൈവത്തിന്റെ എണ്ണമറ്റ പ്രവൃത്തികളാൽ ഭക്തന്റെ മനസ്സ് നിറഞ്ഞിരിക്കും.

നാം സംശയത്തിലായിരിക്കുമ്പോൾ ദൈവം ഒരിക്കലും വെളിച്ചം നൽകാതിരിക്കയില്ല.. ദൈവത്തെ പ്രസാദിപ്പിക്കുന്നതൊഴികെ നമുക്കു മറ്റു ലക്ഷ്യങ്ങൾ ഒന്നും ഇല്ലാതിരിക്കുന്നേടത്തോളം ഇതു സത്യമായിരിക്കും. നമ്മുടെ പ്രവൃത്തികളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിലൂടെയല്ല നമ്മുടെ ശുദ്ധീകരണം നടക്കുന്നത്. നാം സാധാരണയായി ചെയ്യുന്ന പ്രവൃത്തികൾദൈവത്തിനായി ചെയ്യുന്നതിലൂടെയാണ് അത് സാധ്യമാകുന്നത്. മാർഗ്ഗത്തെ ലക്ഷ്യമായി തെറ്റിദ്ധരിച്ച് നിരവധി ആളുകൾ അവർ ചെയ്യുന്ന പ്രവൃത്തികൾ പൂർണ്ണതയുള്ളതാക്കാൻ മാനുഷികപരിശ്രമത്തിൽ മുഴുകിയിരിക്കുന്നത് ദുഃഖകരമാണ്. ദൈവത്തോട് ഏറ്റവും അടുത്ത് വസിക്കാനുള്ള മാർഗ്ഗം നാം ചെയ്യാൻ കടപ്പെട്ടിരിക്കുന്ന സാധാരണപ്രവൃത്തികൾ എല്ലാം മാനുഷികഘടകങ്ങളിൽ നിന്നു ശുദ്ധീകരിച്ച് ദൈവത്തോടുള്ള നിർമ്മലസ്നേഹത്തിൽ മാത്രം ചെയ്യുക എന്നതാണ്.

പ്രാർത്ഥനയുടെ സമയം മറ്റേതൊരു സമയത്തേക്കാളും വ്യത്യസ്തമായിരിക്കണമെന്നത് ഒരു ഭീമമായ തെറ്റിദ്ധാരണയാണ്. പ്രാർത്ഥനയ്ക്കായി വേർതിരിക്കുന്ന ആ പ്രത്യേകസമയം പോലെതന്നേ നാം ഏതു പ്രവൃത്തി ചെയ്യുമ്പോഴും അതു ദൈവികകൂട്ടായ്മയിൽ തന്നെ ചെയ്യാൻ കഴിയും. ലോറൻസിനെസംബന്ധിച്ചിടത്തോളം പ്രാർത്ഥന കേവലം ദൈവികസാന്നിധ്യമാണ്. സ്നേഹം ഒഴികെ ഒന്നിനെക്കുറിച്ചും അപ്പോൾ താൻ ഓർക്കാറില്ല. പ്രാർത്ഥനയുടെ പ്രത്യേകസമയങ്ങൾ ഒഴിച്ചാൽ മറ്റെല്ലാസമയത്തും ഏതു പ്രവൃത്തിയിൽ ഏർപ്പെ

ട്ടാലും ദൈവസന്നിധിയിൽത്തന്നെ അദ്ദേഹം ആനന്ദം കണ്ടെത്തിയിരുന്നു. പൂർണ്ണശക്തിയോടെ ദൈവത്തെ വാഴ്ത്തി സ്തുതിക്കയും ഇടതടവില്ലാതെആനന്ദത്തിൽ സമയം കഴിക്കുകയും ചെയ്ത ഈ ഭക്തൻ എപ്പോഴെങ്കിലും തന്റെ സ്വയത്തിൽ ശക്തനായാൽ ദൈവം ഏതെങ്കിലും കഷ്ടത അയയ്ക്കണമേ എന്ന് ആശിക്കുന്നവനുമായിരുന്നു. ദൈവം ഒരിക്കലും നമ്മെ വഞ്ചിക്കുകയില്ല എന്ന ഉത്തമബോദ്ധ്യത്തിൽ ദൈവത്തിലുള്ള പൂർണ്ണ വിശ്വാസത്തിൽ നാം നമ്മെത്തന്നെ എന്നേക്കുമായി ദൈവകരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കയാണ് വേണ്ടത്. നാം ചെയ്യുന്ന പ്രവൃത്തിയുടെ വലിപ്പമല്ല, അതു ചെയ്യാൻ നമ്മെ പ്രേരിപ്പിക്കുന്ന ദൈവത്തോടുള്ള സ്നേഹത്തിൽ നാം കൊച്ചു കൊച്ചു കാര്യങ്ങൾ ചെയ്യുകയാണ് വേണ്ടത്. അതിൽ ഒരിക്കലും മടുത്തുപോകരുത്. തുടക്കത്തിലുണ്ടാകുന്ന ചില പരാജയങ്ങൾ നമ്മെ നിരാശപ്പെടുത്തരുത്. അത്ഭുതകരമായ ആനന്ദത്തോടെ വലിയ കണക്കുകൂട്ടലൊന്നും കൂടാതെ പ്രവൃത്തിയിൽ ഏർപ്പെടുന്നത് വൈകാതെ നമ്മുടെ പരിചയമായിത്തീരും.

ദൈവഹിതത്തിനായി സമ്പൂർണ്ണമായി സമർപ്പിതരാകാൻ വിശ്വാസം ,പ്രത്യാശ, സ്നേഹം ഈ മൂന്നു കാര്യങ്ങളെ പരിപോഷിപ്പിച്ചാൽ മതി. നിത്യതയിൽ നാം ദൈവത്തെ പൂർണ്ണതയിൽ ആരാധിക്കും. ഈ ലോകത്തിലെ നമ്മുടെ ലക്ഷ്യവും സാധ്യമാകുന്നിടത്തോളം പൂർണ്ണതയിൽ ദൈവത്തെ ആരാധിക്കുന്നതാവട്ടെ. ആത്മീയജീവിതത്തിലേക്ക് പ്രവേശിക്കുമ്പോൾ അടിസ്ഥാനപരമായി നാം ഏതുവിധത്തിലുള്ള മനുഷ്യരാണ് എന്നകാര്യം നാം പരിഗണിക്കണം. നാം എത്ര അരിഷ്ടപാപികളാണെന്ന് തിരിച്ചറിയുമ്പോൾ ക്രിസ്ത്യാനി എന്ന പേരിന് അർഹതയില്ലാത്ത, നിന്ദിക്കപ്പെടേണ്ട, കഷ്ടതകൾ അനുഭവിക്കേണ്ട ആളുകൾ ആകുന്നതിൽ നാം വിസ്മയിക്കയില്ല. ഉള്ളിലും പുറത്തുമായി നിരവധി കഷ്ടങ്ങളിലും ക്ലേശങ്ങളിലും കൂടെ ദൈവത്തിനു നമ്മെ താഴ്മയിലേക്ക് നയിക്കേണ്ടതുണ്ട്. സമൂഹത്തിൽ വിവിധതരം പരീക്ഷകൾ പീഡനങ്ങൾ, എതിർപ്പുകൾ എന്നിവ നേരിടുമ്പോൾ നാം അത്ഭുതപ്പെടേണ്ടതുണ്ടോ? മറിച്ച് നമ്മുടെ നന്മയ്ക്കായി ദൈവം വച്ചിരിക്കുന്ന അനുഭവങ്ങളായി അവയെ തിരിച്ചറിഞ്ഞ് നാം ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താണിരിക്കയത്രേ വേണ്ടത്. ആത്മീയമായി കൂടുതൽ ഔന്നത്യം ഒരുവൻ ലക്ഷ്യം വയ്ക്കുമ്പോൾ അത്രയും അധികമായി ദൈവകൃപയിൽ അവൻ ആശ്രയിക്കേണ്ടതായും വരുന്നു.

(കടപ്പാട്:All the saints adore Thee-Bruce Shelly)

സമ്പാദകൻ:-**മാത്യു ജോർജ്**



**മിന്നിപ്പൊലിഞ്ഞ നക്ഷത്രം: ഡേവിഡ് ബ്രെയ്നാർഡ്.**

(മേയ് ലക്കത്തിൽ ബ്രെയ്നാർഡിന്റെ തെറ്റായ പടം ചേർക്കാനിടയായതിൽ ഖേദിക്കുന്നു.)





*മാതാപിതാക്കളും മക്കളും-12*

# ശിക്ഷണത്തിന്റെ പ്രാധാന്യം

ജോസ് മാത്യു, തിരുവനന്തപുരം.

കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കേണ്ട വിധം, വിഷയങ്ങൾ എന്നിവയെ സംബന്ധിച്ചായിരുന്നല്ലോ നാം ചിന്തിച്ചുവന്നത്. ഇനി മാതാപിതാക്കളുടെ നാലാമത്തെ ഉത്തരവാദത്തിലേക്ക് നമുക്ക് കടക്കാം.ശരിയായ സമയത്ത് ശരിയായ ശിക്ഷണം(discipline-ബാലശിക്ഷ) മക്കൾക്ക് നല്കുകയെന്നതാണത്. ഇതു സംബന്ധിച്ച് ദൈവവചനം എന്തു പറയുന്നു എന്നു നോക്കാം.

“പിതാക്കന്മാരേ നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ”(എഫെ.4:6).

“മകനേ കർത്താവിന്റെ ശിക്ഷ നിരസിക്കരുത്; അവൻ ശാസിക്കുമ്പോൾ മുഷിയുകയുമരുത്. കർത്താവു താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതുമകനെയുംതല്ലുന്നു”(എബ്രാ.12:5,6).

‘ഏതു ശിക്ഷയും തൽകാലം സന്തോഷകരമല്ല, ദുഃഖകരമത്രേ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനഫലം ലഭിക്കും“(എബ്രാ.12:11).

“ബാലന് ശിക്ഷ കൊടുക്കാതിരിക്കരുത്; വടികൊണ്ട് അടിച്ചാൽ അവൻ ചത്തുപോകയില്ല. വടികൊണ്ട് അവനെ അടിക്കുന്നതിനാൽ നീ അവന്റെ പ്രാണനെ പാതാളത്തിൽ നിന്നും വിടുവിക്കും.”(സദൃ.23:13-14).

**കർത്താവിന്റെ ബാലശിക്ഷ:**

സ്വർഗ്ഗത്തിലുള്ള നമ്മുടെ പിതാവു തന്നെയാണ് ഇക്കാര്യത്തിൽ നമ്മുടെ മാതൃക; താൻ സ്നേഹിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന മക്കളെ അവിടുന്ന് ശിക്ഷണം നല്കി വളർത്തുന്നു. കുഞ്ഞുങ്ങളെ നാം അതീവശ്രദ്ധയോടെ-ഉടഞ്ഞുപോകാൻ സാധ്യതയുള്ള പാത്രങ്ങളെപ്പോലെ-കരുതേണ്ടതാകുന്നു. അവർക്ക് ഊഷ്മളമായ സ്നേഹവും അതോടൊപ്പം കർശനമായ ശിക്ഷണവും ആവശ്യമാണ്. ശിക്ഷണത്തിൽ ശിക്ഷയും അടങ്ങിയിരിക്കുന്നു എങ്കിലും എല്ലാ ശിക്ഷയും ശിക്ഷണം നൽകുന്നവയുമല്ല.

ഏറെ കർശനനിയമങ്ങളും നിയന്ത്രണങ്ങളും മക്കളുടെമേൽ അടിച്ചേല്പിക്കുകയല്ല വേണ്ടത്; അങ്ങനെയായാൽ അവരുടെ ആത്മവിശ്വാസത്തെ തകർക്കുകയും അവരെ ധൈര്യഹീനരാക്കുകയും ചെയ്യും. കാലക്രമേണ അവർ നിങ്ങളിൽ നിന്ന് അകന്നുപോകാനും കാരണമാകും.സ്നേഹത്തിലധിഷ്ഠിതമായ ശിക്ഷണം മാത്രമേ നിലനിൽക്കുന്ന ഫലം ഉളവാക്കൂ. സ്നേഹമുള്ളവരും ക്രിസ്തുവിനെ ബഹുമാനിക്കുന്നവരുമായി മക്കളെ വളർത്തിയെടുക്കാൻ വളരെ സഹനവും ക്ഷമയും മാതാപിതാക്കൾക്ക് ആവശ്യമായിരിക്കുന്നു. മക്കൾക്ക് ശിക്ഷണം അഥവാ ബാലശിക്ഷ നൽകുന്ന കാര്യത്തിൽ ‘എന്റെ സ്ഥാനത്ത് യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു’ എന്നു മാതാപിതാക്കൾ ചിന്തിക്കുന്നതു നന്നായിരിക്കും. അപ്രകാരം നിങ്ങൾ ചെയ്യുന്നപക്ഷം ക്രിസ്തു എങ്ങനെയുള്ളവൻ എന്ന് നിങ്ങളുടെ ജീവിത

ത്തിലൂടെ സ്വാഭാവികമായി അവർ പഠിക്കും!

**നാം ഉത്തരവാദികൾ**: അതേ, നമ്മുടെ മക്കളുടെ ശിക്ഷണമുള്ള ജീവിതം, അച്ചടക്കം, മര്യാദ എന്നിവയെ സംബന്ധിച്ച് നാം ദൈവത്തിന് കണക്കു ബോധിപ്പിക്കേണ്ടവരാകുന്നു. നാമത് നന്നായി നിർവഹിക്കുന്ന പക്ഷം ദൈവത്തിന്റെ അംഗീകാരവും മറിച്ചായാൽ ദൈവക്രോധവും നമ്മുടെ മേൽ വരുമെന്നറിയുക.

തന്റെ മക്കളെ ശിക്ഷണമുള്ളവരായി വളർത്തുന്നതിൽ പരാജയപ്പെട്ട ഏലിപുരോഹിതനെപ്പറ്റി ശമുവേലിന്റെ ഒന്നാം പുസ്തകത്തിൽ നാം വായിക്കുന്നു.. “അവന്റെ പുത്രന്മാർ ദൈവദൂഷണം പറയുന്ന അകൃത്യം അവൻ അറിഞ്ഞിട്ടും അവരെ ശാസിച്ചമർത്താത്തതുകൊണ്ട് ഞാൻ അവന്റെ ഭവനത്തിന് എന്നേക്കും ശിക്ഷ വിധിക്കും എന്നു ഞാൻ അവനോട് കല്പിച്ചിരിക്കുന്നു. ഏലിയുടെ ഭവനത്തിന്റെ അകൃത്യത്തിന് യാഗത്താലും വഴിപാടിനാലും ഒരു നാളും പരിഹാരം വരികയില്ല എന്നു ഞാൻ ഏലിയുടെ ഭവനത്തോട് സത്യം ചെയ്തിരിക്കുന്നു”(1ശമു.3:13-14).

നോക്കുക- ഏറ്റവും അധികം ഗൗരവമേറിയ കുറ്റം ആയിട്ടാണ് ദൈവം ഇതിനെ കണക്കാക്കുന്നത്; ക്ഷമിക്കപ്പെടാത്ത ഒരു പാപമെന്ന നിലയിൽത്തന്നെ! മക്കളുടെ ശിക്ഷണം സംബന്ധിച്ച മുഖ്യഉത്തരവാദിത്തം പിതാവിനാണ് ദൈവം നൽകിയിട്ടുള്ളത്. പിതാവിന്റെ അസാന്നിധ്യത്തിൽ അഥവാ കഴിവില്ലായ്മയിൽ മാതാവ് ആ ചുമതല ഏറ്റെടുക്കാൻ ബാദ്ധ്യസ്ഥയാണ്. പിതാവ് ഭവനത്തിൽ തന്റെ ആജ്ഞകളും തന്റെ ഭാര്യയുടെ ആജ്ഞകളും പ്രാബല്യത്തിൽ വരുത്താൻ ഇടവരുമാറ് മക്കൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ശിക്ഷണവും നൽകണം; ഒരിക്കലും കുഞ്ഞുങ്ങൾ മാതാവിനെ തുച്ഛീകരിക്കാനോ അവഗണിക്കാനോ ഇട നൽകരുത്.

വീട്ടിൽ മാതാപിതാക്കൾ ഇരുവരെയും കുഞ്ഞുങ്ങൾ ആദരിക്കാനും അനുസരിക്കാനുമുള്ള ശിക്ഷണം നൽകപ്പെടണം. അനുസരണം എന്നത് കുഞ്ഞുങ്ങൾക്ക് മനസ്സുപോലെ ചെയ്യാവുന്ന ഐച്ഛികമായ(optional ) ഒരു കാര്യമല്ല, പ്രത്യുത അവർ നിർബന്ധമായും അത്യാവശ്യമായും (compulsory)അനുഷ്ഠിക്കേണ്ടതത്രേ. അമ്മയപ്പന്മാർ മക്കളോട് അനുസരണം ആവശ്യപ്പെടേണ്ടതുണ്ട്.(demand obedience). എന്തെന്നാൽ അവരോടും സ്വർഗ്ഗീയപിതാവ് അനുസരണം ആവശ്യപ്പെടുന്നുണ്ടല്ലോ. കുഞ്ഞുങ്ങളെ അനുസരണം അഭ്യസിപ്പിക്കുന്ന കാര്യത്തിൽ ശിക്ഷണപ്രക്രിയയ്ക്ക് അതിപ്രധാനമായ ഒരു സ്ഥാനമാണുള്ളതെന്നും നാം തിരിച്ചറിയണം.

**ശിക്ഷണം എന്തിന്?** ശിക്ഷണം അഥവാ ബാലശിക്ഷയുടെ ആന്തരിക അർത്ഥതലങ്ങളിലേക്കും നാം അല്പമായി കടന്നുചെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. മുതിർന്നവരായ നമ്മെയും പിതാവായ ദൈവം വിവിധയിനം ബാലശിക്ഷകളിലൂടെ കടത്തിവിട്ടാണല്ലോ ദൈവികസ്വഭാവത്തിനും ക്രിസ്തുവിന്റെ ജീവന്നും പങ്കുകാരാക്കുന്നത്. ആകയാൽ നമ്മുടെ കുഞ്ഞുങ്ങൾക്കും ചെറുപ്പം മുതൽക്കേ തത്തുല്യമായ ശിക്ഷണപ്രക്രിയ അത്യന്താപേക്ഷിതം തന്നെ.

“അവ്വണ്ണം നിങ്ങളും പാപസംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിനു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നെ എണ്ണുവിൻ”(റോമ.6:11). തിരുവെഴുത്തിലെ ഈ അടിസ്ഥാനപ്രമാണം നാം നമുക്കും നമ്മുടെ മക്കൾക്കുമായി





മുറുകെപ്പിടിച്ചുകൊള്ളുകയും ഭവനത്തിൽ ഉറപ്പായി സ്ഥാപിക്കുകയും ചെയ്യണം. നമ്മുടെ കുഞ്ഞുങ്ങളെയും ദൈവത്തിന്റെ മക്കളായി കണ്ട് നാം ആദരിക്കുന്നപക്ഷം ദൈവം നമ്മെ നയിക്കുന്ന ശിക്ഷാമാർഗ്ഗങ്ങളിലൂടെ അവരെയും നടത്തുവാൻ നാം ഉത്സാഹം കാട്ടും.

ക്രിസ്തീയശിക്ഷണം എന്താണെന്നും അതിന്റെ ഉറവിടം, ഉദ്ദേശ്യം ഇവയെല്ലാം എന്താണെന്നും ഈ വേദവചനത്തിലൂടെ നമുക്കു കണ്ടെത്താനാവും. നമ്മുടെ പഴയമനുഷ്യൻ(പാപത്തോട് അനുഭാവം കാട്ടുന്ന പ്രകൃതം) ക്രിസ്തവിനോടൊപ്പം രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ക്രൂശിക്കപ്പെട്ടിരിക്കുന്നു; ദൈവം തന്നെയാണത് ചെയ്തത്. ആ പഴയ മനുഷ്യൻ ഇനി ഉയർന്നു വരാതവണ്ണം ക്രൂശിൽ തന്നെ അവനെ അടക്കി നിർത്തുന്നതിന് ക്രിസ്തീയശിക്ഷണം അത്യന്താപേക്ഷിതമത്രേ. പഴയ മനുഷ്യനെ നമ്മുടെ കാൽക്കീഴെ ആക്കിയിരിക്കുന്നു, സത്യം; എന്നാൽ വിശ്വാസത്താൽ ഈ വസ്തുത നാം ഏറ്റെടുക്കാതിരിക്കുന്ന പക്ഷം പഴയ മനുഷ്യന് നമ്മുടെമേൽ വീണ്ടും അധികാരമുണ്ടാകുകയും പാപത്തിന്റെ ആധിപത്യം നമുക്ക് മുമ്പത്തേക്കാളേറെ കഠിനമായി അനുഭവപ്പെടുവാനിടയാകുകയും ചെയ്യാനിടയുണ്ട്.

കഠിനവ്യഥകളിലൂടെ കടന്ന് ക്രിസ്തു ക്രൂശിൽ കീഴടക്കിയ പഴയ മനുഷ്യനെ വീണ്ടും കല്ലറയിൽനിന്ന് ജീവിച്ചെഴുന്നേറ്റുവരാൻ നാം ഒരിക്കലും അനുവദിക്കരുത്. നാം പുതിയ സൃഷ്ടികളെങ്കിലും ബലഹീനതകൾ നിറഞ്ഞവരാകയാൽ അത്യധികം ആത്മീയശിക്ഷണവും ജാഗ്രതയും നമുക്കാവശ്യമാണ്. ക്രിസ്തീയമായ സ്വയശിക്ഷണം, ആത്മനിയന്ത്രണം ഇവയുടെയെല്ലാം അർത്ഥവും ഉദ്ദേശ്യവും ഇതാകുന്നു.-പഴയമനുഷ്യനുമേൽ നമുക്കുള്ള നിരന്തരവിജയത്തെ ദിനംപ്രതി പരിശീലിപ്പിച്ച് ഉറപ്പിക്കുക. എല്ലാവിധ ശിക്ഷണമാർഗ്ഗങ്ങളും ഈ ലക്ഷ്യത്തോടെയാണ് ദൈവം നമ്മുടെ മേൽ സ്ഥാപിക്കുന്നത്. മറ്റുള്ളവരേയും നമ്മുടെ മക്കളേയും ഉന്നതമായ ഈ ലക്ഷ്യത്തോടെ വേണം നാം ശിക്ഷണവിധേയരാക്കാൻ ആഗ്രഹിക്കുന്നതും. ആകയാൽ മുതിർന്നവർക്ക് ദൈവികശിക്ഷണം ആവശ്യമായിരിക്കുന്നതുപോലെതന്നെ, കുഞ്ഞുങ്ങൾക്കും മാതാപിതാക്കളുടെ ശ്രദ്ധാപൂർവ്വമുള്ള ശിക്ഷണം അഥവാ ബാലശിക്ഷ അത്യന്താപേക്ഷിതമായിരിക്കുന്നു.

ശിക്ഷണവും ശിക്ഷയും ഒരു നാണയത്തിന്റെ രണ്ടുവശങ്ങൾ എന്നവണ്ണം ചേർന്നിരിക്കുന്നതും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതുമായ ആശയങ്ങളത്രേ. വാസ്തവത്തിൽ എല്ലാവിധ ശിക്ഷണമുറകളും ഒരുതരം ശിക്ഷ തന്നെയാണ്; പക്ഷേ എല്ലാ ശിക്ഷകളും ദൈവികശിക്ഷണത്തിൽ കലാശിക്കുന്നുമില്ല. “ദൈവമോ നാം തന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന് നമ്മുടെ ഗുണത്തിനായിട്ടത്രേ ശിക്ഷിക്കുന്നത്”(എബ്രാ.12:10). ശരിയായ ശിക്ഷണം ഒരു പിതൃഹൃദയത്തിൽ നിന്ന് ഉത്ഭവിക്കുന്നതാണ്; അത് രക്ഷിക്കാനും ശുദ്ധീകരിക്കാനും സൗഖ്യപ്പെടുത്താനും ഉതകുന്നു. എന്നാൽ ശിക്ഷയാകട്ടെ, കേവലം ധാർമ്മികതയോ നീതിനിർവ്വഹണമോ ഒക്കെ ലക്ഷ്യമാക്കിയുള്ളതാണ്.

**ഉത്തമശിക്ഷണം**: ഫലപ്രദമായ ശിക്ഷണത്തിന്റെ ഉദ്ദേശ്യം നമ്മുടെ കുഞ്ഞുങ്ങൾ ദൈവഭയമുള്ളവരും പരിപക്വതയുള്ള ആളത്തത്തിന്റെ ഉടമകളുമായി വളർന്നുവരുക എന്നതാണ്. തൽഫലമായി അവർക്ക് മികച്ച ആത്മവിശ്വാസവും ഉയർന്ന കാര്യപ്രാ

പ്തിയും ദൈവരാജ്യത്തിനു പ്രാമുഖ്യം നൽകുന്ന മഹത്തായ ജീവിതദർശനവും കൈവരും. ശരിയായ ശിക്ഷണരീതി അവലംബിക്കുന്നതിൽ പരാജയപ്പെട്ടാൽ അനന്തരതലമുറ നിങ്ങളുടെ കയ്യിൽ ഭദ്രത കണ്ടെത്തുകയില്ല എന്നോർക്കുക.

ക്രിസ്തീയഭവനങ്ങളിൽ വിവിധ ശിക്ഷണരീതികൾ കണ്ടുവരുന്നുണ്ട്. മുൻതലമുറകളിലെ കാരണവന്മാർ അവലംബിച്ചിരുന്ന 'ഏകാധിപത്യരീതിയാണ്' അവയിലൊന്ന്. അമിതനിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അമ്മയപ്പന്മാർ മക്കളെ അടിച്ചമർത്തി ഭരിക്കുന്നതാണീ രീതി. 'ഭയമുളവാക്കുന്ന കർശനനിയമങ്ങളാണ്' വീട്ടിലാകമാനം. കുട്ടികളുടെ അഭിപ്രായം അന്വേഷിക്കുകയോ വിലയിരുത്തുകയോ ചെയ്യാനുള്ള അവസരം ഇവിടെ ലഭിക്കാറില്ല. മക്കൾക്ക് പക്വതയോടും വിവേകത്തോടുംകൂടെ പ്രതികരിക്കാനുള്ള അവസരം പൂർണ്ണമായും നിഷേധിക്കപ്പെടുന്നു.

ഇതിനു നേരേ വിപരീതമായി, യാതൊരു നിയമങ്ങളും വിലക്കുകളുമില്ലാതെ കുട്ടികളെ കയറൂരി വിടുന്ന രീതിയാണ് മറ്റൊന്ന്. മനുഷ്യരെല്ലാം സ്വാഭാവികമായും (ജന്മനാ)നന്മ നിറഞ്ഞവരാണെന്ന ഭോഷത്തമായ ശുഭപ്രതീക്ഷയിൽ അധിഷ്ഠിതമാണീ ചിന്താഗതി. കുഞ്ഞുങ്ങൾ അടിസ്ഥാനപരമായും നല്ലവരാണെന്ന ആശയത്തോട് ദൈവവചനം യോജിക്കുന്നില്ല. "മനുഷ്യന്റെ നിരൂപണം ബാല്യം മുതൽ ദോഷമുള്ളതാകുന്നു(ഉല്പ.8:21). "ബാലന്റെ ഹൃദയത്തോട് ഭോഷത്തം പറ്റിയിരിക്കുന്നു; ശിക്ഷയ്ക്കുള്ള വടി അവനെ അതിൽനിന്നകറ്റിക്കളയും"(സദൃ.22:15). ഇക്കഴിഞ്ഞ അരനൂറ്റാണ്ടിലേറെക്കാലം പാശ്ചാത്യനാടുകളിൽ ഈ ചിന്താഗതിയാണ് പ്രബലപ്പെട്ടിരുന്നത്. എന്നാൽ അതിന്റെ തിക്തഫലങ്ങൾ അവരിന്ന് കൊയ്തുകൂട്ടുകയാണ്.-ദിനംപ്രതി തകർന്നടിയുന്ന കുടുംബബന്ധങ്ങൾ.......അനാഥരായ, അരക്ഷിതബോധം നിറഞ്ഞ മക്കൾ.......സ്വാർത്ഥതയും അത്യാഗ്രഹവും ഭൗതികതയും നിറഞ്ഞ തലമുറ.......

മക്കളോടുള്ള സ്നേഹത്തിന്റെ തെളിവ് അവരുടെ എല്ലാ ഇംഗിതങ്ങളും നിർബാധം സാധിപ്പിച്ചുകൊടുക്കുന്നതാണെന്ന് ചിലർ തെറ്റായി ഗ്രഹിച്ചിട്ടുണ്ട്. വാസ്തവത്തിൽ ഇത് വിവേകശൂന്യമായ സ്നേഹപ്രകടനമാണ്. ആരോഗ്യകരമായ സ്നേഹത്തിൽനിയന്ത്രണങ്ങളും ശാസനകളും തിരുത്തലുകളും ഒക്കെയുണ്ടായിരിക്കും. നിയന്ത്രണങ്ങൾ കൂടാതെ ഇഷ്ടംപോലെ വളർന്നു വരുന്ന കുട്ടികളാകട്ടെ, മിക്കപ്പോഴും മത്സരികളും നിഷേധികളും ആയിത്തീരാറുണ്ട്. പലരും തെറ്റായ കൂട്ടുകെട്ടുകളിൽ അകപ്പെട്ട് മാതാപിതാക്കൾക്കും സമൂഹത്തിനും വളരെയേറെ അപമാനവും മനോഭാരവും വരുത്താറുണ്ട്.

മേൽപ്രസ്താവിച്ച ശിക്ഷണരീതികൾ രണ്ടും വിഭിന്നധ്രുവങ്ങളിൽ ആണെന്നു കാണാൻ കഴിയും. ഇവയുടെ ഏതാണ്ട് മദ്ധ്യത്തിലൂടെയാണ് ശരിയായ പാത കടന്നുപോകുന്നത്. സ്നേഹത്തിൽ അധിഷ്ഠിതമായ നിയന്ത്രണം, അധികാരപ്രയോഗം, സ്വാതന്ത്ര്യം, പരസ്പരവിശ്വാസം ഇതെല്ലാം ഉൾക്കൊള്ളുന്നതാണ് ശരിയായുള്ള ശിക്ഷണരീതി. കുഞ്ഞുങ്ങളുടെ പ്രായം, വ്യക്തിത്വം,അഭിരുചികൾ ഇവയെല്ലാം കണക്കിലെടുത്തുകൊണ്ട് വിവേകപൂർണ്ണമായ നിയന്ത്രണങ്ങൾ അഥവാ സ്വാതന്ത്ര്യങ്ങൾ ഏർപ്പെടുത്തുകയാണ് വേണ്ടത്.

***ശിക്ഷണത്തോടു കൂടിയ അഭ്യസനം:*** കുഞ്ഞുങ്ങളുടെ ശിക്ഷണപ്രക്രിയ എപ്പോഴാണ് ആരംഭിക്കേണ്ടത് എന്ന് പല മാതാപിതാക്കളും ചോദി





ക്കാറുണ്ട്. കഴിവതും നേരത്തേതന്നെ. അതായത് നിവൃത്തിയുണ്ടെങ്കിൽ കുഞ്ഞ് തൊട്ടിലിൽ കിടക്കുമ്പോൾ മുതൽ ശിക്ഷണം നൽകിത്തുടങ്ങണം. മാതാപിതാക്കളെ തന്റെ ചൊൽപ്പടിക്കു നിർത്താനാവുമോ ഇല്ലയോ എന്ന് ആ ശിശുവിന് തിരിച്ചറിയാം; സാധ്യമെങ്കിൽ അവൻ അപ്രകാരം ചെയ്യുകയും ചെയ്യും. നിർത്താതെ ഉച്ചത്തിൽ കരയുക, നിലത്ത് വീണുരുണ്ട് നിലവിളിക്കുക, ശ്വാസമടക്കിപ്പിടിക്കുക, ഭക്ഷണം കഴിക്കാൻ വിസമ്മതിക്കുക എന്നിങ്ങനെ പല അഭ്യാസങ്ങളും അവൻ പയറ്റും-കുടുംബാംഗങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ. ഏതെങ്കിലും മേഖലയിൽ വിജയം കാണുന്നപക്ഷം അതുതന്നെ അവൻ തന്റെ ആയുധമാക്കിത്തീർക്കും.

ഇവിടെയാണ് മാതാപിതാക്കൾ വിവേകം കാട്ടേണ്ടത്. കുടുംബത്തിലെ യജമാനൻ അഥവാ നായകൻ ആയിരിക്കാൻ നിങ്ങൾ ഭയപ്പെടരുത്. വീട്ടിൽ തങ്ങളേക്കാൾ ശക്തിയും അധികാരവും ജ്ഞാനവുമുള്ള മറ്റൊരാൾ ഉണ്ടെന്നുള്ള യാഥാർത്ഥ്യം കുഞ്ഞുങ്ങൾ ഗ്രഹിക്കേണ്ടതാവശ്യമാണ്. അപ്രകാരം ഗ്രഹിപ്പിച്ചുകൊടുക്കാൻ മറ്റാരെങ്കിലും വരുമെന്ന് നിങ്ങൾ കരുതരുത്. -ആ ജോലി നിങ്ങൾതന്നെ ചെയ്യണം. ഒരു സാഹചര്യം വരുമ്പോൾ നിങ്ങൾ ധൈര്യസമേതം അധികാരത്തോടെ പറയണം "ഇല്ല, നിനക്കതു പാടില്ല"; അല്ലെങ്കിൽ "സാധ്യമല്ല മോനെ ഈ വീട്ടിൽ അത് സാധ്യമല്ല." കുഞ്ഞുങ്ങൾ ആദ്യമൊക്കെ അല്പമായി പ്രതിഷേധിച്ചു എന്നു വരാം-ഏങ്ങലടിച്ചു കരയുക, മിണ്ടാതെ കയറിക്കിടക്കുക, ഭക്ഷണം വേണ്ടെന്നു പറയുക ഇത്യാദി. എങ്കിലും പിന്നീട് അവരുടെ നന്മയ്ക്കായി വിവേകപൂർവ്വം നിങ്ങൾ ഉറച്ച ഒരു നിലപാട് സ്വീകരിച്ചു എന്നതിനാൽ അവർ സന്തോഷിക്കും, നിങ്ങളെ ബഹുമാനിക്കും.

''കരയുന്ന കുഞ്ഞിനേ പാലുള്ളൂ" എന്ന പഴമൊഴി കേട്ടിട്ടില്ലാത്തവർ ചുരുങ്ങും. പക്ഷേ പലരും ഈ പ്രയോഗം ശരിയാംവിധം ഗ്രഹിച്ചിട്ടില്ല. അതായത് സംസാരിക്കാൻ കഴിവില്ലാത്ത പിഞ്ചുപൈതലിനാണ് കരഞ്ഞു കാര്യങ്ങൾ സാധിക്കാൻ അനുവാദമുള്ളത്. സംസാരിക്കാൻ കഴിവുള്ള മുതിർന്ന കുഞ്ഞുങ്ങൾ കരഞ്ഞല്ല കാര്യങ്ങൾ സാധിക്കേണ്ടത്-അവർ ആവശ്യങ്ങൾ വായ്തുറന്ന് പറയണം. ഭവനത്തിൽ ശിക്ഷണത്തിന്റെ ഭാഗമാക്കാവുന്ന ഒരു പ്രമാണമത്രേ ഇത്.:"നമ്മുടെ കുട്ടികൾക്ക് കരഞ്ഞു കാര്യം സാധിക്കാൻ അനുവാദമില്ല." നിങ്ങളുടെ കുഞ്ഞുങ്ങളുടെ ദുശ്ശാഠ്യപ്രവണതകളെ തിരിച്ചറിഞ്ഞ് മുളയിൽത്തന്നെ അവയെ നുള്ളിക്കളയുവാൻ ശ്രദ്ധിക്കുക. വെളിയിൽ കേൾക്കുംവിധം ഉച്ചത്തിൽ അലറിക്കരയുക, തറയിൽ വീണുകിടന്ന് അലമുറയിടുക,, സാധനങ്ങൾ വലിച്ചെറിയുക, മോശമായ വാക്കുകൾ പറയുക, അതിഥികളുടെ മുമ്പിൽ നിലവിളിച്ച് പ്രശ്നമുണ്ടാക്കി ചില കാര്യങ്ങൾ സാധിക്കാൻ ശ്രമിക്കുക-ഇപ്രകാരമുള്ള ദുശ്ശാഠ്യങ്ങളെല്ലാം കർശനമായും നിങ്ങൾ നിർത്തലാക്കണം

"സകലവും മറ്റുള്ളവർചെയ്തു നൽകുന്ന ഒരു കുട്ടിയെ ഭാവനയിൽ കാണുക:ആഗ്രഹമുള്ളതെല്ലാം അവന് ഉടനെ നൽകപ്പെടുന്നു; എന്നാൽ അവനോട് മറ്റുള്ളവർ യാതൊന്നും ചെയ്യാൻ ആവശ്യപ്പെടുന്നതുമില്ല.-*'എല്ലാം കൈമോശം വന്ന ഒരു കുട്ടി' (a deprived child)* എന്നു നമുക്കവനെ വിളിക്കാം. വളർച്ചയ്ക്കാവശ്യമായ പോഷകങ്ങളോ വിറ്റാമിനുകളോ ഇല്ലാത്ത ആഹാരം നിങ്ങളുടെ കുഞ്ഞിനു നൽകുന്നതുപോലെയാണിത്-ഏറെത്താമസിയാതെ പോഷകക്കുറവുമൂലം അവനിൽ വിളർച്ചയും തളർച്ചയും പ്രകടമാകും. യാതൊരു

വിലക്കുകളും നിയന്ത്രണങ്ങളുമില്ലാത്ത, മക്കളോട് ഒന്നും ആവശ്യപ്പെടാത്ത, മര്യാദയോ അനുസരണമോ പഠിപ്പിക്കാത്ത നിയമങ്ങളോ അതിർവരമ്പുകളോ സ്ഥാപിച്ചിട്ടില്ലാത്ത ഒരു ഭവനം -ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥൻ വന്ന് പിഴ ചുമത്താൻ തക്കവണ്ണം അനാരോഗ്യകരമായ, രോഗാതുരമായ ഒരിടമത്രേ അത്. അവിടെ കുഴപ്പങ്ങൾ ഉണ്ടായില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളു. കുട്ടിയുടെ സ്വഭാവത്തിന് ബലവത്തായഘടന ആവശ്യമായിരിക്കുന്നു; പ്രാരംഭഘട്ടത്തിൽ മാതാപിതാക്കൾ നൽകുന്ന നിയന്ത്രണങ്ങളിലൂടെയാണിത് ആരംഭിക്കുന്നത്."('നാഷനൽ ഒബ്സർവർ' എന്ന പത്രികയിൽ ഒരു ഡോക്ടർ എഴുതിയ ലേഖനത്തിൽ നിന്ന്)

**ഭീഷണിവാക്കുകൾ ഒഴിവാക്കുക:**

ബാലശിക്ഷ ആവശ്യമുള്ള സമയത്ത് വൈകാതെ അതു നൽകാൻ ശ്രദ്ധിക്കണം."ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷാവിധി തൽക്ഷണം നൽകാത്തതുകൊണ്ട് മനുഷ്യർ ദോഷം ചെയ്യാൻ ധൈര്യപ്പെടുന്നു.(സഭാപ്ര.8:11) ശിക്ഷ നൽകുമെന്ന് കൂടെക്കൂടെ ഭീഷണി മുഴക്കുകയും കോപിച്ച് ശബ്ദമുയർത്തി വളരെ പുലമ്പുകയും എന്നാൽ നടപടി ഒന്നും സ്വീകരിക്കാതിരിക്കയും ചെയ്യുന്നവരുണ്ട്-മിക്ക അമ്മമാരും ഇക്കൂട്ടത്തിൽപ്പെടുന്നു. ''ഞാൻ വടി എടുക്കും ങ്ഹാ, എന്തിയേ/എവിടെയാ ഇവിടെയിരുന്ന വടി....അടിച്ച് ശരിയാക്കും ട്ടോ... ങ്ഹാ...നിനക്കു ഞാൻ വച്ചിട്ടുണ്ട്" ഇങ്ങനെപോകുന്നു അവരുടെ ഉണ്ടയില്ലാവെടികൾ. പ്രാവൃത്തികമാക്കാൻ നിശ്ചയിച്ചിട്ടില്ലാത്ത ഇത്തരം വൃഥാ-ഭീഷണികൾ മക്കളുടെ മനസ്സിൽ താത്പര്യക്കുറവു സൃഷ്ടിക്കുകയും കാലാന്തരത്തിൽ മാതാവിനോടുള്ള ബഹുമാനം കുറഞ്ഞുവരാൻ ഇടയാക്കുകയും ചെയ്യും. ഇതുനിമിത്തം ഭവനാന്തരീക്ഷത്തിൽ വർഷങ്ങളോളം നീണ്ടുനിൽക്കുന്ന കുഴപ്പങ്ങൾക്കും അസ്വസ്ഥതകൾക്കും വഴിമരുന്നിടുകയാണവൾ ചെയ്യുന്നത്. അവളുടെ മാതൃഹൃദയം കർശനമായ ശിക്ഷ നൽകാൻ വിസമ്മതിക്കുന്നു; തന്നിമിത്തം ശിക്ഷയ്ക്കുള്ള ഭീഷണിവാഗ്ദാനങ്ങൾ നിറവേറപ്പെടാതെ പോകുകയും ചെയ്യുന്നു. വാസ്തവത്തിൽ മിക്കപ്പോഴും കടുത്ത ശിക്ഷകൾക്ക് ആവശ്യമേയില്ല. യഥാസമയം ഗൗരവപൂർണ്ണമായി നൽകപ്പെടുന്ന ഒരു ചെറിയ ശിക്ഷ മതിയാകും.-കുറ്റം തുടർന്നുചെയ്യുന്ന പക്ഷം ശിക്ഷയും ആവർത്തിക്കേണ്ടിവരും, അത്രമാത്രം. ആകയാൽ ഭീഷണികളും ശബ്ദമുയർത്തുന്നതും ഒഴിവാക്കി ദൈവവചനം അനുശാസിക്കുന്നതുപോലെ യഥാസമയം ആവശ്യമായ ബാലശിക്ഷ നൽകാൻ മാതാപിതാക്കൾ നിർണ്ണയിച്ചുകൊള്ളട്ടെ.

**സംക്ഷേപം:** മക്കൾക്കുള്ള ശിക്ഷണമെന്നാൽ ശിക്ഷയല്ല,'കർത്താവിന്റെ ബാലശിക്ഷ'യാണ്. യഥാസമയം മക്കൾക്ക് ശിക്ഷണം നൽകാത്ത മാതാപിതാക്കൾ ദൈവമുമ്പാകെ കുറ്റക്കാർ തന്നെ. ക്രൂശിക്കപ്പെട്ട പഴയമനുഷ്യൻ വീണ്ടും എഴുന്നേറ്റുവരാതവണ്ണം സ്വയം-ശിക്ഷണവും നിയന്ത്രണവും നമുക്ക് ആവശ്യമാകുന്നു. ഭവനത്തിൽ കുഞ്ഞുങ്ങൾക്ക് സ്നേഹവും സ്വാതന്ത്ര്യവും ഒപ്പം നിയന്ത്രണങ്ങളും കൂടിയേ തീരൂ. വീട്ടിലെ നായകനായിരിക്കാനും മക്കളുടെമേൽ അധികാരം നടത്താനും പിതാവ് ഭയപ്പെടരുത്; കുഞ്ഞുങ്ങളുടെ ദുശ്ശാഠ്യങ്ങൾ നന്നേ ചെറുപ്പത്തിൽത്തന്നെ നിർത്തലാക്കുകയും വേണം. ഭീഷണിവാഗ്ദാനങ്ങൾ നൽകിയാൽ നിശ്ചയമായും അവ നിറവേറ്റണം; ഭീഷണികളും ശബ്ദമുയർത്തി സംസാരിക്കുന്നതും ഒഴിവാക്കുക. (തുടരും)





വചനം

# സാമ്പത്തികകാര്യങ്ങൾ ക്രിസ്ത്യാനി എങ്ങനെ കൈകാര്യം ചെയ്യണം?

വാച്ച്മാൻ നീ

ക്രിസ്ത്യാനികൾ സാമ്പത്തികകാര്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി അവിശ്വാസികളുടേതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. ക്രിസ്ത്യാനിയുടെ വഴി 'കൊടുക്കുക' എന്നതാണെങ്കിൽ അവിശ്വാസിയുടേത് 'കൂട്ടിവയ്ക്കുക' എന്നതത്രേ.

''കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും; അമർത്തിക്കുലുക്കിക്കവിയുന്ന ഒരു നല്ല അളവ് നിങ്ങളുടെ മടിയിൽത്തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും"(ലൂക്കോ.6:38).

വിശ്വാസികൾ എന്ന നിലയിൽ നമ്മുടെ എല്ലാ ആവശ്യങ്ങൾക്കും നാം ദൈവത്തിങ്കലേക്ക് നോക്കുന്നു. അവിടുത്തെ ദയ കൊണ്ടുമാത്രമാണ് നാം ജീവിക്കുന്നത്. ധനികനായ ക്രിസ്ത്യാനി ഭക്ഷണത്തിനും വസത്രത്തിനും വേണ്ടി തന്റെ ധനത്തെയല്ല ആശ്രയിക്കുന്നത്. യുദ്ധകാലത്ത് പല ധനികന്മാരും ഈ രണ്ടു കാര്യത്തിനു ബുദ്ധിമുട്ടുള്ളവരായിത്തീർന്ന കാര്യം നമുക്കറിവുള്ളതാണല്ലോ. പൗലൊസ് പറയുന്നതു ശ്രദ്ധിക്കുക "ഈ ലോക

ആകാശത്തിലെ അസംഖ്യം പറവകളെ പോറ്റുവാനും വയലിലെ എല്ലാ പൂക്കളെയും ചമയിക്കുവാനും ദൈവത്തിനു കഴിയുമെങ്കിൽ നിങ്ങളുടെ ഭൗതികാവശ്യങ്ങൾ നിർവ്വഹിച്ചുതരുവാനും ദൈവത്തിനു കഴിയും



ത്തിലെ ധനവാന്മാരോട് ഉന്നതഭാവം കൂടാതെയിരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്ക് സകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശ വയ്പ്പാനും ....ആജ്ഞാപിക്ക''(1തമോ.6:17). തങ്ങളുടെ ആശ്രയം ദൈവത്തിൽ വയ്ക്കുന്നവർക്ക് ഒരിക്കലും മുട്ടു വരികയില്ല. അവരുടെ സകല ആവശ്യങ്ങളും നിറവേറ്റുവാൻ ദൈവം ശക്തനത്രേ.

ആകാശത്തിലെ അസംഖ്യം പറവകളെ പോറ്റുവാനും വയലിലെ എല്ലാ പൂക്കളെയും ചമയിക്കുവാനും ദൈവത്തിനു കഴിയുമെങ്കിൽ നിങ്ങളുടെ ഭൗതികാവശ്യങ്ങൾ നിർവ്വഹിച്ചുതരുവാനും ദൈവത്തിനു കഴിയും(മത്താ.6:26-33). നാം ജീവിക്കുവാൻ നിവൃത്തിയില്ലാത്ത സാമ്പത്തികഞെരുക്കത്തിൽ ആയിരിക്കുവാൻ ദൈവം ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ആവശ്യങ്ങൾ സമൃദ്ധിയായി നിറവേറ്റുവാൻ അവിടുന്ന് സദാ സന്നദ്ധനാണ്. ആയിരമായിരം മലകളിലും കാടുകളിലും വസിക്കുന്ന എല്ലാ മൃഗങ്ങളും പക്ഷികളും അവിടുത്തെ വകയത്രേ. അവിടുന്ന് എല്ലാ പ്രപഞ്ചത്തിന്റെയും ഉടമസ്ഥൻ തന്നെ. അങ്ങനെയെങ്കിൽ ആ ദൈവത്തിന്റെ മക്കൾ മുട്ടുള്ളവരായിരിക്കേണ്ട ആവശ്യമില്ല. അവർക്ക് ആവശ്യമായതെല്ലാം ദൈവം നൽകുകതന്നെ ചെയ്യും.

എന്നാൽ നമുക്ക് ലഭിക്കുന്നതിനു മുമ്പ് നാം നിറവേറ്റേണ്ട ഒരു വ്യവസ്ഥയുണ്ട്.''കൊടുപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും.”ഇതാണ് ആ വ്യവസ്ഥ.

ബൈബിളിൽ ദൈവം നമുക്ക് കാണിച്ചുതരുന്ന ഒരടിസ്ഥാനപ്രമാണമാണിത്. കൊടുത്താൽ സമൃദ്ധിയുണ്ടാകും.കൂട്ടിവച്ചാലോ നാം ദരിദ്രരാകും. നാം എത്രയധികം കൊടുക്കുന്നുവോ അത്രയധികം ദൈവം നമുക്കു നല്കും.. നിങ്ങളുടെ സഹോദരീസഹോദരന്മാരോട് നിങ്ങൾ എങ്ങനെ പെരുമാറുന്നുവോ അങ്ങനെ തന്നെ ദൈവം നിങ്ങളോടും പെരുമാറും. നിങ്ങൾ കൊടുക്കുന്നില്ലെങ്കിൽ നിങ്ങൾക്ക് തരുവാനുള്ള കടമ ദൈവത്തിനില്ലതന്നെ. പണത്തെ സ്നേഹിക്കുകയും കൊടുക്കുന്നതിനെപ്പറ്റി വില പേശുകയും ചെയ്യുന്ന ഒരുത്തനും ദൈവത്തിന്റെ പക്കൽ നിന്നും ധനം ലഭിക്കുകയില്ല. എന്തെന്നാൽ ദൈവം കരാറേറ്റിട്ടുള്ളത് ഒരു കൂട്ടർക്ക് മാത്രം കൊടുക്കുവാനാണ്. മറ്റുള്ളവർക്ക് കൊടുക്കുവാൻ സമ്മതം കാട്ടുന്നവർക്കു മാത്രം.

ക്രിസ്തീയമായ സാമ്പത്തികാസൂത്രണമെന്നത് നമ്മുടെ കൈവശം പണം ഇറുക്കിപ്പിടിക്കുക എന്നതല്ല, ഒരാൾ പണം എത്ര കൂടുതൽ ഇറുക്കിപ്പിടിക്കുന്നുവോ അത്ര കൂടുതൽ അത് അയാൾക്ക് ആപൽക്കരമായിത്തീരും. അത്തരം പണം ഉപയോഗശൂന്യമാണ്. മഞ്ഞുകട്ട ഉരുകിപ്പോകുന്നതുപോലെ അത് അപ്രത്യക്ഷമാകും. പണം ഇറുക്കിപ്പിടിക്കയും ഔദാര്യപൂർവ്വം കൊടുക്കാതിരിക്കുകയും ചെയ്യുന്ന ഒരുവനിൽപ്പോലും ദൈവം വിശ്വാസമർപ്പിക്കുകയില്ല. കാരണം, അവൻ അവിശ്വസ്തനത്രേ.

വിതയ്ക്കപ്പെടുന്ന വിത്തുപോലെയാണ് പണം എന്നോർക്കുക.“ലോപമായി വിതയ്ക്കുന്നവൻ ലോപമായി കൊയ്യും. ഔദാര്യമായി വിതയ്ക്കുന്നവൻ ഔദാര്യമായി കൊയ്യും”(2കൊരി.9:6). സഹോദരീസഹോദരന്മാരെ അവരുടെ ഞെരുക്കത്തിൽ കണ്ട് അവരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്ന പക്ഷം അപ്രകാരം നിങ്ങൾ വിതച്ച പണം മുപ്പതും അറുപതും നൂറും മേനിയായി വർദ്ധിക്കുവാൻ ദൈവം ഇടയാക്കും.

മറ്റു കാര്യങ്ങളെപ്പറ്റി സാക്ഷ്യം





പറയുവാൻഎനിക്കൊരുവേള സാധിച്ചില്ലെന്നുവന്നാലും ഈയൊരുകാര്യം സാക്ഷിക്കുവാൻ എനിക്കു കഴിയും: ഒരുവൻ എത്രത്തോളം പണം ഇറുക്കിപ്പിടിക്കുന്നുവോ അത്രത്തോളം അവൻ ദരിദ്രനായിത്തീരും. 1923 മുതൽ ഇക്കഴിഞ്ഞ 25 വർഷക്കാലം ചൈനയിലുള്ള മറ്റേതു സഹോദരനെക്കാളുമധികം അവസാനത്തെ നാണയത്തുട്ടിലേക്ക് താണുവന്ന സന്ദർഭങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. എന്നാൽ ഞാൻ ബുദ്ധിമുട്ടിലാകുമ്പോൾ എന്നോടുള്ള കർത്താവിന്റെ വചനം “കൊടുക്കുക, എന്നാൽ നിങ്ങൾകക്കു കിട്ടും”എന്നാണ്. കൊടുക്കുന്നവർക്ക് മാത്രമേ കിട്ടുകയുള്ളു എന്ന് അനുഭവത്തിൽ നിന്ന് ഞാൻ പഠിച്ചിട്ടുണ്ട്. അനേകമനേകം പ്രാവശ്യം കർത്താവെനിക്കു കാണിച്ചുതന്നിട്ടുള്ള വസ്തുത-ഞാൻ ഔദാര്യപൂർവ്വം കൊടുത്താൽ കർത്താവെനിക്കു ഔദാര്യപൂർവ്വം തരും എന്നാണ്. ബ്രദർ വാച്ച്മാൻ നീ ധനികനാണ് എന്ന പ്രസിദ്ധി എനിക്കേറെ ഇഷ്ടമാണ്. അതേ, ഞാൻ എപ്പോഴും കൊടുക്കുന്നുണ്ട്. അതിനാൽ യഥാർത്ഥത്തിൽ എന്റെ പക്കൽ പണവുമുണ്ട്. അനേകമടങ്ങായിട്ടാണ് എനിക്കു പകരം കിട്ടുന്നത്. നമ്മുടെ ദൈവം ഒരിക്കലും ഒരു ലുബ്ധനല്ല.

ഒരു ക്രിസ്ത്യാനിയുടെ ജീവിതമാർഗ്ഗം അധിഷ്ഠിതമായിരിക്കുന്നത് കൊടുക്കുന്നതിലാണ്. അങ്ങനെയെങ്കിൽ നിങ്ങൾക്ക് മുട്ടുവരുന്ന സമയത്ത് ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കും.. നിങ്ങൾക്ക് സംഭാവന നൽകുവാൻ ആകാശത്തിലെ പക്ഷികളെപ്പോലും അവിടുന്ന് നിയോഗിക്കും.

**ക്രിസ്തിയപ്രവർത്തകരും പണവും.**

മാമോൻ അഥവാ പണം ദൈവത്തിന്റെ എതിരാളിയാണ്. അതിനാൽ

**ക്രിസ്തീയമായ സാമ്പത്തികാസൂത്രണമെന്നത് നമ്മുടെ കൈവശം പണം ഇറുക്കിപ്പിടിക്കുക എന്നതല്ല, ഒരാൾ പണം എത്രയും കൂടുതൽ ഇറുക്കിപ്പിടിക്കുന്നുവോ അത്രയും കൂടുതൽ അത് അയാൾക്ക് ആപൽക്കരമായിത്തീരും. അത്തരം പണം ഉപയോഗശൂന്യമാണ്. . പണം ഇറുക്കിപ്പിടിക്കയും ഔദാര്യപൂർവ്വം കൊടുക്കാതിരിക്കുകയും ചെയ്യുന്ന ഒരുവനിൽപോലും ദൈവം വിശ്വാസമർപ്പിക്കുകയില്ല. കാരണം അവൻ അവിശ്വസ്തനത്രേ.**

അവന്റെ അധികാരത്തിൻ കീഴിലാകാതിരിപ്പാൻ ദൈവത്തിന്റെ ശുശ്രൂഷകന്മാർ ജാഗ്രതയോടെ ശ്രദ്ധിക്കണം. അവരുടെ ജീവിതത്തിൽ പണത്തിന് ഏതെങ്കിലും സ്വാധീനത ലഭിച്ചുപോയാൽ അതിന്റെ വഞ്ചനാപരമായ ആക്രമണങ്ങളോടെതിർത്തുനിൽക്കുവാൻ ദൈവജനങ്ങളെ സഹായിക്കുന്നതിന് അവർക്ക് കഴിവില്ലാതെപോകും. ഓരോ യഥാർത്ഥദൈവദാസനും പണത്തിന്റെ അടിമത്തത്തിൽനിന്നും പൂർണ്ണസ്വാതന്ത്ര്യം നേടിയേ മതിയാവു.

പൗലൊസ് തിമോഥെയോസിനെഴുതുമ്പോൾ ദ്രവ്യാഗ്രഹത്തിന്റെ ആപത്തുകളെപ്പറ്റി പ്രസ്താവിക്കുന്നുണ്ട്. ദൈവഭക്തി ആദായസൂത്രമെന്ന് കരുതുന്നവരെപ്പറ്റി അദ്ദേഹം പരാമർശിക്കുന്നു(1തിമോ.6:3-5). ആ കപട ഉപദേഷ്ടാക്കന്മാരിൽ നിന്ന് എത്ര വ്യത്യസ്തനായിരുന്നു പൗലൊസ്! സുവിശേഷത്തിനുവേണ്ടി തന്നെത്തന്നെയും തന്റെ പണത്തേയും എത്ര നിർലോപമായി അദ്ദേഹം ചെലവഴിച്ചിരുന്നു.

പൂർണ്ണസമയസുവിശേഷപ്രവർത്തകർക്ക് തങ്ങൾ സ്വന്തമായി വളരെ കാര്യങ്ങൾ ഉപേക്ഷിച്ചതുമൂലം മറ്റുള്ളവരിൽ നിന്നു കിട്ടുവാനുള്ള ഒരമിത വാഞ്ഛയുണ്ടാകുവാനുള്ള ഒരു ആപൽസാദ്ധ്യതയുണ്ട്. ഈ ആപത്തിനെ നാം ധീരമായി നേരിടണം.ഉപജീവനത്തിനൊരു ഉപാധിയായി നമ്മുടെ വേലയെ നാം ഒരുനാളും വീക്ഷിക്കരുത്. ആമനോഭാവം എന്നെന്നേക്കുമായി നാം ഉരിഞ്ഞുകളയണം. ഇതു നാം ചെയ്യാത്തപക്ഷം ക്രിസ്തിയപ്രവർത്തനങ്ങളിലൂടെ ലാഭമുണ്ടാക്കുവാനുള്ള പ്രവണതയ്ക്ക് നാമും അടിമകളായിത്തീർന്നുപോകും.

പൗലൊസിന് പണത്തോടുള്ള മനോഭാവം എന്തെന്നു നോക്കുക. എഫേസോസിലെ മൂപ്പന്മാരോട് മൂന്നു വർഷം അവരുടെ ഇടയിൽ താമസിച്ചശേഷം അദ്ദേഹം ഇപ്രകാരം പറയുന്നു: "ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ ഞാൻ മോഹിച്ചിട്ടില്ല; എന്റെ മുട്ടിനും എന്നോടുകൂടെയുള്ളവർക്കും വേണ്ടി ഞാൻ ഈ കൈകളാൽ അദ്ധ്വാനിച്ചുവെന്ന് നിങ്ങൾ തന്നെ അറിയുന്നുവല്ലോ(അപ്പോ.20:33,34). കൊരിന്തിൽ 18 മാസം കഴിച്ചുകൂട്ടിയശേഷം അവിടുത്തെ വിശ്വാസികളോട് അദ്ദേഹം പറയുന്നു: "നിങ്ങളുടെ ഇടയിൽ ഇരുന്നപ്പോൾ മുട്ടുണ്ടായാറെ ഞാൻ ഒരുത്തനെയും ഭാരപ്പെടുത്തിയില്ല.....ഞാൻ ഒരുവിധേനയും നിങ്ങൾക്ക് ഭാരമായിത്തീരാതവണ്ണം സൂക്ഷിച്ചു,ഇനിയും സൂക്ഷിക്കും"(2 കൊരി.11:9).

ദൈവം തന്നെ ആക്കിയിരുന്ന സ്ഥാനത്തിന്റെ മഹത്വം പൗലൊസിനറിയാമായിരുന്നു. ജാഗ്രതയോടെ അദ്ദേഹം അതു കാക്കുകയും ചെയ്തു. അദ്ദേഹം പറയുന്നതു കേൾക്കുക:"ഞങ്ങൾ ആരുടെയും ആഹാരം വെറുതെ അനുഭവിച്ചിട്ടില്ല. നിങ്ങളിൽ ആർക്കും ഭാരമായിത്തീരരുത് എന്നുവച്ച് ഞങ്ങൾ അദ്ധ്വാനത്തോടും പ്രയാസത്തോടുംകൂടെ രാപ്പകൽ വേലചെയ്തുപോന്നത് .....അനുകരിപ്പാൻ നിങ്ങൾക്ക് ഞങ്ങളെ മാതൃകയാക്കിത്തരേണ്ടതിനത്രേ....ഞങ്ങൾ ആരോടും ഒന്നും വഞ്ചിച്ചെടുത്തിട്ടില്ല." (2തെസ്സ.3:8,9; 2കൊരി.7:2). ക്രിസ്തിയ വേലക്കാരെന്ന നിലയിൽ നാമൊരിക്കലും മറ്റുള്ളവർക്ക് ഭാരമായിത്തീരരുത്. നമ്മുടെ സഹോദരന്മാരെക്കൊണ്ട് ഏറ്റവും ലഘുവായ തരത്തിലെങ്കിലും മുതലെടുക്കുവാൻ നാം ശ്രമിക്കരുത്. മറ്റുള്ളവർ നമ്മെക്കൊണ്ട് മുതലെടുക്കുവാൻ നാം സമ്മതം കാട്ടുന്നതിൽ തരക്കേടില്ലതാനും.

പണസംബന്ധമായ കാര്യത്തിൽ സുപ്രധാനമായ പല പ്രശ്നങ്ങൾ അടങ്ങിയിട്ടുണ്ട്. ക്രിസ്തിയവേലക്കാർക്ക് പണത്തോടുള്ള മനോഭാവം അവർ ദൈവത്താൽ നിയമിക്കപ്പെട്ടവരോ അല്ലയോ എന്നതിന്റെ ഏറ്റവും ഫലപ്രദമായ തെളിവായിരിക്കും. നിങ്ങളുടെ വേല ദൈവത്താൽ നിയമിക്കപ്പെട്ടതെങ്കിൽ അത് ആത്മീയമായ ഒരു വേലയായിരിക്കും.ആത്മീയവേലയാണതെങ്കിൽ അതിൽ വരുന്ന ആവശ്യങ്ങൾ ദൈവം ആത്മീയമായ നിലയിൽത്തന്നെ നിറവേറ്റുകയും ചെയ്യും. ഓരോ വേലക്കാരനും അവന്റെ ശുശ്രൂഷ എന്തുതന്നെ ആയാലും തന്റെ വ്യക്തിപരമായ എല്ലാ ആവശ്യങ്ങളുടെയും തന്റെ വേലയുടെയും നിർവ്വഹണത്തിനുവേണ്ടി വിശ്വാസത്തിൽ മാത്രം ആശ്രയിച്ചു നിൽക്കേണ്ടത് അനുപേക്ഷണീയമാണ്. ഏതെങ്കിലും സുവിശേഷപ്രവർത്തകൻ തന്റെ വേലയ്ക്ക് ശമ്പളം ആവശ്യപ്പെടുന്നതായോ സ്വീകരിക്കുന്നതായോ തിരുവചനത്തിൽ ഒരിടത്തും നാം കാണുന്നില്ല. ദൈവത്തിന്റെ ശുശ്രൂഷകന്മാർ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി മാനുഷികമാർഗ്ഗ





ങ്ങളെ ആശ്രയിക്കുന്നതായിട്ടുള്ള ഒരൊറ്റ സന്ദർഭവും തിരുവചനത്തിലില്ല. തന്റെ പ്രവചനവരത്തെ കച്ചവടച്ചരക്കാക്കുവാൻ മുതിർന്ന ഒരു ബിലെയാമിനെപ്പറ്റി നാം വായിക്കുന്നുണ്ട്. അവന്റെ നടപടിയെ സംശയാതീതമായ ഭാഷയിൽ തിരുവചനം അപലപിക്കുകയും ചെയ്യുന്നുണ്ട്. തന്റെ ഭൗതികാവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു ദൈവദാസൻ പോലും ഒരു മനുഷ്യവ്യക്തിയേയോ സംഘടനയെയോ ആശ്രയിക്കാൻ പാടില്ല. സ്വന്തകൈകൊണ്ടദ്ധ്വാനിച്ചോ സ്വന്തമായ മറ്റൊരു വരുമാനമാർഗ്ഗം കൊണ്ടോ അതു സാധിക്കുന്നെങ്കിൽ നല്ലതുതന്നെ. അല്ലാത്തപക്ഷം ആദ്യകാലത്തെ അപ്പൊസ്തലന്മാരെപ്പോലെ നേരിട്ട് ദൈവത്തിൽ അവർ ആശ്രയിക്കയാണ് വേണ്ടത്.

ഒരു മനുഷ്യന് ദൈവത്തിൽ വിശ്വസിക്കാൻ കഴിവുണ്ടെങ്കിൽ അവൻ പോയി ദൈവത്തിനുവേണ്ടി വേല ചെയ്യട്ടെ. അല്ലാത്തപക്ഷം അവൻ വീട്ടിൽത്തന്നെ താമസിച്ചുകൊണ്ടാൽ മതി. എന്തെന്നാൽ ദൈവത്തിനുവേണ്ടി വേലചെയ്യുവാനാവശ്യമായ യോഗ്യത ഈ വിശ്വാസമാണ്. അതില്ലെങ്കിൽ യഥാർത്ഥമായ ആത്മീയശുശ്രൂഷ സാധ്യമല്ല. നമ്മുടെ വിശ്വാസം പരിശീലനത്തിലൂടെയാണ് ബലപ്പെട്ടുവരേണ്ടത്. ഭൗതികാവശ്യങ്ങൾ ആ ലക്ഷ്യം സാധിക്കുന്നതിന് ദൈവം ഉപയോഗിക്കുന്ന ഒരുപാധിയാണ്. പല കാര്യങ്ങളിൽ നമുക്ക് വിശ്വാസമുണ്ടെന്ന് നാം അവകാശപ്പെടാറുണ്ട്. എന്നാൽ നാം യഥാർത്ഥത്തിൽ ദൈവത്തെ വിശ്വസിക്കാതിരിക്കെത്തന്നെ വിശ്വസിക്കുന്നു എന്ന് സ്വയം കരുതി വഞ്ചിതരായിത്തീരുവാനിടയുണ്ട്. നമ്മുടെ അവിശ്വാസത്തെ വെളിപ്പെടുത്തുവാൻവ്യക്തമായ ദൃഷ്ടാന്തങ്ങൾ ഒന്നുമില്ലാത്തതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്.

**ക്രിസ്തിയവേലക്കാർക്ക് പണത്തോടുള്ള മനോഭാവം അവർ ദൈവത്താൽ നിയമിക്കപ്പെട്ടവരോ അല്ലയോ എന്നതിന്റെ ഏറ്റവും ഫലപ്രദമായ തെളിവായിരിക്കും. നിങ്ങളുടെ വേല ദൈവത്താൽ നിയമിക്കപ്പെട്ടതെങ്കിൽ അത് ആത്മീയമായ ഒരു വേലയായിരിക്കും.ആത്മീയവേലയാണതെങ്കിൽ അതിൽ വരുന്ന ആവശ്യങ്ങൾ ദൈവം ആത്മീയമായ നിലയിൽത്തന്നെ നിറവേറ്റുകയും ചെയ്യും.**

എന്നാൽ സാമ്പത്തികാവശ്യങ്ങൾ നമ്മുടെ വിശ്വാസത്തെ ശോധന ചെയ്യുന്ന നല്ലൊരു ഉരകല്ലാണ്.

ദൈവം തന്നെ വേലയ്ക്കായി വിളിച്ചിരിക്കുന്നുവെന്നു വിശ്വസിക്കുന്ന ഏതൊരുവനും ആദ്യം അഭിമുഖീകരിക്കേണ്ട പ്രശ്നം സാമ്പത്തികപ്രശ്നമാണ്. തന്റെ പ്രതിദിന ആവശ്യങ്ങൾക്ക് ദൈവത്തിലേക്ക് മാത്രം നോക്കുവാൻ അവന് കഴിഞ്ഞില്ലെങ്കിൽ അവൻ ദൈവികവേലയിൽ ഏർപ്പെടുവാൻ യോഗ്യനല്ല. പണത്തിന്റെ കാര്യത്തിൽ ദൈവത്തിൽ വിശ്വസിക്കുവാൻ അവന് കഴിവില്ലെങ്കിൽ വേലയുടെ പലവിധ വിഷമപ്രശ്നങ്ങളിൽ ദൈവത്തെ വിശ്വസിക്കുവാൻ അവന് എങ്ങനെ കഴിയും? ദൈവത്തിലും മനുഷ്യനിലും കൂടിയുള്ള ഒരു വിശ്വാസമല്ല പ്രത്യുത ദൈവത്തിൽ മാത്രമുള്ള ഒരു വിശ്വാസമാണ് നമുക്കാവശ്യം. ഒരു ദൈവദാസൻ ഒരു കണ്ണു ദൈവത്തിലും മറ്റേ കണ്ണു ചുറ്റുപാടുകളിലും അർപ്പിക്കുന്നതു ലജ്ജാവഹമായ സംഗതിയാ

ണ്. നാം വിശ്വാസത്താൽ ജീവിക്കുന്നു എന്നത് ഒരു സമ്പൂർണ്ണയാഥാർത്ഥ്യമായിത്തീരണം. ചിലരുടെ ഔദാര്യത്തെ ആശ്രയിച്ചു ജീവിക്കുന്ന നിലയിലേക്ക് നാം താണുപോകരുത്. ദൈവത്തിൽ നാം സമ്പൂർണ്ണമായി വിശ്വസിക്കുന്നതിലൂടെ മനുഷ്യാശ്രയത്തിൽനിന്നും നാം സമ്പൂർണ്ണ സ്വാതന്ത്ര്യം നേടേണ്ടതാണ്. നമ്മുടെ ആശ്രയം മനുഷ്യരിലാണെങ്കിൽ അവരുടെ വിഭവങ്ങൾ തീർന്നുപോകുമ്പോൾ നമ്മുടേതും തീർന്നുപോകാനിടയാകും. എന്നാൽ നമ്മുടെ ആശ്രയം ദൈവത്തിലാണെങ്കിൽ മനുഷ്യരും സാഹചര്യങ്ങളുമെല്ലാം മാറിയാലും നമുക്ക് പതറാതെ മുന്നേറുവാൻ കഴിയും.

അങ്ങനെയെങ്കിൽ സുവിശേഷമറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കേണം എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്?(1കൊരി.9:14). ദൈവികശുശ്രൂഷ ചെയ്യുന്നവർ സഭയിൽനിന്നും ഒരു നിശ്ചിതതുക വാങ്ങിക്കൊള്ളേണം എന്നല്ല അതിന്റെ അർത്ഥം. എന്തെന്നാൽ പൗലൊസിന്റെ ജീവിതകാലത്ത് ശമ്പളം പറ്റിക്കൊണ്ടുള്ള ശുശ്രൂഷ എന്ന ആധുനികവ്യവസ്ഥ അജ്ഞാതമായിരുന്നു. അപ്പോൾ പിന്നെ അതിന്റെ അർത്ഥം ഇത്രമാത്രമാണ്: സുവിശേഷം പ്രസംഗിക്കുന്നവർക്ക് സഹോദരന്മാരിൽനിന്ന് ദാനങ്ങൾ സ്വീകരിക്കാം. എന്നാൽ അത്തരം ദാനങ്ങൾക്ക് നിശ്ചിതമായ തുകയോ നിശ്ചിതകാലവ്യവസ്ഥയോ വെച്ചിരുന്നില്ല. സ്വമേധാദാനം എന്ന നിലയാണ് അവയ്ക്കുണ്ടായിരുന്നത്. വിശ്വാസികളുടെ ഹൃദയങ്ങളെ ദൈവം പ്രേരിപ്പിക്കുന്നതുപോലെ അവർ ദൈവദാസന്മാർക്ക് ദാനങ്ങൾ നൽകിയിരുന്നു. ഒരു ദൈവികശുശ്രൂഷകൻപോലും അവ നിമിത്തം മാനുഷികനിയന്ത്രണങ്ങൾക്ക് അധീനനാകയോ ദൈവികനടത്തിപ്പുമാത്രം പിന്തുടരാനുള്ള തന്റെ സ്വാതന്ത്ര്യം അടിയറ വയ്ക്കുകയോ ചെയ്തിരുന്നില്ല.

മക്കദോന്യർ അയച്ചുകൊടുത്ത സാമ്പത്തികസഹായം പൗലൊസ് സ്വീകരിച്ചു.(2കൊരി.11:9;ഫിലി.4:15,16). എന്നാൽ ഏതെങ്കിലും സ്ഥാനത്തുനിന്നുള്ള ദാനങ്ങൾ വിവേചനം കൂടാതെ അദ്ദേഹം സ്വീകരിക്കുമായിരുന്നില്ല. എപ്പോൾ സ്വീകരിക്കണമെന്നും എപ്പോൾ നിരസിക്കണമെന്നുമുള്ള വിവേചനശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. ദാനങ്ങൾ സ്വീകരിക്കുവാൻ ദൈവം നമ്മെ അനുവദിക്കുന്നുണ്ട്. എന്നാൽ നമ്മെ സംബന്ധിച്ചുള്ള സാമ്പത്തികചുമതല മറ്റുള്ളവർക്കായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. വിശ്വാസികൾ നൽകുന്ന പണത്തോട് ആർത്തി കാണിക്കാൻ ദൈവം നമ്മെ അനുവദിക്കുന്നില്ല. ദ്രവ്യാഗ്രഹം കർശനമായി നേരിടേണ്ട ഒരു പ്രശ്നമാണ്. അടിസ്ഥാനപരമായിത്തന്നെ അതു പരിഹരിക്കുന്നില്ലെങ്കിൽ ഏതെങ്കിലും ഘട്ടത്തിൽ നാം ആപത്തിൽ അകപ്പെടാനിടയുണ്ട്.

ഫിലിപ്യസഭയിൽ നിന്നുള്ള ദാനം പൗലൊസ് നന്ദിപൂർവ്വം സ്വീകരിച്ചു. എന്നാൽ അപ്പോൾത്തന്നെ തനിക്കു ലഭിച്ച ദാനത്തേക്കാളധികം അതു നൽകുകനിമിത്തം അവർക്ക് ലഭിച്ച സമ്പന്നതയെക്കുറിച്ചാണ് അദ്ദേഹം അധികം സന്തോഷിക്കുന്നത്(ഫിലി.4:17). തന്നെ ദൈവം ആക്കിയിരിക്കുന്ന സ്ഥാനത്തിന്റെ മഹത്വം പൗലൊസ് ഒരിക്കലും വിസ്മരിക്കുന്നില്ല. അവരോടുള്ള തന്റെ കടപ്പാട് അറിയിക്കുന്നതിനോടൊപ്പം തന്റെ ആത്മീയഗൗരവം അദ്ദേഹം വിടാതെ സൂക്ഷിക്കുകയും ചെയ്യുന്നു. ദാനങ്ങളോടോ ദാതാക്കളോടോ അദ്ദേഹം ബന്ധിതനാകുന്നില്ല., മറിച്ച്





**നിങ്ങളുടെ ശുശ്രൂഷ ദൈവത്തിന് പ്രസാദകരമാം വിധം നിറവേറണമെങ്കിൽ ദൈവത്തിന്റെ പരമാധികാരം നിങ്ങൾക്ക് കേവലം ഒരാശയമായിരുന്നാൽ പോരാ, നിങ്ങളുടെ അനുഭവത്തിലെ ഒരു സജീവയാഥാർത്ഥ്യമായിത്തീരണം. നിങ്ങളുടെ ആവശ്യങ്ങൾ ആരും അറിയുകയോ അവയ്ക്കായി കരുതുകയോ ചെയ്തില്ല എന്നു വരാം. എന്നാൽ ദൈവത്തിന്റെ പരമാധികാരം നിങ്ങൾക്ക് ഒരു യാഥാർത്ഥ്യമായിത്തീർന്നിട്ടുണ്ടെങ്കിൽ ആകുലചിന്ത നിങ്ങളെ സ്പർശിക്കുകപോലുമില്ല..**

ദാനങ്ങളേക്കാൾ ഉപരിയായൊരനുഗ്രഹം അവർക്ക് നൽകുകയാണ് ചെയ്യുന്നത്. "എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരും"(ഫിലി.4:19).

"എനിക്കു വേണ്ടുന്നതെല്ലാമുണ്ട്; സമൃദ്ധിയായുമിരിക്കുന്നു"(ഫിലി.4:18) എന്നു തന്റെ ഏകസഹായകരായിരുന്ന ഫിലിപ്യർക്ക് എഴുതിയപ്പോൾ എത്ര കുലീനതയുള്ള ഒരു പ്രസ്താവനയാണ് അദ്ദേഹം ചെയ്തത്! തന്റെ ആവശ്യങ്ങളെക്കുറിച്ചുള്ള ഒരു സൂചനപോലും നൽകാതെ സമ്പന്നനായ ഒരു പിതാവിന്റെ സമ്പന്നനായ പുത്രൻ എന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. ഇപ്രകാരം എഴുതിയതുകൊണ്ട് തനിക്ക് തുടർന്നു സഹായം ലഭിക്കാതെവന്നേക്കാം എന്നദ്ദേഹം ഭയപ്പെട്ടില്ല. ആളുകളുടെ മുമ്പിൽ നമ്മെത്തന്നെ ധനവാന്മാരായി കാണിക്കുവാൻ നാം ഭയപ്പെടരുത്. നമ്മുടെ ആവശ്യങ്ങൾ നമുക്ക് രഹസ്യമായി സൂക്ഷിക്കാം.. നാം സുരക്ഷിതരും സമ്പന്നരുമെന്ന് മറ്റുള്ളവർ ധരിച്ചാലും തരക്കേടില്ല."എനിക്കു വേണ്ടതെല്ലാമുണ്ട് സമൃദ്ധിയായുമിരിക്കുന്നു"എന്ന് എല്ലായ്പ്പോഴും നമുക്ക് പ്രഖ്യാപിക്കാം. രഹസ്യത്തിൽ കാണുന്ന ദൈവം നമ്മുടെ ആവശ്യങ്ങളെല്ലാമറിഞ്ഞ്, ഞെങ്ങിയും ഞെരുങ്ങിയുമല്ല, പിന്നെയോ തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം അവ നിറവേറ്റിത്തരും.

നിങ്ങളുടെ ശുശ്രൂഷ ദൈവത്തിന് പ്രസാദകരമാം വിധം നിറവേറണമെങ്കിൽ ദൈവത്തിന്റെ പരമാധികാരം നിങ്ങൾക്ക് കേവലം ഒരാശയമായിരുന്നാൽ പോരാ, നിങ്ങളുടെ അനുഭവത്തിലെ ഒരു സജീവയാഥാർത്ഥ്യമായിത്തീരണം. നിങ്ങളുടെ ആവശ്യങ്ങൾ ആരും അറിയുകയോ അവയ്ക്കായി കരുതുകയോ ചെയ്തില്ല എന്നു വരാം. എന്നാൽ ദൈവത്തിന്റെ പരമാധികാരം നിങ്ങൾക്ക് ഒരു യാഥാർത്ഥ്യമായിത്തീർന്നിട്ടുണ്ടെങ്കിൽ ആകുലചിന്ത നിങ്ങളെ സ്പർശിക്കുകപോലുമില്ല.. നിങ്ങളുടെ ജീവിതമാർഗ്ഗത്തിലെ എല്ലാ വിശദാംശങ്ങളും തന്റെ മഹത്വത്തിനും നിങ്ങളുടെ നന്മയ്ക്കും യോജിച്ചവിധം ദൈവം ക്രമീകരിക്കുമെന്ന് ഉറപ്പായി വിശ്വസിക്കുവാൻ നിങ്ങൾക്കു സാധിക്കും.(റോമ.8:28). അതുകൊണ്ട് നിങ്ങളുടെ ആവശ്യങ്ങൾ വലുതോ ചെറുതോ മറ്റുള്ളവർ അറിയുന്നതോ അറിയാത്തതോ എന്നതൊന്നുമല്ല യഥാർത്ഥപ്രശ്നം; പിന്നെയോ ദൈവഹിതത്തിൽ നിങ്ങൾ ഉറച്ചു നിൽക്കുന്നുണ്ടോ എന്നതു മാത്രമാണ്. ലോകത്തിലുള്ള എല്ലാ വെള്ളിയും പൊന്നും അവിടുത്തെ വകയാണ്. അവിടുത്തെ ഹിതത്തിൽ തുടരുന്ന ഒരുവനും ഞെരുക്കമനുഭവിപ്പാൻ ഇട വരികയില്ല.



# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം-10

*കഥ ഇതുവരെ*

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം തന്റെ സഭാജനങ്ങളുമായി തന്റെ ഭാരം പങ്കുവച്ചു. പിറ്റേന്ന് അദ്ദേഹം സഭയിലെ യൂത്ത് ഡയറക്ടർ മിൽസ് ഹോവറുമൊന്നിച്ച് കാറിൽ മുന്നൂറ്റമ്പതുകിലോമീറ്റർ അകലെയുള്ള ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. കോടതി നടപടികളെക്കുറിച്ച് അറിവില്ലാതിരുന്ന റവ. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. തെരുവു കുട്ടികൾക്കുവേണ്ടി ഒരു യോഗം ക്രമീകരിക്കുന്നു. യോഗത്തിന്റെ അവസാനരാത്രിയായിട്ടും മൗമൗ സംഘക്കാർ മാത്രം വന്നില്ല......തുടർന്നു വായിക്കുക..*

**മീ**റ്റിംഗ് തുടങ്ങാൻ ഏറെക്കുറെ സമയമായിരുന്നു. റാലിയുടെ അവസാനരാത്രിയായതിനാൽ ഓഡിറ്റോറിയം നിറഞ്ഞുതുടങ്ങി. തലേ സന്ധ്യയിൽ വന്നതിലേറെ യുവജനങ്ങൾ അതിനകം വന്നുകഴിഞ്ഞിരുന്നു. 'ചാപ്പ്ലയിൻസി'ലുള്ള ചിലരെ ഞാൻ കണ്ടു. 'ഡ്രാഗണി'ലുള്ളവരെയും. 'ജിജിഐ'ക്കാരും കുറെപ്പേർ ഉണ്ടായിരുന്നു. കൂട്ടത്തിൽ മരിയയുമുണ്ടായിരുന്നുവെന്ന് ഞാൻശ്രദ്ധിച്ചു.

പക്ഷേ 'മൗമൗ'ക്കാരെ എങ്ങും കാണാനുണ്ടായിരുന്നില്ല. തിളങ്ങുന്ന ചുവന്ന ജാക്കറ്റും എംഎം എന്ന മേലെഴുത്തുമുള്ള മൗമൗക്കാരെ ഞാൻ ആൾക്കൂട്ടത്തിൽ പരതി. എങ്ങും കണ്ടില്ല.

ആകർഷകമായ മുഖവും തുറന്ന പെരുമാറ്റവുമുള്ള മൗമൗക്കാരുടെ പ്രസിഡന്റ് യിസ്രായേലിനെ എനിക്ക്





മറക്കാൻ കഴിഞ്ഞിരുന്നില്ല. റാലിക്ക് ഈ സംഘത്തെ എന്റെ സ്വന്തം അതിഥികളായി ഞാൻ വിളിക്കുകയും അവർക്കായി പ്രത്യേക ബസ് വാടകക്കെടുത്തിട്ടുണ്ടെന്നു പറയുകയും ചെയ്തിരുന്നതാണ്. ഓഡിറ്റോറിയത്തിന്റെ മുൻനിരയിൽ കുറച്ച് ഇരിപ്പിടങ്ങൾ അവർക്കുവേണ്ടി റിസർവ്വ് ചെയ്തുവയ്ക്കാമെന്നും പറഞ്ഞിരുന്നു. വരാമെന്നും മറ്റുള്ളവരെകൂടെ കൊണ്ടുവരാമെന്നും യിസ്രായേൽ വാഗ്ദാനം ചെയ്തിരുന്നതുമാണ്.

ഇന്ന് അവസാനരാത്രിയാണ്. അവർ വന്നിട്ടില്ല. എന്തുകൊണ്ടാണ് വരാതിരുന്നതെന്ന് എനിക്കറിയാം-നിക്കി. യിസ്രായേലും ഞാനും തമ്മിൽ ഇങ്ങനെ സംസാരിക്കുമ്പോൾ അവൻ ക്ഷുഭിതനായി നിശ്ശബ്ദം ഞങ്ങളെ നോക്കിനിൽക്കുകയായിരുന്നു. എന്നോടും ഞാൻ പ്രതിനിധാനം ചെയ്യുന്ന എല്ലാറ്റിനോടുമുള്ള പക ആ കണ്ണുകളിൽ കത്തിയെരിയുന്നതു കാണാമായിരുന്നു.

തെരുവിലേക്ക് തുറക്കുന്ന ജനാലയുടെ സമീപം ഞാൻ പോയി നിന്നു. ഒരു ബസ് പാഞ്ഞു വരുന്നുണ്ട്. അതു മൗമൗക്കാരുടെ വരവാണെന്നു ഞാൻ ഊഹിച്ചു. ബസ് ചീറിപ്പാഞ്ഞുവന്ന് സഡൻബ്രേക്കിട്ടു നിന്നു. യാത്രക്കാരെ എത്രയും വേഗം ഇറക്കി തലയൂരാൻ ഡ്രൈവർക്ക് തിടുക്കമുള്ളതുപോലെ. വാതിലുകൾ മലർക്കെ തുറന്ന് അമ്പതോളം കൗമാരക്കാർ ചാടിയിറങ്ങി. ഒരു നൃത്തപരിപാടിക്കു വന്നതുപോലെ കൂക്കുവിളിയും ആരവവും. ഒരുവൻ ചാടിയിറങ്ങവേ കുടിച്ചുതീർത്ത കുപ്പി അലക്ഷ്യമായി വലിച്ചെറിഞ്ഞു. ഇറക്കം കുറഞ്ഞ പാവാടയും താഴ്ത്തിവെട്ടിയ ബ്ലൗസും ധരിച്ചുനിന്ന കൗമാരക്കാരികളെയും കൂട്ടി അവർ സംഘമായി ബസ് നിർത്തിയിടത്തുനിന്ന് ഓഡിറ്റോറിയത്തിലേക്കു കടന്നുവന്നപ്പോൾ ഞാൻ ഉറക്കെ പറഞ്ഞുപോയി

"കർത്താവേ, ഞാൻ ആരെയാണ് വിളിച്ചുവരുത്തിയിരിക്കുന്നത്?"

ഓഡിറ്റോറിയത്തിലെ മുൻപിലത്തെ മൂന്നു നിരകൾ റിസർവ്വ് ചെയ്തുവയ്ക്കാൻ ഞാൻ വോളണ്ടിയർമാരോട് പറഞ്ഞിരുന്നു. ഇപ്പോഴിതാ വോളണ്ടിയർമാരുടെ തലവൻ ആവേശത്തോടെ പരിഭ്രാന്തിയോടെ ഓടിവരുന്നു

"റവറന്റ് എന്തുചെയ്യണമെന്നെനിക്കറിഞ്ഞുകൂടാ." എന്നെ ബാൽക്കണിയിലേക്ക് വിളിച്ച് ഓഡിറ്റോറിയത്തിന്റെ വാതിലിനു നേരെ അയാൾ വിരൽ ചൂണ്ടി. തങ്ങളുടെ കയ്യിലെ ചൂരൽ ചുഴറ്റി വിസിലടിച്ചും കൂകിവിളിച്ചും യിസ്രായേലിന്റെയും നിക്കിയുടേയും നേതൃത്വത്തിൽ മൗമൗക്കാർ ഓഡിറ്റോറിയത്തിലേക്ക് രാജകീയമായി പ്രവേശിക്കുകയാണ്.

"അവരാണ് മൗമൗക്കാർ. റിസർവ്വ് ചെയ്ത സീറ്റുകൾ അവർ കയ്യടക്കുകയാണ്. എങ്ങനെയാണ് അവരോട് മാറിയിരിക്കാൻ പറയുന്നത്?" വോളണ്ടിയർ ചോദിച്ചു.

"അതു സാരമില്ല. അവർക്കുവേണ്ടിയാണ് ആ സീറ്റുകൾ റിസർവ്വ് ചെയ്തിരുന്നത്. അവർ എന്റെ സ്നേഹിതരാണ്." ഞാൻ പറഞ്ഞു.

എന്റെ വാക്കുകളിൽ വലിയ ആത്മവിശ്വാസം ഉണ്ടായിരുന്നു. പക്ഷേ വാക്കുകളിൽ പ്രകടിപ്പിച്ച അത്രയും ആത്മവിശ്വാസം അവരെ കൈകാര്യം ചെയ്യാമെന്നതിൽ എനിക്കുണ്ടായിരുന്നില്ല. ഏതായാലും വോളണ്ടിയർമാർ എന്നെ അന്തംവിട്ട് നോക്കിനിൽക്കുന്നതിനിടെ ഞാൻ ധൃതിയിൽ പടികളിറങ്ങി ഡ്രസ്സിംഗ്റൂമിലേക്ക് ചെന്നു. അവിടെ ഭയപ്പെട്ട ഒരന്തരീക്ഷം.ഓഡിറ്റോറിയം മാനേജർ പറയുന്നു"അവന്മാരുടെ നോട്ടം എനിക്കൊട്ടും പിടിച്ചിട്ടില്ല. അന്യോന്യം വഴക്കടിക്കുന്ന സംഘങ്ങളാ ഒന്നിച്ചു

വന്നു കൂടിയിരിക്കുന്നത്. വഴക്കു നമ്മളു വിലയ്ക്കു വാങ്ങിച്ചിരിക്കുവാ."

പെട്ടെന്ന് എന്നെ കണ്ടപ്പോൾ അധോലോകസംഘങ്ങളുടെ കുടിപ്പകയെക്കുറിച്ച് അറിയാവുന്ന ഒരു ശുശ്രൂഷകൻ ചോദിച്ചു "നമ്മൾ കൂടുതൽ പൊലിസിനെ വിളിക്കണോ? റവറന്റ് നിങ്ങൾ എന്തു പറയുന്നു?"

മറുപടി പറയാതെ ഞാൻ ഓഡിറ്റോറിയത്തിലേക്ക് പാളി നോക്കി. ഞങ്ങളുടെ കൗമാരക്കാരികളായ കുട്ടികളിലൊരാളും നല്ല ഗായികയും ഒരു സിനിമാതാരത്തെപ്പോലെ സുന്ദരിയുമായ മേരി വേദിയുടെ മദ്ധ്യത്തിലേക്കു ചെല്ലുന്നതാണ് ഞാൻ കണ്ടത്.

"മേരിക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് നമുക്ക് നോക്കാം. തത്ക്കാലം നമുക്ക് കൂടുതൽ പൊലിസ് വേണ്ടാ. ആ കിരാതന്മാരെ സംഗീതത്തിനു തണുപ്പിക്കാൻ കഴിഞ്ഞേക്കും."

പക്ഷേ മേരി അർഗുണസോണി പാടാൻ തുടങ്ങിയപ്പോൾ അട്ടഹാസവും കൂക്കുവിളിയും കമന്റടിയും ഇരട്ടിച്ചു.

''അയ്യോ, ആ കൊച്ചിനെ കണ്ടോ?"

"ഷോ കഴിഞ്ഞ് ഈ പാവപ്പെട്ട പഴയ പാപിക്കുവേണ്ടി അൽപ്പ സമയം ചെലവഴിക്കാമോ?"

"നിന്റെ പേരെന്താ തേനേ?"

ആൺകുട്ടികൾ അവരുടെ ഇരിപ്പിടങ്ങളിൽ മീൻചാട്ടം നടത്തുന്നു. പെൺകുട്ടികൾ അവരുടെ ഇറക്കം കുറഞ്ഞ വസ്ത്രങ്ങൾ ചുഴറ്റി മേരിയുടെ സുവിശേഷഗാനത്തിനു ചുവടു വയ്ക്കുന്നു. രംഗം വഷളാകുന്നതു കണ്ട് സൈഡ്കർട്ടനു പിന്നിൽ ഞാൻ നിന്ന ഭാഗത്തേക്കു പാളി നോക്കി 'ഇനി എന്തു വേണം ' മേരി കണ്ണു കൊണ്ടു ചോദിച്ചു. കരഘോഷം, മറ്റൊരു പാട്ടിനായുള്ള അഭ്യർത്ഥന, ചിയർവിളികൾ എന്നിവയൊക്കെ അവഗണിച്ച് തിരിച്ചുപോരാൻ ഞാൻ മേരിക്കു സംജ്ഞ നൽകി.

"ഡേവ്, താങ്കൾ പരിപാടി അവസാനിപ്പിക്കാൻ പോകുകയാണോ?"

"ഇല്ല. അതിനു സമയം ആയിട്ടില്ല. നമുക്ക് അൽപനേരം കൂടി കാക്കാം. ഞാൻതന്നെ അവരോട് സംസാരിക്കാൻ പോകുകയാണ്.രംഗം വഷളായാൽ പിന്നെ എന്തുവേണമെന്നു നിങ്ങൾക്കു തീരുമാനിക്കാം."

ഞാൻ സ്റ്റേജിലേക്ക് നടന്നു. സ്റ്റേജിന്റെ മദ്ധ്യത്തിലേക്ക് ഒരുപാട് ദൂരമുണ്ടെന്നു തോന്നി. അതിനിടെ താൻ എത്തിയിട്ടുണ്ടെന്നു യിസ്രായേൽ എന്നെ അറിയിച്ചു.''ഹേയ് ഡേവി, ഞാനിവിടെയുണ്ട്. ഞാൻ വരാമെന്നും കുട്ടികളെ കൊണ്ടുവരുമെന്നും പറഞ്ഞിരുന്നല്ലോ."

നടക്കുന്നതിനിടെ ഞാനവനെ നോക്കി പുഞ്ചിരിക്കാൻ തിരിഞ്ഞു. എന്നാൽ എന്റെ കണ്ണുകൾ കല്ലുപോലെ തണുത്തുറഞ്ഞ നിക്കിയുടെ കണ്ണകളുമായി കോർത്തു. പെട്ടെന്ന് എനിക്കൊരു പുതിയ ഉണർവ്വുണ്ടായി.

"ഇന്നു രാത്രി നമ്മൾ വ്യത്യസ്തമായ ഒരു കാര്യം ചെയ്യാൻ പോകുകയാണ്." ഞാൻ നേരേ ലൗഡ്സ്പീക്കറിലൂടെ പ്രഖ്യാപിച്ചു. "ഇന്നു ഗാംഗിലെ അംഗങ്ങളെക്കൊണ്ടുതന്നെ സ്തോത്രകാഴ്ച ശേഖരിക്കാൻ പോകുകയാണ്.'' തുടർന്ന് ഞാൻ നിക്കിയെ നോക്കിക്കൊണ്ട് ചോദിച്ചു: "എനിക്കു ആറു വാളന്റിയേഴ്സിനെ തരാമോ?"

നിമിഷനേരംകൊണ്ട് നിക്കി ചാടിയെഴുന്നേറ്റു. അവിശ്വസനീയതയും രഹസ്യവിജയോന്മാദവും ആ മുഖത്ത് കാണാമായിരുന്നു. അവൻതന്നെ അഞ്ചു മൗമൗക്കാരെ ചൂണ്ടിക്കാട്ടി. ആറുപേരും നൊടിയിടകൊണ്ട് സന്നദ്ധരായി സ്റ്റേജിനു മുമ്പിൽ ഒരു വരി





യായി നിന്നു. എന്റെ തീരുമാനത്തിന്റെ ഒരു ഗുണഫലം ഇതിനകം തന്നെ വ്യക്തമായിരുന്നു:ഓഡിറ്റോറിയത്തിൽ നിശ്ശബ്ദത പരന്നു. എല്ലാവരുടെയും ശ്രദ്ധ സ്റ്റേജിലേക്കായി. നൂറുകണക്കിനു കൗമാരക്കാർ അവരുടെ ചാപല്യമൊക്ക നിർത്തിവച്ച് മുന്നോട്ടാഞ്ഞ് ശ്വാസമടക്കി പ്രതീക്ഷയോടെ ഇരിക്കാൻ തുടങ്ങി.

സൈഡ്കർട്ടന്റെ ഭാഗത്തേക്ക് ചെന്ന്, അന്തം വിട്ടുപോയ സംഘാടകരുടെ കയ്യിൽനിന്ന് സ്തോത്രകാഴ്ചപ്പാത്രങ്ങൾ ഞാൻ വാങ്ങി അധോലോകസംഘങ്ങളായ പുതിയ ആറു വോളന്റിയർമാർക്ക് കൈമാറി. "അപ്പോൾ,സ്തോത്രകാഴ്ച ശേഖരിച്ചു കഴിഞ്ഞ് നിങ്ങൾ സ്റ്റേജിൽ കർട്ടനു പിന്നിൽ അതുവഴി വന്ന് ഇവിടെ സ്റ്റേജിലേക്ക് വരണം." നിക്കിയുടെ മുഖഭാവം ശ്രദ്ധിച്ചുകൊണ്ട് ഞാൻ നിർദ്ദേശിച്ചു. സ്റ്റേജിന്റെ ആ ഭാഗത്തു തന്നെ കർട്ടനു പിന്നിലായി തെരുവിലേക്കു തുറക്കുന്ന ഒരു വാതിലും ഉണ്ടായിരുന്നു. അതിനു മുകളിൽ'എക്സിറ്റ്'എന്ന് വലിയ തിളങ്ങുന്ന അക്ഷരത്തിൽ എഴുതിവച്ചിരുന്നു. സ്തോത്രകാഴ്ചപ്പാത്രം നിക്കി ഭയഭക്തിബഹുമാന നാട്യങ്ങളോടെയാണ് ഏറ്റുവാങ്ങിയത്. എന്നാൽ അവന്റെ കണ്ണുകളിൽ പരിഹാസവും നിന്ദയും പ്രകടമായിരുന്നു.

ഓർഗന്റെ പശ്ചാത്തലസംഗീതത്തിന്റെ അകമ്പടിയോടെ നിക്കിയും കൂട്ടരും സ്തോത്രകാഴ്ച ശേഖരിക്കാൻ തുടങ്ങി. പണസമാഹരണത്തിൽ നിക്കി ഒരു വിദഗ്ധനായിരുന്നു. പതിനാറു കുത്തുകേസുകൾ സ്വന്തപേരിലുള്ള നിക്കി കഠാരകൊണ്ടുള്ള പോരാട്ടത്തിൽ കുപ്രസിദ്ധനായിരുന്നു. ബ്രൂക്കിനിലുള്ള കുട്ടികൾക്കും എന്തിന് മാൻഹാട്ടൻ, ബ്രോൺക്സ് എന്നിവിടങ്ങളിലുള്ള കൗമാരഅധോലോകസംഘങ്ങൾക്കും നിക്കിയെ അറിയാം. ബേസ്ബോൾബാറ്റ് ഉപയോഗിച്ചുള്ള ആക്രമണത്തിലും ഒരു വിദഗ്ധനായിട്ടാണ് നിക്കി അറിയപ്പെട്ടിരുന്നത്. 'കുപ്പ

## എഡിറ്റോറിയൽ (പേജ് 4ൽ നിന്നു തുടർച്ച)

ശുശ്രൂഷ പത്രോസിനു നൽകുന്നതിനു മുൻപ് യേശു എന്തിനായിരിക്കണം ശിഷ്യത്വത്തിന്റെ വ്യവസ്ഥകളിലേക്ക് വിരൽ ചൂണ്ടിയത്? മറ്റെല്ലാ സ്നേഹങ്ങളും വിട്ട് യേശുവിനോടുള്ള ഉദാത്തസ്നേഹത്തിലേക്കു വരാത്ത ഒരുവന് ദൈവം അംഗീകരിക്കുന്ന ഒരു ശുശ്രൂഷ ചെയ്യാൻ കഴിയുകയില്ല എന്ന സത്യത്തിനല്ലേ ഇത് അടിവരയിടുന്നത്?

യേശുവിന്റെ അന്ത്യകൽപനയ്ക്കു രണ്ടു മുഖങ്ങളുണ്ട്. ഒന്ന്:ശിഷ്യത്വം(മത്താ.28:19,20). രണ്ട്: സുവിശേഷീകരണം(മർക്കോ.16:15). ഇതിൽ ഒന്നാമത്തേതിനെ അവഗണിക്കുകയും സ്വയം ഒരു ശിഷ്യന്റെ ത്യാഗനിർഭരമായ സ്നേഹത്തിലേക്ക് വരികയും ചെയ്യാതെ ഒട്ടേറെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നവരെക്കൊണ്ട് ഇന്നു ക്രിസ്തീയഗോളം നിറഞ്ഞിരിക്കുകയാണ്. അവർക്ക് നഷ്ടപ്പെടുന്നതെന്താണെന്ന് അവർ അറിയുന്നില്ല. സ്നേഹത്തിൽ നിന്നുൽഭവിക്കാത്ത നല്ല പ്രവൃത്തികളെ നിർജീവപ്രവൃത്തികൾ(dead works)എന്നാണ് ദൈവവചനം വിളിക്കുന്നത്. അവയ്ക്ക് തീയിലുള്ള ശോധനയെ(1കൊരി.3:11-15) അതിജീവിക്കുവാൻ കഴിയുകയില്ല.

ചുരുക്കത്തിൽ ശുശ്രൂഷയുടെ പിന്നിലെ പ്രേരണ സ്വയസ്നേഹത്തിന്റെ കലർപ്പില്ലാത്ത സ്നേഹമായിരിക്കണം. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും 'സ്നേഹപ്രയത്ന'ങ്ങളായി(1തെസ്സലോ.1:3) മാറിയിരുന്നെങ്കിൽ.....!

ത്തൊട്ടി പോരാളി' എന്നായിരുന്നു പത്രങ്ങൾ നിക്കിയെ വിശേഷിപ്പിച്ചിരുന്നത്. കാരണം, ഒരിക്കൽ ഒരു തെരുവുപോരാട്ടത്തിൽ നിക്കി തല രക്ഷിക്കാനായി ഒരു തൊട്ടി തലയിൽ കമഴ്ത്തിയശേഷം ബാറ്റ് വട്ടത്തിൽ ചുഴറ്റി എതിരാളികളെ തറപറ്റിച്ചിരുന്നു. ഈ റിക്കാർഡുകളൊക്കെ സ്വന്തം പേരിലുള്ള നിക്കി സ്തോത്രകാഴ്ചപ്പാത്രവും കുലുക്കി മുൻപിൽ നിൽക്കുമ്പോൾ അതിൽ ഒന്നും നിക്ഷേപിക്കാതിരിപ്പാൻ ആർക്കും കഴിയുമായിരുന്നില്ല.

ആവശ്യത്തിനു കിട്ടിക്കഴിഞ്ഞെന്നു ബോധ്യമായപ്പോൾ നിക്കി മറ്റു വോളന്റിയേഴ്സിനും സിഗ്നൽ നല്കി. എല്ലാവരും ഒരു നിരയായി സദസ്സിലൂടെ വന്നു സ്റ്റേജിനു പിന്നിലെ കർട്ടനു പുറകിലേക്കു കടന്നു.

ഞാൻ സ്റ്റേജിൽ പ്രതീക്ഷയോടെ കാത്തുനിൽക്കുകയാണ്.

ഒരു കുലുങ്ങിച്ചിരി ഓഡിറ്റോറിയത്തിൽ അലയടിച്ചു. ഒരു മിനിട്ടു കടന്നുപോയി. കർട്ടനു പിന്നിലേക്ക് സ്തോത്രകാഴ്ചയുമായി പോയവരെ കാണുന്നില്ല. ചിരി ഒതുക്കാൻ പെൺകുട്ടികൾ കൈത്തലം കൊണ്ട് വായ്പൊത്തി. രണ്ടു മിനിട്ടു കടന്നു പോയി. ഇപ്പോഴും അവർ വന്നില്ല.

ഈ പ്രാവശ്യം അടക്കിയ ചിരി പൊട്ടിച്ചിരിയായിമാറി. എന്റെ പ്രചോദനം എല്ലാം നിമിഷനേരംകൊണ്ട് ആവിയായി! കുട്ടികൾ ഓഡിറ്റോറിയത്തിൽ എഴുന്നേറ്റുനിന്ന് പരിഹാസത്തോടെ തറയിൽ ആഞ്ഞുചവിട്ടുവാനും ഓരിയിടുവാനും തുടങ്ങി.

പെട്ടെന്ന് ഓഡിറ്റോറിയം നിശ്ചലനമായി. ഞാൻ തലതിരിച്ചുനോക്കി. നിക്കിയും കൂട്ടരും കർട്ടനു പിന്നിൽനിന്ന് നിറഞ്ഞ സ്തോത്രകാഴ്ചപ്പാത്രങ്ങളുമായി സ്റ്റേജിലേക്ക് എന്റെ നേരേ വരുന്നു! നിക്കി പരിഭ്രാന്തിയോടെ എന്നെ നോക്കി. ഭയപ്പെട്ട നോട്ടം. താൻ എന്താണ് ചെയ്യുന്നതെന്ന് സ്വയം അറിയാൻ വയ്യാത്തവനെപ്പോലെ സ്തോത്രകാഴ്ചപ്പാത്രം എന്റെ നേരേ നീട്ടി.

"ഉപദേശീ ഇതാ തന്റെ പണം." ആ വാക്കുകളിൽ സൗമനസ്യമല്ല.ദേഷ്യവും വൈമനസ്യവും ചവച്ചുതുപ്പിയ വാക്കുകൾ.

"നന്ദി നിക്കി"തികച്ചും സാധാരണ സ്വരത്തിൽ ഞാൻ പറഞ്ഞു. എന്നിട്ട്, എന്റെ ജീവിതത്തിലെ ഏറ്റവും മോശപ്പെട്ട രണ്ടു നിമിഷങ്ങളാണ് കടന്നുപോയതെന്നു ഭാവിക്കാതെ ഞാൻ മെല്ലെ പ്രസംഗപീഠത്തിലേക്ക് നടന്നു.

നിക്കിയുൾപ്പെടെ ആറു കുട്ടികളും തങ്ങളുടെ ഇരിപ്പിടത്തിലേക്ക് മെല്ലെപ്പോയിരിക്കുമ്പോൾ ഓഡിറ്റോറിയം തികഞ്ഞ നിശ്ശബ്ദതയിലായിരുന്നു. ഞാൻ സംസാരിച്ചുതുടങ്ങിയപ്പോൾ എന്റെ ഹൃദയം വലിയ പ്രതീക്ഷയോടെ തുടിക്കുകയായിരുന്നു. എന്നാൽ എന്റെ സന്ദേശത്തോട് കുട്ടികൾ നന്നായി പ്രതികരിക്കുമെന്ന പ്രതീക്ഷ അസ്ഥാനത്തായി. എനിക്കവരുടെ ശ്രദ്ധ പിടിച്ചുപറ്റാൻ കഴിഞ്ഞു. പക്ഷേ അവരുടെ ഹൃദയത്തിന്റെ അടുത്തെങ്ങും എത്താൻ എനിക്കു സാധിച്ചതായിത്തോന്നിയില്ല.

എന്റെ സന്ദേശത്തിന് എന്തായിരുന്നു കുഴപ്പം? എനിക്കു മനസ്സിലായില്ല. ഒരു നല്ല സന്ദേശം തയ്യാറാക്കാൻ എനിക്കു സാദ്ധ്യമായതൊക്കെ ഞാൻ ചെയ്തിരുന്നു. അതു തയ്യാറാക്കുന്നതിനു മണിക്കൂറുകൾ തന്നെ ഞാനെടുത്തു. പിന്നെ അതിന്റെ ഓരോ വരിയിലൂടെയും പ്രാർത്ഥനാപൂർവ്വം കടന്നുപോയി. പ്രസംഗത്തിന്റെ അവതരണത്തെയും അതിന്റെ സ്വാധീനശക്തിയെയും വർദ്ധിപ്പിക്കുമെന്ന പ്രതീക്ഷയോടെ ഞാൻ ഉപവസിക്കുകയും





ചെയ്തിരുന്നു. എന്നാൽ ഞാൻ എഴുന്നേറ്റുനിന്നു സ്റ്റോക്ക്മാർക്കറ്റിന്റെ റിപ്പോർട്ട് വായിക്കുന്നതുപോലെയാണ് തോന്നിയത്. ഞാൻ പറഞ്ഞതൊന്നും ഈ കുഞ്ഞുങ്ങളെ സംബന്ധിച്ച് യാഥാർത്ഥ്യമായിത്തോന്നിയില്ല. അതൊന്നും അവരെ സ്പർശിച്ചില്ല. ഞാനൊരു പതിനഞ്ചു മിനിട്ടു പ്രസംഗിച്ചുകാണും. ആൾക്കൂട്ടത്തിന്റെ അസ്വസ്ഥത വർദ്ധിച്ചുവരുന്നതായി മാത്രമാണ് എനിക്കു തോന്നിയത്. അന്യോന്യം സ്നേഹിക്കണമെന്ന യേശുവിന്റെ വചനം ഉദ്ധരിക്കുന്ന ഭാഗം വരെ ഞാൻ എത്തിയപ്പോൾ പൊടുന്നനെ രണ്ടാംനിരയിൽ ആരോ ചാടിയെണീറ്റു. അവൻ കസേരയിൽ കയറിനിന്ന് ഒച്ചവച്ചു: "നിർത്ത് ഉപദേശീ നിർത്ത്. ഡാഗൂസിനെ സ്നേഹിക്കണമെന്നാ താൻ പറയുന്നത്? അവന്മാരിലൊരുത്തൻ കത്തികൊണ്ടെന്നെ കീറി. ഞാനവനെ സ്നേഹിക്കണമെന്നോ? സ്നേഹിക്കാം ഇരുമ്പുപൈപ്പുകൊണ്ട്."

പൊൽ ബർണർ സംഘത്തിലെ ഒരുവന്റേതായിരുന്നു അടുത്ത ഊഴം. ആ പയ്യൻ ചാടിയെഴുന്നേറ്റു ഷർട്ടു വലിച്ചുതുറന്നു നെഞ്ചുകാട്ടിക്കൊണ്ട് ആക്രോശിച്ചു:"ഉപദേശീ, എനിക്കിവിടെ വെടിയുണ്ട ഏറ്റ ഒരു ദ്വാരം ഉണ്ട്. നിഗ്ഗർ ഗാംഗിലെ ഒരുത്തന്റെ പണി. അവരെയൊക്കെ സ്നേഹിക്കണമെന്നാ താൻ പറയുന്നത്?. നടക്കുന്ന വല്ല കാര്യവും പറ കൂവേ."

ഞാൻ പറഞ്ഞതു നടക്കാത്ത കാര്യമായിത്തന്നെ തോന്നി-പ്രത്യേകിച്ചും വെറുപ്പിന്റെയും പകയുടേയും ആ അന്തരീക്ഷത്തിൽ. മനുഷ്യന് അസാദ്ധ്യമായ കാര്യമായി അതു തോന്നിച്ചു.

ഞാൻ പറഞ്ഞു:"നമ്മുടെ പരിശ്രമം കൊണ്ട് നമുക്ക് നേടാൻ കഴിയുന്ന ഒരു കാര്യമല്ല അത്. ദൈവിക സ്നേഹത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. അവിടുത്തേതു പോലെയുള്ള സ്നേഹം നമുക്കു തരണമേയെന്ന് ദൈവത്തോടു ചോദിക്കുകയാണ് വേണ്ടത്. നമുക്ക് തനിയെ അതു കടഞ്ഞുണ്ടാക്കുവാൻ കഴിയുകയില്ല."

പൊടുന്നനെ വളരെ വ്യക്തതയോടെ ഈ വാക്കുകൾ തന്നെയാണ് എന്റെയും പ്രശ്നത്തിനും പരിഹാരം എന്നു ഞാൻ തിരിച്ചറിഞ്ഞു. ജോജോയിൽ നിന്നു ഞാൻ മനസ്സിലാക്കിയതും ഇതേ പാഠമല്ലേ? നമ്മെയോ മറ്റുള്ളവരെയോ പരിവർത്തനം ചെയ്യുവാനും സൗഖ്യമാക്കുവാനും വിദ്വേഷത്തിനു പകരം സ്നേഹം നിറയ്ക്കുവാനും നമ്മൾ മനുഷ്യർക്ക് വളരെ കുറച്ചേ കഴിയൂ. നാം നമ്മുടെ ഹൃദയങ്ങളും മനസ്സും ദൈവത്തിങ്കലേക്ക് കൊണ്ടുവരണം. പക്ഷേ അതവിടെ വച്ചിട്ട് നാം പോകുകയാണ് വേണ്ടത്.

തെരുവിൽവച്ച് അന്നു ചെയ്തതുപോലെ ഞാൻ പ്രാർത്ഥനയ്ക്കായി തല വണക്കി.

അവിടം മുതലാണ് ഞാൻ മീറ്റിംഗിന്റെ ഗതിയെ തിരിച്ചുവിട്ടത്. ഞാനിങ്ങനെ പ്രാർത്ഥിച്ചു:"ശരി യേശുവേ, ഇതിൽ കൂടുതൽ ഒന്നും എനിക്കു ചെയ്യാനില്ല. ഈ യുവജനങ്ങളെ ഇവിടേക്കു ക്ഷണിച്ചുവരുത്തിയതു ഞാനാണെന്നതു സത്യം. എന്നാൽ ഞാനിതാ ചിത്രത്തിൽ നിന്ന് അപ്രത്യക്ഷനാകാൻ പോകുകയാണ്. പരിശുദ്ധാത്മാവേ, വന്നാലും. ഈ ആൺകുട്ടികളുടെയോ പെൺകുട്ടികളുടേയോ ആരുടെയെങ്കിലും ഹൃദയത്തെ സ്പർശിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവിടുത്തെ സാന്നിദ്ധ്യത്തിലൂടെ അതു ചെയ്താലും. കർത്താവേ, അവിടുത്തെ വഴി നടക്കട്ടെ. നാഥാ, അവിടുത്തെ

വഴി.....”

മൂന്നു മിനിട്ടെന്നു പറയുന്നത് അവിശ്വസനീയമാംവിധം നീണ്ട സമയമാണ്. ഞാൻ സദസ്സിനു മുമ്പിൽ കുനിഞ്ഞ ശിരസ്സോടെ മൂന്നു മിനിട്ടാണ് നിന്നത്. ഞാൻ ഒരു വാക്കും പറഞ്ഞില്ല. ഞാൻ ചലിച്ചതേയില്ല. ഞാൻ നിശ്ശബ്ദമായി കീഴടങ്ങി പ്രാർത്ഥിച്ചു. ആ കുട്ടികളിൽ ചിലർ ചിരിച്ചാൽ ഇനി എന്നെ അതു ബാധിക്കുകയേ ഇല്ല. ഈ വലിയ ഹാൾ ക്രമേണ നിശ്ശബ്ദമായാൽ അതെന്നെ അത്ഭുതപ്പെടുത്തുകയുമില്ല. അങ്ങനെ തന്നെ സംഭവിച്ചു. ആദ്യം മുമ്പിലത്തെ മൂന്നു നിരയിലാണ് സംഭവിച്ചത്. യിസ്രായേലിന്റെ സ്വരം ഞാൻ തിരിച്ചറിഞ്ഞു“ശരി സുഹൃത്തുക്കളേ”

നിശ്ശബ്ദത ക്രമേണ പിന്നിലേക്ക് പടർന്നു തുടർന്നു ബാൽക്കണിയിലേക്കും. മൂന്നു മിനിട്ട് പൂർത്തിയായി. ആ ‘യുദ്ധഭൂമി’ തീർത്തും നിശ്ശബ്ദമായി.

പിന്നെ ഞാൻ കേട്ടത് ആരോ കരയുന്നതാണ്.

ഞാൻ കണ്ണു തുറന്നു. മുമ്പിലത്തെ നിരയിലുള്ള യിസ്രായേൽ തന്റെ പോക്കറ്റിൽ നിന്ന് ഒരു കെർചീഫ് വലിച്ചെടുത്ത് അതിലേക്ക് ശബ്ദത്തോടെ മൂക്കു ചീറ്റി. എന്നിട്ടു കണ്ണു ചിമ്മുന്നു. മൂക്കു തുടയ്ക്കുന്നു.

ഞാൻ പ്രാർത്ഥന തുടർന്നു‘ ‘കർത്താവേ ഈ സംഘത്തെ മുഴുവൻ സ്പർശിച്ചാലും.”

ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ നിക്കി തന്റെ ഹാൻഡ്കെർചീഫ് എടുത്തു. എനിക്കു കണ്ണുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ഞാൻ വീണ്ടും മിഴിച്ചു നോക്കി. അവൻ തന്റെ ചൂരൽവടിമേൽ ചാരിക്കൊണ്ട് ചീറ്റുന്നു. മൂക്കു തുടയ്ക്കുന്നു. കണ്ണിമവെട്ടിക്കുന്നു. കരയുന്നതിനു തന്നോടുതന്നെ ദേഷ്യപ്പെടുകയുമാണവൻ. ആരോ അവന്റെ തോളിൽ കൈവച്ചു. നിക്കി അതു കുടഞ്ഞുകളഞ്ഞു.

സംസാരിക്കാനുള്ള സമയം വന്നുവെന്ന് എനിക്കു മനസ്സിലായി. ശബ്ദമുയർത്തി ഞാൻ പറഞ്ഞു:“ശരി. അവിടുത്തെ സാന്നിദ്ധ്യം നിങ്ങൾ അനുഭവിക്കുകയാണ്. അവിടുന്ന് ഇവിടെയുണ്ട്. ഈ മുറിയിൽ. നിങ്ങൾക്കു വേണ്ടി പ്രത്യേകമായി വന്നിരിക്കുന്നു. നിങ്ങൾ നിങ്ങളുടെ ജീവിതം വ്യത്യാസപ്പെടുത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ ഇപ്പോഴാണ് സമയം. എഴുന്നേറ്റ് മുന്നോട്ടുവരിക.”

യിസ്രായേൽ മടിച്ചുനിന്നില്ല. അവൻ എഴുന്നേറ്റു, തന്റെ സംഘാംഗങ്ങളെ അഭിമുഖീകരിച്ചു:“കുട്ടികളേ, ഞാൻ കഴിഞ്ഞ മൂന്നു വർഷമായി നിങ്ങളുടെ നേതാവായിരുന്നു. മുന്നോട്ടുപോകാൻ ഞാൻ പറഞ്ഞാൽ നിങ്ങൾ മുന്നോട്ടു പോകും. ശരിയല്ലേ?”

“ശരിയാണ്” മൗമൗക്കാർ കൂട്ടമായി പറഞ്ഞു.


“എന്നാൽ ഞാനിപ്പോൾ മുന്നോട്ടു പോകുന്നു. നിങ്ങളും കൂടെ വരും .എണീക്ക്.”

അവർ ഒറ്റമനുഷ്യനെപ്പോലെ ചാടിയെഴുന്നേറ്റു. മുന്നോട്ടു നടന്ന യിസ്രായേലിനെ അവർ പിന്തുടർന്നു. അല്ലാ, അവർ അന്യോന്യം മത്സരിച്ച് ഓടിവരികയായിരുന്നു. ആ കൂട്ടത്തിൽ നിക്കി ഉണ്ടോ എന്നു പ്രത്യേകം നോക്കി. ഉണ്ടായിരുന്നു.

മുന്നോട്ടു വരുവാനുള്ള തിടുക്കം മറ്റുള്ളവരിലേക്ക് പടർന്നുപിടിച്ചു.. ഡ്രസ്സിംഗ്റൂമിന്റെ പുറകിൽ സമർപ്പണപ്രാർത്ഥനയിലേക്ക് അന്വേഷകരെ നയിക്കാൻ തയ്യാറായി കാത്തുനിന്ന സന്നദ്ധപ്രവർത്തകരുടെ അടുത്തേക്ക് മൗമൗവിലെ കുട്ടികൾക്കു പുറമേ മറ്റ് അധോലോകസംഘങ്ങളിലെ മുപ്പതിലേറെ കുട്ടികൾ കൂടെ നടന്നുപോയി.







അന്തം വിട്ടുപോയ സംഘാടകരുടെ കയ്യിൽനിന്ന് സ്തോത്രകാഴ്ചപ്പാത്രങ്ങൾ ഞാൻ വാങ്ങി അധോലോകസംഘങ്ങളായ പുതിയ ആറു വോളന്റിയർമാർക്ക് കൈമാറി.

ഞങ്ങൾ വിസ്മയത്തോടും ആഹ്ലാദത്തോടും കൂടെ അതു കണ്ടുനിന്നു. ഞാൻ ഡ്രസ്സിംഗ്റൂമിൽ എവിടെവിടെ സഹായം ആവശ്യമുണ്ടോ അവിടേക്ക് ഓടുവാൻ തുടങ്ങിയപ്പോൾ ഒരു കാര്യം ശ്രദ്ധിച്ചു-പുതുജീവിതത്തിനായി മുന്നോട്ടുവന്നവരിൽ ഭൂരിപക്ഷവും ആൺകുട്ടികൾ ആണ്. പെൺകുട്ടികൾ വന്നവർ വെറും മൂന്നുപേരാണ്. ഞാൻ ഹാളിലൊരു വിസിലടി കേട്ട് തല പുറത്തേക്കിട്ടു നോക്കിയപ്പോൾ വിചിത്രമായ ഒരു കാഴ്ചയാണ് കണ്ടത്-പെൺകുട്ടികളിൽ ഒരാൾ തന്റെ മാർവ്വിടം പ്രദർശിപ്പിച്ചുകൊണ്ടു പറയുന്നു “നിങ്ങൾ അവിടെ പോയാൽ നിങ്ങൾക്കിതൊന്നും കിട്ടുകയില്ല.”

ഞങ്ങൾക്കു തടയാൻ കഴിയുന്നതിനു മുമ്പ് ഹാളിലെ മറ്റു പെൺകുട്ടികളും ഇതേ വായ്ത്താരി മുഴക്കി. ഫലം ചില ആൺകുട്ടികളെയെങ്കിലും ഡ്രസ്സിംഗ്റൂമിൽ സമർപ്പണപ്രാർത്ഥനയ്ക്ക് വരുന്നതിൽനിന്ന് അവർക്കു പിന്തിരിപ്പിക്കുവാൻ കഴിഞ്ഞു. ഇത് ഒരു സമസ്യയായിത്തോന്നി. എനിക്കു തോന്നുന്നത് ഞങ്ങൾ സ്നേഹത്തെക്കുറിച്ചു പറഞ്ഞപ്പോൾ ഈ പെൺകുട്ടികൾ അസൂയാലുക്കളായെന്നാണ്. തങ്ങൾക്ക് കിട്ടിക്കൊണ്ടിരുന്ന സ്നേഹം പങ്കുവയ്ക്കപ്പെട്ടുപോകുമോ എന്ന പേടി ഈ കൊച്ചു പാവം കുഞ്ഞുങ്ങളെ, ആൺകുട്ടികൾ കൈവിട്ടുപോകുന്നതു തടയാൻ തങ്ങൾക്കുള്ളതെല്ലാം പ്രദർശിപ്പിച്ചു പിടിച്ചുനിർത്താൻ പ്രേരിപ്പിച്ചതെന്നു തോന്നുന്നു.

നിക്കിയുടെ മാനസാന്തരം ആയിരുന്നു വിശ്വസിക്കാൻ ഏറ്റവും പ്രയാസം.

മുഖത്തു വിശാലമായ ഒരു ചിരിയുമായി അവൻ അവിടെ നിന്നുകൊണ്ട് തന്റെ തനതായ രീതിയിൽ വിക്കിക്കൊണ്ട് പറയുകയാണ് “ഞാൻ എന്റെ ഹൃദയം ദൈവത്തിനു കൊടുക്കുന്നു ഡേവി.”

എനിക്കവനെ വിശ്വസിക്കാൻ

കഴിഞ്ഞില്ല. ആ മാറ്റം അത്ര വേഗത്തിലായിരുന്നു. തന്റെ ഹൃദയത്തിൽ എന്തോ പുതുതായി സംഭവിച്ചു എന്നു പറയുമ്പോഴും എപ്പോഴുമുള്ള സിഗരറ്റ് അവൻ വലിക്കുകയും വായിൽനിന്നു ചെറിയ വളയങ്ങളായി പുക പുറത്തേക്കു വിടുകയും ചെയ്യുന്നുണ്ട്. അങ്ങനെയെങ്കിൽ നിക്കോട്ടിനോടുള്ള അടിമത്തം,മോഷണം, തലയ്ക്കടിച്ചുള്ള കവർച്ച,, മദ്യപാനം, പ്രകൃതിവിരുദ്ധപ്രവർത്തനങ്ങൾ തുടങ്ങിയവയുടെ കാര്യമോ? നിക്കി എന്റെ ചിന്തകളെ വായിച്ചിട്ടെന്നവണ്ണം, സ്വയം പ്രതിരോധിക്കാൻ അവനറിയാവുന്ന ഏകതന്ത്രമായ ശാപവാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു.

“മുടിഞ്ഞുപോട്ടെ, ഡേവി . ഞാനെന്റെ ഹൃദയം ദൈവത്തിനു കൊടുത്തു.”

“ശരി നിക്കി. സാരമില്ല.” അവന് ആത്മവിശ്വാസം നൽകുന്ന എന്തെങ്കിലും പറയുവാൻ ഞാനാഗ്രഹിച്ചു. അതുകൊണ്ട് നിക്കിയും യിസ്രായേലും എന്റെ കൂടെ വരുവാൻ ഞാൻ പറഞ്ഞു. അവർ വന്നപ്പോൾ മൗമൗക്കാർക്കെല്ലാം ബൈബിളിന്റെ ഓരോ പ്രതി ഞാൻ കൊടുത്തു. ബൈബിളുകൾ രണ്ടുതരം ഉണ്ടായിരുന്നു-പോക്കറ്റ് എഡിഷനും വലിയ സൈസിലുള്ളതും. പക്ഷേ കുട്ടികൾക്കു ചെറിയ ബൈബിൾ വേണ്ടായിരുന്നു.

“ഞങ്ങൾക്ക് വല്യ പുസ്തകങ്ങൾ തന്നെ താ ഡേവി. ഞങ്ങൾ എന്താ പിടിച്ചുകൊണ്ടു നടക്കുന്നതെന്ന് ആളുകൾ കാണട്ടെ.”

വലിയ ബൈബിളുകൾ വാങ്ങി കക്ഷത്തിലിടുക്കി ഭൂരിപക്ഷം പേരും സിഗരറ്റുകൾക്ക് തീ കൊളുത്തിക്കൊണ്ട് യാത്രയായി.

പിറ്റേന്നു രാവിലെ ഒരു ഫോൺ വന്നു. എന്റെ കൊച്ചു മുറിയിലേക്കു തലനീട്ടി മിസ്സിസ് ഓർട്ടിസ് പറഞ്ഞു.‘‘ഡേവി, പോലിസാണ് ലൈനിൽ.”

“പോലിസോ”

എന്റെ ഹൃദയം ഇടിഞ്ഞു. ഫോൺ ഏറ്റുവാങ്ങിയപ്പോൾ കേട്ട വാക്കുകളും ഉത്സാഹജനകമായിരുന്നില്ല. ഫോണിൽ ലഫ്റ്റനന്റ് എന്നോടു ചോദിച്ചത് മൗമൗ സംഘത്തെ അറിയാമോ എന്നാണ്. അറിയാമെന്നു പറഞ്ഞപ്പോൾ ഉടനെ പോലിസ് സ്റ്റേഷനിലേക്ക് ചെല്ലാൻ ആവശ്യപ്പെട്ടു.

എഡ്വേർഡ് സ്ട്രീറ്റ് പോലിസ് സ്റ്റേഷനിൽ എത്തിയപ്പോൾ മൗമൗ സംഘത്തിലെ അര ഡസൻ കുട്ടികൾ അവിടെയുണ്ട്. അവരെ കടന്ന് ധൃതിയിൽ മുന്നോട്ടുചെന്ന് ഡസ്കിൽ എന്നെത്തന്നെ പരിചയപ്പെടുത്തി. തുടർന്നു സംഭവിച്ചതു ഞാൻ ആയുസ്സിൽ മറക്കുകയില്ല.

ഡസ്കിൽ ഇരുന്ന സാർജന്റ് ലഫ്റ്റനന്റിനെ വിളിച്ചു. അദ്ദേഹം തന്റെ മുഴുവൻ പോലിസുകാരെയും വിളിച്ചുകൂട്ടി. എന്നിട്ട് അദ്ദേഹം തന്റെ കരം നീട്ടി:

“റവറന്റ്, ഞാൻ താങ്കൾക്കു കൈതരാൻ ആഗ്രഹിക്കുന്നു.” ഞാൻ അത്ഭുതത്തോടെ ആ കരം ഗ്രഹിച്ചു. അദ്ദേഹത്തെ ആശ്ലേഷിച്ചു.

‘‘നിങ്ങളിതെങ്ങനെ സാധിച്ചു?’’ അദ്ദേഹത്തിന്റെ ചോദ്യം.“ചില മാസങ്ങളായി ഞങ്ങളോട് യുദ്ധം പ്രഖ്യാപിച്ചവരാണ് ഈ കുട്ടികൾ. ഈ വർഷങ്ങളിലൊന്നും അവർ ഞങ്ങൾക്ക് സ്വസ്ഥത തന്നിട്ടില്ല. എന്നിട്ട് ഇന്ന് സംഘാംഗങ്ങളെല്ലാം കൂടി ഇവിടെ വന്നു. അവർ എന്താണ് ആവശ്യപ്പെട്ടതെന്നറിയാമോ?”

അറിയില്ലെന്നു ഞാൻ തലയാട്ടി.

“അവരുടെ ബൈബിളിൽ ഞങ്ങൾ ഓരോരുത്തരും ഒപ്പിട്ടുകൊടുക്കണമെന്നാ അവർ ആവശ്യപ്പെട്ടത്.”





ഞാൻ നിക്കിയെയും യിസ്രായേലിനെയും അവരുടെ ഒപ്പമുള്ള കുട്ടികളെയും നോക്കി. അവർ എന്നെ നോക്കി ചിരിച്ചു.

“റവറന്റ് എപ്പോൾ വേണമെങ്കിലും നിങ്ങൾ ഇനി തെരുവുയോഗങ്ങൾ വച്ചോളൂ. ഞങ്ങളെ അറിയിച്ചാൽ മതി. വേണ്ട സഹായം ഞങ്ങൾ ചെയ്തിരിക്കും.”ലഫ്റ്റനന്റ് വാഗ്ദാനം ചെയ്തു.

ഞങ്ങൾ സ്റ്റേഷന്റെ പടിയിറങ്ങി ബ്രൂക്കിലിൻ തെരുവിലേക്ക് കാൽ വച്ചപ്പോഴും ഞാൻ തിരിഞ്ഞുനോക്കി-സാർജന്റ് തന്റെ ഡസ്ക്കിനു പിന്നിലിരുന്ന് അത്ഭുതത്തോടെ തലയാട്ടുന്നു.

തലേ രാത്രി മുഴുവൻ, കുട്ടികൾ തങ്ങളുടെ ബൈബിൾ വായിക്കുകയായിരുന്നുവെന്നാണ് ഞാൻ പിന്നീട് മനസ്സിലാക്കിയത്. പ്രത്യേകിച്ചും പഴയനിയമത്തിലെ കഥകൾ അവരെ വശീകരിച്ചു.

യിസ്രായേൽ ആഹ്ലാദത്തോടെ പറഞ്ഞു:“ഡേവി, ഞാൻ ബൈബിളിലുണ്ട്. നോക്ക് ഇവിടെ എന്റെ പേര് എല്ലായിടത്തും കാണാം.”

അന്നു രാത്രി ജെന്നിനെ ആശുപത്രിയിലേക്കു വിളിച്ചപ്പോൾ എനിക്കു മീറ്റിംഗിനെക്കുറിച്ചല്ലാതെ മറ്റൊന്നും പറയാനില്ലായിരുന്നു. ‘‘ഇന്നലെ രാത്രിയിലെ മീറ്റിംഗ് എല്ലാ കേടും തീർത്തു” ഞാൻ പറഞ്ഞു. ”പൊന്നേ നീ കൂടെ ഉണ്ടായിരുന്നെങ്കിൽ....”

“ ഞാനും ഇവിടെ മറ്റൊരു രീതിയിൽ തിരക്കിലായിപ്പോയി, ഡേവ്. അതിനെക്കുറിച്ച് മറ്റെപ്പോഴെങ്കിലും പറയാം-നിങ്ങൾ ആകാശത്തുനിന്നു ഭൂമിയിൽ വന്നിട്ട്. ഓകെ.”ജെന്നിന്റെ മറുപടി. (തുടരും)

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the titleTHE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]

# Just a minute



**I can do all things through Christ, because He gives me strength. Phil.4:13**

**-Pheba Cleetus**

# കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ!

ജോൺ വെസ്ലിയുടെ വലിയൊരു യോഗം ആ സ്ഥലത്ത് നടക്കുകയാണ്. വെസ്ലിയെ കേൾക്കാൻ ധാരാളം പേർ തടിച്ചുകൂടിയിട്ടുണ്ട്. അതിമനോഹരമായ ഗാനങ്ങൾ ആണ് യോഗസ്ഥലത്ത് മുഴങ്ങുന്നത്.

സ്ഥലവാസിയായ ഒരു സത്രം ഉടമയ്ക്ക് സംഗീതം വലിയ ഇഷ്ടമാണ്. എന്നാൽ സുവിശേഷപ്രസംഗം ഒട്ടും ഇഷ്ടമല്ല. അതു കേൾക്കാൻ അയാൾക്ക് ഒരു താത്പര്യവുമില്ല. അയാൾ സംഗീതം കേൾക്കാൻ വേണ്ടിമാത്രം ആ യോഗത്തിനു വന്നു. പാട്ടുകൾ അയാൾ ആസ്വദിക്കും. എന്നാൽ വെസ്ലിപ്രസംഗിക്കുമ്പോൾ അയാൾ വിരലുകൾകൊണ്ട് സൂത്രത്തിൽ തന്റെ ചെവി അടച്ചുപിടിക്കും. ഈ മട്ടിലാണ് അയാൾ യോഗസ്ഥലത്ത് ഇരുന്നത്.

പാട്ടു കഴിഞ്ഞ് വെസ്ലി പ്രസംഗിക്കുവാൻ തുടങ്ങി. ഒരക്ഷരം കേൾക്കരുതെന്ന വാശിയോടെ അയാൾ ചെവി അടച്ചുപിടിച്ചു. പൊടുന്നനെ ഒരു ഈച്ച അയാളുടെ മൂക്കിന്റെ തുമ്പിൽ വന്നിരുന്നു. കണ്ണുരുട്ടിയിട്ടും തല ആട്ടിയിട്ടും ഒന്നും അതു പോകുന്നില്ല. അസ്വസ്ഥനായ അയാൾ ഒരു നിമിഷം കൈകൾ സ്വതന്ത്രമാക്കി ഈച്ചയെ ആട്ടിയോടിച്ചു. വീണ്ടും കൈകൾ കൊണ്ട് ചെവി അടച്ചുപിടിച്ച് സ്ഥലം വിട്ടു. പക്ഷേ ആ ഒരു നിമിഷം കൊണ്ട് അയാളുടെ കർണ്ണപുടത്തിൽ വെസ്ലിയുടെ ഒരു വാചകം വന്നു പതിച്ചിരുന്നു. അതിതാണ്:'കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.'

ആ വചനം അയാളുടെ ഹൃദയത്തിൽ ക്രിയ ചെയ്യാൻ തുടങ്ങി. തനിക്കു ചെവിയുണ്ടല്ലോ. 'ചെവിയുള്ളവൻ കേൾക്കട്ടെ' എന്ന ആ ആഹ്വാനം തന്നോടുള്ള സന്ദേശമായി അയാൾക്കുതോന്നി. അന്നുരാത്രി അയാൾക്ക് ഉറക്കം വന്നില്ല.

പിറ്റേന്നും അയാൾ യോഗസ്ഥലത്തെത്തി. പക്ഷേ ഇന്നയാൾ ചെവി അടച്ചുവച്ചില്ല. എല്ലാം ശ്രദ്ധയോടെ കേട്ടു. ഒടുവിൽ യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ച് അയാൾ കൃതാർത്ഥനായി.

'ആകയാൽ നിങ്ങൾ എങ്ങനെ കേൾക്കുന്നുവെന്ന് സൂക്ഷിച്ചു കൊൾവിൻ'(ലൂക്കോസ്.8:18).

# ദൈവസ്വരം കേൾക്കുന്നതെങ്ങനെ?

പേജ് 12ൽ നിന്നു തുടർച്ച

ന്നതിന് നമുക്കൊരു വിലങ്ങുതടി ആകേണ്ടതില്ല. മനുഷ്യനെ സംബന്ധിക്കുന്ന കാര്യങ്ങളിലെല്ലാം തെറ്റുപറ്റാൻ ഒരു സാധ്യതയുണ്ട്.'തെറ്റുപറ്റുന്നതിനുള്ള സാധ്യതതന്നെ ഒഴിവാക്കണമെന്നു ശഠിച്ചാൽ ജീവിതം തന്നെ ഉപേക്ഷിക്കേണ്ടിവരും' എന്നൊരു പ്രസംഗകൻ പറഞ്ഞത് ഇത്തരുണത്തിൽ സ്മർത്തവ്യമാണ്. തെറ്റുപറ്റാനുള്ള സാധ്യതകൾക്കു മുമ്പിൽതന്നെ, ഇടയശ്രേഷ്ഠനോടുള്ള അടുപ്പംകൊണ്ട് അവിടുത്തെ സ്വരം മറ്റെല്ലാറ്റിൽനിന്നും വേറിട്ട് കേൾക്കാൻ കഴിയും. അതേക്കുറിച്ച് സങ്കൽപിക്കുന്നതുതന്നെ അത്ഭുതകരം; അനുഭവിക്കുന്നതാകട്ടെ അത്യത്ഭുതകരം.

പ്രാർത്ഥനാസമയത്ത് ദൈവസ്വരത്തിനു കാതോർക്കുന്നതിനെ നിങ്ങൾ ഇതുവരെ അവഗണിച്ചിട്ടുണ്ടെങ്കിൽ അതു പരിഹരിക്കാൻ ഇനി ശ്രമിക്കുക. എഴുതപ്പെട്ട വചനത്തിൽനിന്ന് കേൾക്കുക. ഇടയശ്രേഷ്ഠൻ നേരിട്ട് ഹൃദയത്തിൽ സംസാരിക്കുന്നതിനും കാതു ചായിക്കുക. എന്നാൽ മുന്നറിയിപ്പുകളെ അവഗണിക്കരുത്.

(സമാഹൃതം)





## The Wonders of the Human Body-VII

*"I will praise you, for I am fearfully and wonderfully made. Marvelous are your works. And that my soul knows very well"* (Psalms. 139:14)

Even scientist who are not christians stand in awe of the human brain, though frequently they stubbornly refuse to acknoledge it's Designer. It is so complex that no computer will ever be able to match it.

### THE BRAIN-

Edmont Bolles called it "the most complicated structure in the known universe"

Dr.Michael Denton in *Evolution: A theory in crisis*,concludes that "it would take an eternity" for engineers to assemble an object even remotely resembling the human brain, using the most sophisticated engineering techniques.

Oxford Professor Roger Penrose, evolutionalist and author of the 1989 book, *The Emperor's New Mind*,cautions against stating that the human brain is just a complex computer or that a computer will ever be able to think(i.e., artificial intelligence): "The very fact that mind leads us to truths that are not computable convinces me that a computer can never duplicate the mind."

The brain's sophistication has also prompted prolific science writer(and evolutionist)Issac Asimov to acknoledge that "in Man is a three pound brain which, as far as we know, is the most complex and orderly arrangement of matter in the universe."

### മരുഭൂമിയിലെ മരുപ്പച്ച




അല്ലയോ, ദാഹിക്കുന്ന ഏവരും ദ്രവ്യമില്ലാത്തവരുമായുള്ളവരേ വെള്ളത്തിനു വരുവിൻ; വന്നു വാങ്ങി തിന്നുവിൻ; നിങ്ങൾ വന്നു ദ്രവ്യവും വിലയും കൂടാതെ വീഞ്ഞും പാലും വാങ്ങിക്കൊൾവിൻ.(യെശയ്യാവ്.55:1)

**JEEVA MOZHIKAL** RNI/KERBIL/-2003/21404
**July 2009** www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# വഴിതെറ്റി ശരിയായ വഴിയിൽ

കനത്ത മൂടൽമഞ്ഞുള്ള ഒരു രാത്രി.1772ൽ ലണ്ടനിലാണ് സംഭവം. ഒരാൾ തന്റെ വീട്ടിൽ നിന്നു പുറത്തിറങ്ങി ഒരു കുതിരവണ്ടിക്കായി കാത്തുനിന്നു.

പൊടുന്നനെ ഒരു വാടക കുതിരവണ്ടി വന്നു. അയാൾ അതിൽ കയറിയിരുന്ന് തെംസ് നദീതീരത്തേക്ക് വണ്ടി വിടുവാൻ ആവശ്യപ്പെട്ടു. ജീവിത നൈരാശ്യം മൂലം ആ രാത്രി തെംസ്നദിയിൽ ചാടി ആത്മഹത്യ ചെയ്യാനായിരുന്നു അയാളുടെ പുറപ്പാട്.

കുതിരവണ്ടിക്കാരൻ യാത്രികന്റെ നിർദ്ദേശം അനുസരിച്ച് തെംസ്നദി ലക്ഷ്യമാക്കി ശ്രദ്ധാപൂർവ്വം വണ്ടിയോടിച്ചു. പക്ഷേ കനത്ത മൂടൽമഞ്ഞു മൂലം പതിനഞ്ച് മിനിറ്റുകൊണ്ട് എത്തേണ്ട സ്ഥലത്ത് ഒന്നര മണിക്കൂറായിട്ടും ചെന്നുചേരാൻ കഴിയുന്നില്ല. വണ്ടിക്കാരനും യാത്രക്കാരനും പരസ്പരം കാണാൻപോലും കഴിയാത്തത്ര കട്ടപിടിച്ച മൂടൽമഞ്ഞ്. ഒടുവിൽ ഒന്നര മണിക്കൂർ കഴിഞ്ഞപ്പോൾ വണ്ടിക്കാരൻ എവിടെയോ നിർത്തി, യാത്രക്കാരനെ ഇറക്കിവിട്ട് കൂലി വാങ്ങി തടിതപ്പി. യാത്രികൻ കനത്ത ഇരുളിൽ, മൂടൽമഞ്ഞിൽ, ഏതോ വഴിയിൽ എന്തു ചെയ്യണമെന്നറിയാതെ നിന്നുപോയി. അവിടെ നിന്നിട്ട് കാര്യമില്ലല്ലോ എന്നോർത്ത് അയാൾ തുടർന്ന് തപ്പിത്തടഞ്ഞു മുന്നോട്ടു നീങ്ങി. പൊടുന്നനെ അയാളുടെ കൈ പരിചിതമായ എന്തിലോ സ്പർശിച്ചു. സ്വന്തവീടിനു മുമ്പിലെ ഗേറ്റിൽ സ്ഥാപിച്ചിരുന്ന കുതിരയുടെ പ്രതിമയിലാണ് താൻ തൊട്ടതെന്ന് അയാൾ ഞെട്ടലോടെ മനസ്സിലാക്കി. ആത്മഹത്യ ചെയ്യാൻ പുറപ്പെട്ട തന്നെ ദൈവം അസാധാരണമായ വിധത്തിൽ ഒന്നര മണിക്കൂറിനു ശേഷം വീണ്ടും സ്വന്ത വീട്ടുമുറ്റത്ത് എത്തിച്ചിരിക്കുന്നു! അയാൾ അമ്പരന്നു പോയി!

നേരെ വീട്ടിലേക്ക് കയറി മുട്ടുകുത്തി അയാൾ ദൈവത്തോടു തന്റെ അവിവേകത്തിനു ക്ഷമ യാചിച്ചു. തന്റെ ഹൃദയത്തെ അയാൾ യേശുവിനു മുമ്പിൽ സമർപ്പിച്ചു.നൈരാശ്യത്തിന്റെ ഇരുൾ മാറിപ്പോയി. സ്വർഗ്ഗീയസന്തോഷം ആ ഹൃദയത്തിൽ കുടിപാർക്കാൻ ആരംഭിച്ചു. പിന്നീട് മനോഹരമായ കവിതകൾ രചിച്ച അനുഗൃഹീതകവി വില്യം കൂപ്പറായിരുന്നു ആ മനുഷ്യൻ!

വില്യം കൂപ്പറിന്റെ ഒരു കവിതയിലെ ചില വരികൾ ഇങ്ങനെ:

God moves in mysterious way
His wonders to perform
He plants His footsteps in the sea
And rides up on the storm

(ദൈവം നിഗൂഢമായ രീതിയിൽ നീങ്ങുന്നു
അത്ഭുതങ്ങളെ പ്രവർത്തിക്കുന്നു
അവിടുന്ന് സമുദ്രത്തിന്മേൽ കാലടി വയ്ക്കുന്നു
കൊടുങ്കാറ്റുകളെ വാഹനമാക്കുന്നു.)

അനുഭവത്തിന്റെ ചൂടും ചൂരുമുള്ള ഈ വരികൾ എത്രയോ ശരിയാണ്! ദൈവത്തിന്റെ വഴി തികവുള്ളത്(സങ്കീ.18:30).

Printed, Published and owned by T. IPe. Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam, Tel: 2569847. Editor-Geoji. T. Samuel.